ശ്രീ

പുത്രകാമീയം.

സംസ്കൃതത്തിൽ മൂലവും മലയാളത്തിൽ
വ്യാഖ്യാനവുമടങ്ങിയതു്.

വ്യാഖ്യാതാവ്:

പണ്ഡിതർ കെ. വാസുദേവൻമൂസ്സതു്.

1929

RAMAKRISHNA PRINTING WORKS;
CALICUT.

*Printed by K. Ramakrishna Menon and Published by
K. Vasudevan Moosed.*

വില 10 ണ. 10 Annas.

ശ്രീ

പുത്രകാമീയം.

സംസ്കൃതത്തിൽ മൂലവും മലയാളത്തിൽ
വ്യാഖ്യാനവുമടങ്ങിയതു്.

വ്യാഖ്യാതാവ്:

പണ്ഡിതർ കെ. വാസുദേവൻമൂസ്സതു്.

1929

RAMAKRISHNA PRINTING WORKS;
CALICUT.

Printed by K. Ramakrishna Menon and Published by
K. Vasudevan Moosed.

വില 10 ണ. 10 Annas.

മുഖവുര.

—:0:—

'പുത്രകാമീയം' എന്നു പേരായ ഈ പുസ്തകം പുത്രോൽപാദനവിഷയത്തിൽ സാരമായ പല അറിവുകളെ പ്രദാനം ചെയ്യുന്ന ഒരു പ്രസിദ്ധീകരണമാകുന്നു.

ഇതിൽ രത്യാധികാരം, ബീജാധികാരം, ഗർഭാധികാരം, പ്രസവാധികാരം, ബാലരോഗാധികാരം, ബാലഗ്രഹാധികാരം എന്നിങ്ങിനെ ആറു ഖണ്ഡങ്ങൾ അടങ്ങിയിട്ടുണ്ടു. രത്യാധികാരത്തിൽ സ്ത്രീപുരുഷന്മാരുടെ ജാതികൾ, സംയോഗക്രമം മുതലായവയും ബീജാധികാരത്തിൽ ശുക്ലാർത്തവദോഷങ്ങൾ, അവക്കുള്ള ചികിത്സകൾ മുതലായവയും ഗർഭാധികാരത്തിൽ ഗർഭലക്ഷണങ്ങൾ, ഗർഭചികിത്സകൾ മുതലായവയും പ്രസവാധികാരത്തിൽ പ്രസവത്തിന്നുള്ള തകരാറുകൾ, അതിന്നുള്ള ചികിത്സകൾ മുതലായവയും ബാലരോഗാധികാരത്തിൽ ബാലരോഗങ്ങളും അവയുടെ ചികിത്സകളും ബാലഗ്രഹാധികാരത്തിൽ കുട്ടികൾക്കുണ്ടാകുന്ന ചില ദേവതോപദ്രവങ്ങൾ, അവക്കുള്ള ബലികർമ്മങ്ങൾ മുതലായവയും ആണ് പ്രതിപാദ്യവിഷയം.

പുത്രോൽപാദനത്തിന്നുള്ള മൂലകാരണം അനുരൂപദമ്പതിമാരുടെ രതിയാകയാൽ അതുതന്നെ ആദ്യമായി ഇതിൽ പ്രതിപാദിച്ചിരിക്കുന്നു. രതി വിധിപ്രകാരമായാലും ബീജത്തിന്നു ദോഷമുണ്ടെങ്കിൽ പുത്രോൽപത്തി ഉണ്ടാകുന്നതല്ല. അതുകൊണ്ടു അടുത്തതായി ബീജദോഷപ്രതിവിധികൾ പറയപ്പെട്ടിരിക്കുന്നു. ബീജദോഷം തീൎന്നു വിധിവിഹിതമായി ചെയ്യപ്പെടുന്ന രതിയുടെ 'ഫലമാണ് ഗർഭം. അതുകൊണ്ട് അടുത്ത വിഷയം ഗർഭാധികാരമാകുന്നു. ഗർഭാനന്തരം പ്രസവാധികാരവും, തദനന്തരം ബാലന്മാൎക്കുണ്ടാകുന്ന രോഗങ്ങളുടെ

ചികിത്സയും, ഒടുവിൽ ബാലഗ്രഹശാന്തിയും പ്രതിപാദിക്കപ്പെട്ടിരിക്കുന്നു. ഇങ്ങിനെ പുത്രകാമന്മാൎക്കു ഹിതമായിട്ടുള്ള സകല സംഗതികളും യഥാക്രമം വിവരിക്കുന്ന ഈ ഗ്രന്ഥത്തിന്നു 'പുത്രകാമീയം' എന്നപേർ ഏററവും അന്വൎത്ഥമാകുന്നു.

സംസ്കൃതഭാഷയിൽ മൂലമായിട്ടുള്ള പ്രസ്തുതപുസ്തകത്തിൽ രതിശാസ്ത്രം, വൈദ്യശാസ്ത്രം മുതലായവയിലെ ശ്ലോകങ്ങളാണടങ്ങിയിട്ടുള്ളതു. വൈദ്യശാസ്ത്രവിഷയങ്ങൾ അധികവും അഷ്ടാംഗഹൃദയത്തിലും ഭൈഷജ്യരത്നാവലിയിലും ഉള്ളവയാണ്. മൂലാൎത്ഥത്തെ ചുരുക്കത്തിൽ വിവരിച്ചുകൊണ്ടുള്ള ഒരു ഭാഷാവ്യാഖ്യാനം എഴുതിച്ചേൎത്തിട്ടുള്ളതു ഞാനാണ്. ഈ വ്യാഖ്യാനം കേരളീയരായ വായനക്കാൎക്കു ഉപയോഗപ്രദമായിരിക്കുമെന്നാണ് എന്റെ വിശ്വാസം.

വൈദ്യശാസ്ത്രഗ്രന്ഥങ്ങളുടെ കൂട്ടത്തിൽ ഒരുന്നതസ്ഥാനത്തിന്നവകാശമുള്ള ഈ പുസ്തകം ഇങ്ങിനെ പുറത്തിറക്കുന്നതിൽ അച്ചടിസംബന്ധമായ എല്ലാ സഹായങ്ങളും ചെയ്തുതന്ന രാമകൃഷ്ണ മുദ്രാലയം ഉടമസ്ഥനോടുള്ള കൃതജ്ഞതയെ ഇതിനാൽ പ്രകാശിപ്പിച്ചുകൊള്ളുന്നു.

ഈ പുസ്തകം ഇപ്പോൾ കേവലം ശൈശവാവസ്ഥയിലിരിക്കുന്ന 'ശാരദാമണി' പുസ്തകശാലയുടെ അഭിവൃദ്ധിക്കു കാരണമായിവരട്ടെ എന്ന പ്രാൎത്ഥനയോടുകൂടി ഈ ചെറുപുസ്തകം കേരളീയമഹാജനങ്ങളുടെ മുമ്പിൽ സവിനയം സമൎപ്പിച്ചുകൊള്ളുന്നു.

കോഴിക്കോട്, 19—3—29

എന്നു സഹൃദയവിധേയൻ
കെ. വാസുദേവൻ മൂസ്സത്.

ശ്രീഃ

പുത്രകാമീയം.

പ്രഥമഖണ്ഡഃ.

(രത്യാധികാരഃ)

രതിൎയ്യാ സൎവ്വഭൂതാനാം യദ്ഗൎഭേ സംസ്ഥിതാഃ പ്രജാഃ ।
യത ഏതാഃ പ്രജായന്തെ താം നമാമി മഹേശ്വരീം ॥൧॥

വ്യാഖ്യാനപ്രാരംഭഃ.

യാതൊരു ദേവി സൎവ്വഭൂതങ്ങൾക്കും രതിയായിട്ടുള്ളവളാകുന്നു, യാതൊരു ദേവിയുടെ ഗൎഭത്തിൽ പ്രജകളെല്ലാം സ്ഥിതിചെയ്യുന്നു, യാതൊരു ദേവിയിൽനിന്നു സൎവ്വപ്രജകളും ജനിക്കുന്നു, ആ സൎവ്വലോകേശ്വരിയെ ഞാൻ നമസ്കരിക്കുന്നു. രതി, ഗൎഭം, ഉൽപത്തി എന്നിവ സൎവ്വപ്രപഞ്ചങ്ങളുടെയും ധൎമ്മമാണ്. അവയെയാണ് ഈ പുസ്തകത്തിൽ പ്രതിപാദിക്കുന്നതും. അതിനാൽ താദൃശധൎമ്മസ്വരൂപിണിയായ ലോകമാതാവിനെ ഗ്രന്ഥകാരൻ ഇഷ്ടദേവതയായി നമസ്കരിച്ചിരിക്കുന്നു എന്നു ധരിക്കേണ്ടതാണ്.

ധൎമ്മാൎത്ഥകാമമോക്ഷാണാം ശരീരം ഹേതുരുച്യതേ ।
യത്സത്വേ ഖലു യത്സത്വം യദഭാവേ വിപൎയ്യയഃ ॥൨॥

വ്യാ—ധൎമ്മം, അൎത്ഥം, കാമം, മോക്ഷം എന്ന ചതുൎവ്വിധപുരുഷാൎത്ഥങ്ങൾക്കു ശരീരമാണു കാരണമെന്നു പറയപ്പെടുന്നു. അതു (ശരീരം) ഉണ്ടെങ്കിലേ അവ (ധൎമ്മാൎത്ഥാദികൾ) ഉള്ളൂ; ശരീരമില്ലെങ്കിൽ അവയും ഇല്ല. ഇതിൽ ധൎമ്മാൎത്ഥാദികളായ പുരുഷാൎത്ഥങ്ങൾ അന്വയംകൊണ്ടും വ്യതിരേകംകൊണ്ടും ശരീരത്തെ ആശ്രയിച്ചിരിക്കുന്നവയാണെന്നു കാണിച്ചിരിക്കുന്നു.

സുക്ഷേത്രേ സ്വാഹിതം ബീജം ഫലായ ഖലു കല്പതേ ।
അതഃ ക്ഷേത്രാദിസംശുദ്ധൌ വിധേയഃ പരമാദരഃ ॥൩॥

വ്യാ—ശോഭനമായ ക്ഷേത്രത്തിൽ ശോഭനമാകുംവണ്ണം വിതയ്ക്കപ്പെട്ട ബീജം മാത്രമേ ഫലോൽപത്തിക്കു ശക്തമാകയുള്ളൂ. അതിനാൽ ക്ഷേത്രം മുതലായവയുടെ ശുദ്ധിയിൽ ഏററവും ആദരത്തെ ചെയ്യേണ്ടതാണ്. ഇതിൽ ക്ഷേത്രത്തിന്നു പത്നി എന്നും, ബീജത്തിന്നു ശുക്ലം എന്നും അർത്ഥമെടുക്കണം. അനുരൂപയായപത്നിയിൽ ശുദ്ധമായ ശുക്ലം നിഷിക്തമായാൽ മാത്രമേ ശോഭനമായ സന്താനം ഉണ്ടാകയുള്ളൂ എന്നും, അതുകൊണ്ട് പത്നി മുതലായവരുടെ ശുദ്ധിയിൽ മനസ്സിരുത്തണമെന്നും സാരം.

അനുരൂപാഹി പൂജ്യന്തേ യൂനോർജ്ജാതിക്രിയാഗുണാഃ ।
പൂജ്യജാതിക്രിയായോഗേ പ്രയോഗഃ ഫലസാധകഃ ॥൪॥

വ്യാ—യുവതീയുവാക്കന്മാരുടെ ജാതി, ക്രിയ, ഗുണം എന്നിവ പരസ്പരം യോജിച്ചിരുന്നാലേ അവയ്ക്കു പൂജ്യത വരികയുള്ളൂ. പൂജ്യങ്ങളായ ജാതിക്രിയകൾ ചേർന്നിരുന്നാൽ മാത്രമേ അവർ തമ്മിലുള്ള സംയോഗം ഫലപ്രദമാകയുള്ളൂ. ജാതി= സ്ത്രീപുരുഷന്മാരുടെ ശാസ്ത്രവിഹിതമായ വർഗ്ഗം. ക്രിയ= ശാസ്ത്രോക്തമായ വിധിനിഷേധങ്ങളറിഞ്ഞുള്ള പ്രവൃത്തി. ഗുണം= സൌന്ദര്യസൌശീല്യാദി. 'യൂനോഃ' എന്നു പറഞ്ഞതുകൊണ്ട് ജാതിഗുണാദ്യാനുരൂപ്യമുണ്ടായാലും പോരാ, ദമ്പതിമാർ യൌവനദശയിലിരിക്കുകയും വേണമെന്നു സിദ്ധിയ്ക്കുന്നു.

ശശോവൃഷോശ്വ ഇത്യേവം പുംസാംജാതിസ്ത്രിധാമതാ ।
മൃഗീച ബഡവാചൈവ ഹസ്തിനീ ചേതി യോഷിതഃ ॥൫॥

വ്യാ—ശശം (മുയൽ), വൃഷം (കാള), അശ്വം (കുതിര) ഇങ്ങിനെ പുരുഷന്മാർക്കു മൂന്നു ജാതികളുണ്ട്. മൃഗി (മാൻ), ബഡവാ (പെൺകുതിര), ഹസ്തിനി (പിടിയാന) എന്നിങ്ങിനെ സ്ത്രീകളും മൂന്നു ജാതിയാകുന്നു. ശശാദിയായും മൃഗ്യാദിയാ

യുമുള്ള ഈ ജാതിവിഭാഗം പുരുഷലിംഗത്തിൻെറ നീളവും സ്ത്രീയോനിയുടെ ആഴവും ആസ്പദമാക്കിയുള്ളതത്രേ.

ഷണ്ണവ ദ്വാദശേശത്ര്യവമായാമേന യഥാക്രമം ।
ശശാദിഭേദേിന്നാനാം ത്രിധാ സാധനസംസ്ഥിതിഃ ॥൩॥

വ്യാ—ശശാദി ജാതിക്കാരായ പുരുഷന്മാൎക്ക ക്രമത്തിൽ ആറംഗുലം, ഒമ്പതംഗുലം, പന്ത്രണ്ടംഗുലം എന്നിങ്ങിനെ ലിംഗത്തിന്നു വലുപ്പമുണ്ടായിരിക്കും. ശശജാതിക്കാരന്നു ആറംഗുലവും, വൃഷജാതിക്കാരന്നു ഒമ്പതംഗുലലും, അശ്വജാതിക്കാരന്നു പന്ത്രണ്ടംഗുലവും ലിംഗദൈൎഘ്യമുണ്ടാകുമെന്നു സാരം.

സ്ത്രീണാം സംസാരമാൎഗ്ഗോപി തഥൈവ പ്രഭിദ്യതേ ।
ആയാമപരിണാഹാഭ്യാം മൃഗ്യാദീനാം ശശാദിവൽ ॥൪॥

വ്യാ—സ്ത്രീകളുടെ സംസാരമാൎഗ്ഗവും (യോനിയും) അപ്രകാരംതന്നെ ഭേദിച്ചിരിക്കുന്നു. മൃഗ്യാദി ജാതി സ്ത്രീകളുടെ യോനി ശശാദി ജാതി പുരുഷന്മാരുടെ ലിംഗപ്രമാണംപോലെയാകുന്നു. മൃഗിയുടെ യോനി ആറംഗുലവും, ബഡവയുടേതു ഒമ്പതംഗുലവും, ഹസ്തിനിയുടേതു പന്ത്രണ്ടംഗുലവും വലുപ്പമുണ്ടായിരിക്കുമെന്നു സാരം.

സമാന ഏഷാം സംയോഗസ്ത്രിധാ ഹി പരികീൎത്തിതഃ ।
മൃഗ്യാ ശശോ ബഡവയാ വൃഷശ്ച വശയാ ഹയഃ ॥൫॥

വ്യാ—മേൽപറഞ്ഞ സ്ത്രീപുരുഷന്മാർ തമ്മിലുള്ള സമാന (സദൃശ) സംയോഗം മൂന്നുവിധമാകുന്നു എന്നു പറയപ്പെടുന്നു. എങ്ങിനെയെന്നാൽ— ശശം മൃഗിയോടും, വൃഷം ബഡവയോടും, അശ്വം വശ (ഹസ്തിനിയോടും ചേരുന്നതാണു സമാനസംയോഗം. ലിംഗയോനികളുടെ വലുപ്പം സമമായിട്ടുള്ള സ്ത്രീപുരുഷ ജാതികൾ തമ്മിൽ ചെയ്യുന്ന സംയോഗമാണു സമാന സംയോഗം. സമാനസംയോഗത്തിൽ ഇരുജാതികളുടെയും യന്ത്രങ്ങൾക്കു യോജിപ്പുണ്ടാകും.

വിഷമഃ ഖലു സംയോഗഃ ഷഡ്വിധഃ പ്രോച്യതേ ബുധൈഃ ।
തത്രോച്ചം പുരുഷാധിക്യാന്നീചം സ്ത്ര്യാധിക്യതോ രതം ॥൧൯॥

വ്യാ—മേൽ ചൊന്നതിൽനിന്നു വിപരീതമായിട്ടുള്ള സംയോഗത്തെ വിഷമസംയോഗമെന്നു വിദ്വാന്മാർ പറയുന്നു. അങ്ങിനെയുള്ള വിഷമ സംയോഗം ആറു വിധമത്രേ. ശശം ബഡവയോടും ഹസ്തിനിയോടും ചേരുന്നതു രണ്ടും, വൃഷം മൃഗിയോടും ഹസ്തിനിയോടും ചേരുന്നതു രണ്ടും, അശ്വം മൃഗിയോടും ബഡവയോടും ചേരുന്നതു രണ്ടും എന്നിങ്ങിനെയാണു ആറുവിധം വിഷമസംയോഗങ്ങൾ. ഇവയിൽ ലിംഗയോനികളുടെ വലുപ്പം സമമല്ലാത്തതുകൊണ്ടു യോജിപ്പില്ലാത്തതിനാലാണ് ഇവയെ വിഷമസംയോഗമെന്നു പറയുന്നത്. വിഷമസംയോഗങ്ങളിൽ ഉച്ചം (ഉയൎന്നത്) എന്നും, നീചം (താണതു) എന്നും രണ്ടു വിധം രതമുണ്ടാകും. പുരുഷാധിക്യമുള്ളപ്പോൾ ഉച്ചരതവും, സ്ത്ര്യാധിക്യമുള്ളപ്പോൾ നീചരതവുമാകും. പുരുഷാധിക്യം=പുരുഷലിംഗത്തിന്നു സ്ത്രീയോനിയേക്കാൾ അധികം വലുപ്പം. സ്ത്ര്യാധിക്യം=സ്ത്രീയോനിക്കു പുരുഷലിംഗത്തെക്കാളധികം വലുപ്പം. അശ്വം ബഡവയോടു ചേൎന്നും വൃഷം മൃഗിയോടു ചേൎന്നും ഉള്ള രതം ഉച്ചരതമത്രേ. ഇവയിൽ പുരുഷലിംഗത്തിന്നു ആധിക്യം സ്പഷ്ടം. ഇതുപോലെ തന്നെ ശശം ബഡവയോടുചേൎന്നും വൃഷം ഹസ്തിനിയോടു ചേൎന്നുമുള്ള രതം നീചരതവുമാണ്. ഇവയിൽ യോനിക്കു ലിംഗത്തെക്കാൾ ആധിക്യം സ്പഷ്ടം.

സമാന ജാതിസംയോഗസ്സുഖായ ച ഫലായ ച ।
വിഷമഃ ഖലു ദംപത്യോർദ്ദുഃഖായാഫലായ ച ॥൨൦॥

വ്യാ—മേൽകാണിച്ചതിൽ സമാനജാതികളായ ദമ്പതികളുടെ സംയോഗം സുഖത്തിന്നും ഫലത്തിന്നും കാരണമാകും. ശശം മൃഗിയോടും, വൃഷം ബഡവയോടും, അശ്വം ഹസ്തിനിയോടും ചേരുന്നതായാൽ രതിസുഖവും പുത്രോൽപത്തിരുച

മായ ഫലവും ഭവിക്കുമെന്നു സാരം. വിഷമമായ സംയോഗമാകട്ടേ ദമ്പതികൾക്കു ദുഃഖത്തിന്നു കാരണമാകയും, ഫലം ചെയ്യാതിരിക്കയും ചെയ്യും. ശശം ബഡവയോടും ഹസ്തിനിയോടും, വൃഷം മൃഗിയോടും ഹസ്തിനിയോടും, അശ്വം മൃഗിയോടും ബഡവയോടും ചേരുന്നതായാൽ സുഖവും പ്രജയുമുണ്ടാകയില്ലെന്നു സാരം.

സവർണ്ണാനന്യദത്താ ച പരിണീതാഹി ധർമ്മതഃ ।
ധർമ്മാർത്ഥപുത്രസംബന്ധ പക്ഷവൃദ്ധിരതിപ്രദാ ॥൧൧॥

വ്യാ—ബ്രാഹ്മണാദി വർണ്ണക്കാർക്കു അവരവരുടെ സ്വന്ത ജാതിയിലുള്ളവളും, മനോവാക്കർമ്മങ്ങളാൽ അന്യപുരുഷന്നു ദാനം ചെയ്യപ്പെടാത്തവളും, ധർമ്മാനുസാരേണയുള്ള ക്രിയകൾ ചെയ്തു വിവാഹം കഴിക്കപ്പെട്ടവളുമായ കന്യക ധർമ്മം, അർത്ഥം, പുത്രന്മാർ, സംബന്ധം (യോജിപ്പ്), പക്ഷവൃദ്ധി (വംശവൃദ്ധി), അകൃത്രിമമായ രതി എന്നിവയെ നൽകുന്നതാണ്.

യുക്താ കുലവയോരൂപ വൃത്തബന്ധുധനാദിഭിഃ ।
സുരക്ഷിതാ സുശീലാ ച സൌമംഗല്യാഭിശംസിനീ ॥൧൨॥
പരിശുദ്ധോഭയകുലാ ശുദ്ധാന്തഗുണപാലികാ ।
പരിണീതാ സമാനേന ശ്രേയസേ പരികല്പതേ ॥൧൩॥

വ്യാ—നല്ല കുലം, ശാസ്ത്രോക്തമായ വയസ്സ്, സൌന്ദര്യം, സദാചാരം, ബന്ധുക്കൾ, ധനം ഇത്യാദികളോടു കൂടിയവളും മാതാപിതാക്കന്മാരാൽ വേണ്ടതുപോലെ രക്ഷിക്കപ്പെട്ടുന്നവളും സൌശില്യമുള്ളവളും സൌമംഗല്യം (ദീർഘമംഗല്യം) ഉള്ളവളെന്നു ജാതകച്ചേർച്ചയാൽ സൂചിപ്പിക്കുന്നവളും രണ്ടു കുലങ്ങൾക്കും (അതായതു മാതാവിൻെറയും പിതാവിൻെറയും തറവാടുകൾക്കു) ശുദ്ധിയുള്ളവളും അന്തഃപുരഗുണങ്ങളെ സംരക്ഷിക്കുന്നവളുമായ കന്യക അതുപോലെയുള്ള ഗുണങ്ങളോടു കൂടിയ പുരുഷനാൽ വിവാഹം ചെയ്യപ്പെട്ടാൽ ഇഹപരശ്രേയസ്സിന്നു കാരണമായി ഭവിക്കും.

യയാ കൃതാർത്ഥമാത്മാനം മന്യതേ പുരുഷഃ സ്വയം ।
ഗർഹ്യതേ നച കേനാപി സാനുരൂപാ പ്രകീർത്തിതാ ॥൧

വ്യാ—യാതൊരുവളെ വിവാഹംചെയ്താൽ പുരുഷൻ തനിക്കു കൃതാർത്ഥത വന്നതായി വിചാരിക്കുകയും, ആരാലും നിന്ദിക്കപ്പെടാതിരിക്കുകയും ചെയ്യുന്നുവോ അങ്ങിനെയുള്ള സ്ത്രീ പുരുഷന്നു് അനുരൂപയാകുന്നു.

ഘോനാ വൃഷ്ണ്യഷഭാ രാകാ വിനതാ വികടാ തഥാ ।
വിമുണ്ഡാ ഫലിനീ ചൈവ സാംകരീ ശ്രുചിദൂഷിതാ ॥൧

മിത്രാ വഷ്കരി തദ്വൽ സ്വാനുജാ മിത്രഘാതിനീ ।
ഋക്ഷനാമ്നീ നദീനാമ്നീ വൃക്ഷനാമ്നീച നിന്ദിതാ ॥൧൬॥

വ്യാ—ഘോനാ=കപിലവർണ്ണ. വൃഷ്ണ =വെളുത്ത പുള്ളികളുള്ളവൾ. ഋഷഭാ=പുരുഷച്ഛായയോടുകൂടിയവൾ, രാകാ=ഋതുവായവൾ. വിനതാ=തൂങ്ങിയ ചുമലുകളുള്ളവൾ. വികടാ=യോജിപ്പില്ലാത്ത തുടകളുള്ളവൾ. വിമുണ്ഡാ=നെററി വലുതായവൾ. ഫലിനീ=ഊമ. സാംകരീ=അന്യദൂഷിതയായവൾ. ശ്രുചിദൂഷിത=പിതൃപിണ്ഡം വെച്ചവൾ. മിത്രാ=സ്നേഹിത. വഷ്കരീ=കൈകാലുകൾ വിയർക്കുന്നവൾ. സ്വാനുജാ=വളരെ വയസ്സു കുറഞ്ഞവൾ. മിത്രഘാതിനീ=മിത്രങ്ങളെ ദ്രോഹിക്കുന്നവൾ. ഋക്ഷനാമ്നീ=നക്ഷത്രങ്ങളുടെ പേരായവൾ. നദീനാമ്നീ=നദികളുടെ പേരുള്ളവൾ. വൃക്ഷനാമ്നീ=മരങ്ങളുടെ പേരുള്ളവൾ. ഇങ്ങിനെയിരിക്കുന്ന സ്ത്രീകൾ ഭാൎയ്യയാവാൻ നന്നല്ല.

പൂർണ്ണഷോഡശവർഷാ സ്ത്രീ പൂർണ്ണവിംശേന സംഗതാ ।
ശുദ്ധേ ഗർഭാശയേ മാർഗ്ഗേ രക്തേശുക്ലേനിലേഹൃദി ॥൧
വീൎയ്യവന്തം സുതം സൂതേ തതോൎന്ന്യൂനാബ്ദയോഃ പുനഃ ।
രോഗ്യല്പായുരധന്യോവാ ഗർഭോ ഭവതി നൈവ വാ ॥൧

വ്യാ—പതിനാറു വയസ്സു തികഞ്ഞ സ്ത്രീ ഇരുപതു വയസ്സു തികഞ്ഞ പുരുഷനോടു സംയോഗം ചെയ്കയും, സംയോഗ കാലത്തിങ്കൽ അവളുടെ ഗർഭാശയവും മാർഗ്ഗവും രക്തവും പുരുഷന്റെ ശുക്ലവും ഇരുവരുടേയും വായുവും ഹൃദയവും ശുദ്ധമായി

രിക്കയും ചെയ്താൽ വീൎയ്യമുള്ള പുത്രനെ പ്രസവിക്കും. പുരുഷനും സ്ത്രീയും ഇപ്പറഞ്ഞതിൽ നിന്നു വയസ്സു കുറഞ്ഞവരായിരുന്നാൽ പുത്രൻ രോഗിയായൊ അല്പായുസ്സായൊ അധന്യനായൊ വരും. ഗൎഭംതന്നെ ഉണ്ടായില്ലെന്നും വരാം.

ശുദ്ധശുക്ലാൎത്തവം സ്വസ്ഥം സംരക്തം മിഥുനം മിഥഃ ।
ഋതുകാലേ യഥായോഗം സംയോഗം കൎത്തുമൎഹതി ॥൧൩॥

വ്യാ—ശുക്ലവും ആൎത്തവവും ശുദ്ധമായിരിക്കുന്ന സ്ത്രീപുരുഷന്മാർ സ്ത്രീയുടെ ഋതുകാലത്തിങ്കൽ ചെൎച്ചപോലെ സംയോഗം ചെയ്വാൻ യോഗ്യന്മാരാകുന്നു.

ക്ഷാമപ്രസന്നവദനാം സ്ഫുരച്ഛ്രോണിപയോധരാം ।
സ്രസ്താസ്ഥികുക്ഷിം പുംസ്കാമാം വിദ്യാദൃതുമതീം സ്ത്രിയം ॥൧൪॥

വ്യാ—മുഖം കൃശമായും പ്രസന്നമായുമിരിക്കും. അരക്കെട്ടിലും മുലകളിലും സ്ഫുരണമുണ്ടായിരിക്കും. കണ്ണുകളും വയറും അയഞ്ഞിരിക്കും. പുരുഷനിൽ അഭിലാഷവുമുണ്ടായിരിക്കും. ഈ ലക്ഷണങ്ങളുള്ള സ്ത്രീയെ ഋതുമതിയാണെന്നറിയണം.

പദ്മസ്സംകോചമായാതി ദിനേതീതേ യഥാതഥാ ।
ഋതാവതീതേ യോനിശ്ച ശുക്ലം നാതഃ പ്രതീച്ഛതി ॥൧൫॥

വ്യാ—പകൽ സമയത്തു വിടൎന്നിരിക്കുന്നതായ താമരപ്പൂവ് പകൽ അവസാനിച്ചാൽ കൂമ്പുന്നതുപോലെ ഋതുകാലത്തിൽ വിടൎന്നിരിക്കുന്നതായ യോനി ഋതുകാലം കഴിഞ്ഞാൽ സങ്കുചിതമായിത്തീരുന്നതുകൊണ്ടു അപ്പോൾ അതു (യോനി) ശുക്ലത്തെ ഗ്രഹിക്കുകയില്ല. ആകയാൽ ഋതുകാലത്തിങ്കൽത്തന്നെ സംയോഗം ചെയ്താൽ മാത്രമേ ഗൎഭഗ്രഹണമുണ്ടാകയുള്ളു എന്നു സാരം.

ഋതുസ്തു ദ്വാദശ നിശാഃ പൂൎവ്വാസ്തിസ്രോത്ര നിന്ദിതാഃ ।
ഏകാദശീ ച യുഗ്മാസു സ്യാൽപുത്രോന്യാസു കന്യകാ ॥൧൬॥

വ്യാ—ഋതുകാലമെന്നതു രജോദൎശനം മുതൽ പന്ത്രണ്ടു രാത്രികളാകുന്നു. അവയിൽ ആദ്യത്തെ മൂന്നു രാത്രികൾ സംയോഗത്തിന്നു നിന്ദിതകൾ (നിഷേധിക്കപ്പെട്ടവ) ആകുന്നു. പതിനൊന്നാമത്തെ രാത്രിയും നിഷിദ്ധമാണ്. പതിനൊന്നാം രാത്രിയിൽ ഗൎഭമുണ്ടായാൽ പ്രജ നപുംസകമായി വരുമെന്നു പറയുന്നു. ഇങ്ങിനെ ഒന്നും, രണ്ടും, മൂന്നും, പതിനൊന്നും രാത്രികൾ കഴിച്ചു ശേഷമുള്ള രാത്രികളിൽ യുഗ്മകളായ (ഇരട്ടയായ) രാത്രികളിൽ സംയോഗം ചെയ്താൽ പുത്രനും, അന്യരാത്രികളിൽ അതായതു ഒററയായ രാത്രികളിൽ ആയാൽ കന്യകയുമുണ്ടാകും. നാല്, ആറ്, എട്ട്, പത്ത്, പന്ത്രണ്ട് എന്നീ രാത്രികളിൽ പുരുഷപ്രജയും അഞ്ച്, ഏഴ്, ഒമ്പത് ഈ രാത്രികളിൽ സ്ത്രീപ്രജയുമുണ്ടാകുമെന്നു സാരം.

ചതുൎത്ഥേഹനി തതഃ സ്നാതാ ശുക്ലമാല്യാംബരാ ശുചിഃ ।
ഇച്ഛന്തീ ഭൎത്തൃസദൃശം പുത്രം പശ്യേൽ പുരഃപതിം ॥ വമ

വ്യാ—ഋതുകാലത്തിൽ നാലാംദിവസം കളിച്ച് ശുദ്ധയായി വെളുത്ത മാലചൂടി വെള്ളവസ്ത്രംധരിച്ച് ഭൎത്തൃതുല്യനായ പുത്രനുണ്ടാകേണമെന്ന ഇച്ഛയോടുകൂടി മുമ്പിൽ ഭൎത്താവിനെ ദൎശിക്കണം.

ഉപാദ്ധ്യായോഥ പുത്രീയം കുൎവ്വീത വിധിവദ്വിധിം ।
അവന്ധ്യ എവം സംയോഗഃ സ്യാദപത്യഞ്ച കാമതഃ ॥ വർ

വ്യാ—അനന്തരം ഉപാദ്ധ്യായൻ, പുത്രനുണ്ടാകുവാൻ ചെയ്യേണ്ടതായി വേദാദികളിൽ വിധിക്കപ്പെട്ടിരിക്കുന്ന വിധിയെ (ഇഷ്ടിയെ) വിധിപോലെ അനുഷ്ഠിക്കണം. ഇതു ദമ്പതിമാരുടെ സംയോഗത്തിന്നു മുമ്പു ചെയ്യേണ്ടതാണ്. ഇപ്രകാരം ചെയ്താൽ അവരുടെ സംയോഗം സഫലമായി ഭവിക്കയും, ഇച്ഛപോലെയുള്ള സന്താനം ഉണ്ടാകയും ചെയ്യും. പുരുഷപ്രജയോ സ്ത്രീപ്രജയോ ഏതാണിച്ഛിക്കുന്നതെങ്കിൽ അതുണ്ടാകുമെന്നു താല്പൎയ്യം.

കർമ്മാന്തേ ച പുമാൻ സർപ്പിഃ ക്ഷീരശാല്യോദനാശിതഃ ।
പ്രാഗ്ദക്ഷിണേന പാദേന ശയ്യാം മൌഹൂർത്തികാജ്ഞയാ ॥൨൰൩॥
ആരോഹേൽ സ്ത്രീതുവാമേന തസ്യ ദക്ഷിണപാൎശ്വതഃ ।
തൈലമാഷോത്തരാഹാരാ തത്ര മന്ത്രം പ്രയോജയേൽ॥൨൰൪॥

മന്ത്രം.

ആയുരസി ആയുരസി സൎവ്വതഃ പ്രതിഷ്ഠാസി ധാതാ ത്വാം ദധാതു ബ്രഹ്മവൎച്ചസാ ഭാവയേൽ ഇതി—ബ്രഹ്മാ ബൃഹസ്പതിൎവ്വിഷ്ണുഃ സോമഃ സൂൎയ്യസ്തഥാശ്വിനൌ, ഭഗോഥ മിത്രാവരുണൌ വീരം ദദതുമേ സുതം ।

വ്യാ—മേല്പറയപ്പെട്ട പുത്രീയ കൎമ്മത്തിൻെറ അവസാനത്തിങ്കൽ പുരുഷൻ നെയ്യും പാലുംകൂട്ടി ചെന്നെല്ലരിയുടെ ചോറുണ്ട് പുത്രോൽപാദനത്തിന്നുള്ള നല്ല സമയമറിയുന്ന മൌഹൂൎത്തികൻെറ ആജ്ഞ ലഭിച്ചാൽ വലത്തുകാൽകൊണ്ടു ശയ്യയിൽ കയറണം. സ്ത്രീയാകട്ടേ, എണ്ണയും ഉഴുന്നും ധാരാളം ചേൎത്ത ഭക്ഷണം കഴിച്ച് ഇടത്തുകാൽകൊണ്ട് പുരുഷൻെറ വലത്തുഭാഗത്തായിട്ടു ശയ്യയിൽ കയറണം. അപ്പോൾ പുത്രോൽപാദനത്തിന്നുത്തമമായ 'ആയുരസി' ഇത്യാദിയായ മന്ത്രം ജപിക്കുകയും വേണം.

സാന്ത്വയിത്വാ തതോന്യോന്യം സംവിശേതാം മുദാന്വിതൌ ।
ഉത്താനാം തന്മനാ യോഷിത്തിഷ്ഠേദംഗൈസ്സുസംസ്ഥിതൈഃ ॥൨൰൫॥
തഥാഹിബീജം ഗൃഹ്ണാതി ദോഷൈഃസ്വസ്ഥാനമാസ്ഥിതൈഃ।
ലിംഗന്ത്വസദ്യോഗൎഭായാ യോന്യാബീജസ്യ സംഗ്രഹഃ ॥൨൰൬॥
തൃപ്തിൎഗ്ഗുരുത്വം സ്ഫുരണം ശുക്ലാസ്രാനനുബന്ധനം ।
ഹൃദയസ്പന്ദനം തന്ദ്രാ തൃഡ്ഗ്ലാനിൎല്ലോമഹൎഷണം ॥൨൰൭॥

വ്യാ—മേല്പറഞ്ഞ മന്ത്രം ജപിച്ചു കഴിഞ്ഞാൽ പ്രിയഭാഷണാദികളെക്കൊണ്ടു പരസ്പരം സാന്ത്വനം ചെയ്തു സന്തോഷത്തോടുകൂടിയവരായി സംയോഗം ചെയ്യു. അപ്പോൾ സ്ത്രീ മലൎന്നു കിടക്കുകയും കൈകാലുകൾ മുതലായ അവയവങ്ങളെ

നേരെ വെക്കുകയും വേണം. അങ്ങിനെ ചെയ്യാലെ വാതാദി ദോഷങ്ങൾ സ്വസ്ഥാനങ്ങളിൽ നിൽക്കുകയും സ്ത്രീ ബീജത്തെ ഉൾക്കൊൾകയുമുള്ളു. ബീജം ഗ്രഹിച്ച് അപ്പോൾത്തന്നെ ഗർഭിണിയായാലത്തെ ലക്ഷണം യോനികൊണ്ടു ബീജം ഗ്രഹിക്കുക (അതായതു യോനിയിൽ നിഷിക്തമായ ബീജം ബഹിർഗ്ഗമിക്കാതിരിക്കുക), തൃപ്തി തോന്നുക, ഗുരുത്വം തോന്നുക, സ്ഫുരണമുണ്ടാവുക, ശുക്ലരക്തങ്ങൾ അനുബന്ധിക്കാതിരിക്കുക, ഹൃദയം മിടിക്കുക, മടിതോന്നുക, വെള്ളം ദാഹിക്കുക, തളച്ച് തോന്നുക, രോമാഞ്ചമുണ്ടാവുക എന്നിവയാകുന്നു. ഈവക ലക്ഷണങ്ങൾ കണ്ടാൽ ഗർഭധാരണമുണ്ടായിരിക്കുന്നുവെന്നു വിചാരിക്കാം.

സ്നാനാനുലേപനഹിമാനില ഖണ്ഡഖാദ്യ-
ശീതാംബുദുഗ്ദ്ധരസയൂഷസുരാപ്രസന്നാഃ ।
സേവേത ചാനുശയനം വിരതൌ രതസ്യ
തസ്യൈവമാശു വപുഷഃപുനരേതി ധാമ ॥൨൦॥

വ്യാ—സുരതം കഴിഞ്ഞാൽ കുളിക്കുക, ചന്ദനം മുതലായവ പൂശുക, തണുത്ത കാററു കൊള്ളുക, തണുത്ത വെള്ളം പെരുമാറുക, പാൽ മാംസരസം പരിപ്പുചാറ് സുരാമദ്യം തെളിമദ്യം ഇവ കുടിക്കുക, അനുശയനം ചെയ്ക എന്നിവ ചെയ്യണം. ഇങ്ങിനെ ചെയ്യാൽ അവന്റെ ദേഹത്തിന്ന് സുരതത്താൽ ക്ഷയിച്ചുപോയ ബലം വീണ്ടും ഉണ്ടാകും. തണുപ്പായിട്ടുള്ള എല്ലാ വിധികളും സുരതാനന്തരം ചെയ്യുന്നതു അത്യാവശ്യമാണ്. ഇതു ദമ്പതിമാരിരുവരും ചെയ്യേണ്ടതുമാണ്. സ്നാനം പുരുഷനു മാത്രമേ വേണ്ടതുള്ളു എന്നും ഒരു പക്ഷമുണ്ട്. അതു അംഗീകാര്യമായിരുന്നാൽക്കൂടി ശേഷമുള്ളതെല്ലാം ഇരുവരും ചെയ്യേണ്ടതാണ്.

ഇതി പുത്രകാമീയെ രതാധികാരഃ

പ്രഥമഖണ്ഡഃ സമാപ്തഃ

ദ്വിതീയഖണ്ഡഃ

(ബീജാധികാരഃ)

ശുദ്ധശുക്ലാർത്തവേ സത്വഃ സ്വകർമ്മക്ലേശചോദിതഃ ।
ഗർഭസ്സംപദ്യതേ യുക്തി വശാദഗ്നിരിവാരണൌ ॥൧॥

വ്യാ — ഇനി ഗർഭകാരണമായ ബീജത്തെപ്പററി പറയുന്നു:— വാതാദി ദോഷങ്ങളാൽ ദൂഷിക്കാതെ ശുദ്ധമായിരിക്കുന്ന ശുക്ലവും രക്തവും തമ്മിൽ ചേർന്നാൽ അതിൽ ജീവൻ പ്രവേശിച്ച് ഗർഭമായിപ്പരിണമിക്കുന്നു. ജീവൻ ശുക്ലാർത്തവങ്ങളിൽ പ്രവേശിപ്പാൻ കാരണം പൂർവ്വകർമ്മങ്ങളാലും അവിദ്യാദികളായ ക്ലേശങ്ങളാലും പുനർജ്ജന്മഗ്രഹണത്തിന്നായി പ്രേരിക്കപ്പെടുകയാകുന്നു. ഇതെങ്ങിനെയെന്നാൽ അരണിയിൽ (തീകടയുവാനുള്ള മരത്തിൽ) മഥനവശാൽ എങ്ങിനെ അഗ്നിയുണ്ടാകുന്നുവോ അങ്ങിനെയാകുന്നു. ശുക്ലാർത്തവങ്ങൾ ഗർഭത്തിന്റെ ബീജമാകയാൽ ബീജമെന്ന പദംകൊണ്ടിവിടെ പറഞ്ഞതു ശുക്ലത്തെയും ആർത്തവത്തെയും കൂടിയാകുന്നു എന്നറിഞ്ഞുകൊൾക.

ഗർഭോൽപാദകരോധാതുഃ സപ്തമഃ സർവ്വധാതുരാട് ।
ശുക്ലം ധാത്വഗ്നിപക്വാന്ന സാരഭൂതം പ്രസാദജം ॥൨॥

വ്യാ — ശുക്ലവും രക്തവുമെന്ന രണ്ടുവിധം ബീജത്തിൽ വെച്ച് ശുക്ലമെന്നതു ഗർഭോൽപാദകരവും സർവ്വധാതുക്കൾക്കും രാജാവുമായ ഏഴാമത്തെ ധാതുവാകുന്നു. അതു ധാതുക്കളിലെ അഗ്നികളാൽ യഥാസ്വം പചിക്കപ്പെട്ടതായ അന്നത്തിന്റെ സാരമാകുന്നു. അതു പ്രസാദത്തെജ്ജനിപ്പിക്കുകയും ചെയ്യും.

മാസി മാസി രജഃ സ്ത്രീണാം രസജം സ്രവതി ത്ര്യഹം ।
വത്സരാൽ ദ്വാദശാദൂർദ്ധ്വം യാതി പഞ്ചാശതഃ ക്ഷയം ॥൩॥

വ്യാ — സ്ത്രീകൾക്കു മാസംതോറും ആഹാരരസത്തിൽ നിന്നുണ്ടാകുന്നതായ രജസ്സ് എന്നു പേരായ രക്തം മൂന്നുനാൾ സ്ര

വിക്കുന്നു. ഇതു പന്ത്രണ്ടാം വയസ്സിന്നു മേൽ സ്രവിച്ചുതുടങ്ങും; അമ്പതാം വയസ്സിന്നു മേൽ നില്ക്കുകയും ചെയ്യും.

വാതാദി കുണപഗ്രന്ഥി പൂയക്ഷീണമലാഹ്വയം ।
ബീജംസമർത്ഥം രേതോസ്രം സ്വലിംഗൈർദ്ദോഷജം വദേൽ ॥൪॥
രക്തേന കുണപം ശ്ലേഷ്മവാതാഭ്യാം ഗ്രന്ഥിസന്നിഭം ।
പൂയാഭം രക്തപിത്താഭ്യാം ക്ഷീണം മാരുതപിത്തതഃ ॥൫॥
കൃച്ഛ്രാണ്യേതാന്യസാദ്ധ്യന്തു ത്രിദോഷം മൂത്രവിൾപ്രഭം ।

വ്യാ—മേല്പറഞ്ഞ സ്ത്രീ പുരുഷ ബീജങ്ങളായ ശുക്ലാർത്തവങ്ങൾ ചിലപ്പോൾ ഗർഭോൽപാദനത്തിന്നു കാരണമാകയില്ല. വാതാദി ദോഷങ്ങളാൽ ദൂഷിപ്പിക്കപ്പെട്ടവയായ ശുക്ലാർത്തവങ്ങൾ ബീജത്തിങ്കൽ അസമർത്ഥമായി ഭവിക്കും. അങ്ങിനെ ദൂഷിതമായ ശുക്ലരക്തങ്ങൾക്കു പേരുകൾ വാതശുക്ലം, വാതരക്തം ഇത്യാദികളാകുന്നു. വാതത്താൽ ദൂഷിതമായ ശുക്ലം വാതശുക്ലം, പിത്തത്താൽ ദൂഷിതമായ ശുക്ലം പിത്തശുക്ലം, കഫത്താൽ ദൂഷിതമായ ശുക്ലം കഫശുക്ലം, കുണപശുക്ലം, ഗ്രന്ഥിശുക്ലം, പൂയശുക്ലം, ക്ഷീണശുക്ലം, മൂത്രശുക്ലം, മലശുക്ലം * എന്നിങ്ങിനെയും വാതാർത്തവം, പിത്താർത്തവം, കഫാർത്തവം, കുണപാർത്തവം, ഗ്രന്ഥ്യാർത്തവം, പൂയാർത്തവം, ക്ഷീണാർത്തവം, മൂത്രാർത്തവം, മലാർത്തവം എന്നിങ്ങിനെയും പേരുകളാകുന്നു. ഇവയിൽ വാതാദികളായ ത്രിദോഷങ്ങളാൽ ദൂഷിതങ്ങളായ മുമ്മൂന്നുവിധം ശുക്ലാർത്തവങ്ങളെ വാതാദികളുടെ ലക്ഷണങ്ങളെക്കൊണ്ടുതന്നെ അറിയണം. എങ്ങിനെയെന്നാൽ വായുവിന്റെ ലക്ഷണം രൂക്ഷതയും കറുവാളിപ്പും മററുമാകയാൽ ശുക്ലത്തിങ്കൽ രൂക്ഷതാദി ഗുണങ്ങളുണ്ടെന്നുവരികിൽ അതു വാതദൂഷിതമാകയാൽ വാതശുക്ലമാണെന്നറിഞ്ഞുകൊൾക. താദൃശ ലക്ഷണങ്ങളോടുകൂടിയ ആർത്തവത്തെ വാതാർത്തവമെന്നും അറിഞ്ഞുകൊൾക. ഇപ്രകാരം തന്നെ പിത്തത്തിന്നു പറയപ്പെ

* ഇവിടെ മലശബ്ദത്തിന്നു മൂത്രപുരീഷങ്ങളെന്നർത്ഥമാകുന്നു.

തീക്ഷ്ണത്വാദി ലക്ഷണങ്ങൾ കണ്ടാൽ അവയെ പിത്തശുക്ലാർത്തവങ്ങളെന്നും, കഫത്തിന്നു പറയപ്പെട്ട ശ്ലക്ഷ്ണത്വാദി ഗുണങ്ങൾ കണ്ടാൽ അവയെ കഫശുക്ലാർത്തവങ്ങളെന്നും അറിയണം * രക്തം ദുഷിച്ചാൽ ശുക്ലവും ആർത്തവവും കുണപ (ശവ) ഗന്ധത്തോടുകൂടിയവയായിരിക്കും. അവയെ കുണപശുക്ലമെന്നും കുണപാർത്തവമെന്നും അറിയണം. വാതകഫങ്ങളുടെ ദോഷത്താൽ ശുക്ലാർത്തവങ്ങൾ ഗ്രന്ഥി (കട്ട)യോടു തുല്യമായിരിക്കും. അങ്ങിനെ കട്ടപിടിച്ച ശുക്ലാർത്തവങ്ങളെ ഗ്രന്ഥിശുക്ലമെന്നും ഗ്രന്ഥ്യാർത്തവമെന്നും അറിയണം. രക്തപിത്തങ്ങൾ ദുഷിച്ചാൽ ശുക്ലാർത്തവങ്ങൾ പൂയം (ചലം) പോലെയിരിക്കും. അവയെ പൂയശുക്ലമെന്നും പൂയാർത്തവമെന്നും അറിയണം. വാതപിത്തങ്ങളുടെ ദോഷത്താൽ ശുക്ലാർത്തവങ്ങൾ ക്ഷീണം (ക്ഷയിച്ചത്) ആയിവരും. അവയെ ക്ഷീണശുക്ലമെന്നും ക്ഷീണാർത്തവമെന്നുമറിയണം. ഇപ്പറഞ്ഞ വാതശുക്ലം മുതൽ ക്ഷീണശുക്ലം വരെയുള്ള ശുക്ലദോഷങ്ങളും, വാതാർത്തവം മുതൽ ക്ഷീണാർത്തവംവരെയുള്ള ആർത്തവദോഷങ്ങളും കൃച്ഛ്രസാദ്ധ്യങ്ങളാണ്. മൂത്രവിൾപ്രഭമായ (മൂത്രംപോലെയും മലംപോലെയുമുള്ള) ശുക്ലാർത്തവങ്ങൾ—അതായതു മൂത്രശുക്ലം, മൂത്രാർത്തവം, മലശുക്ലം, മലാർത്തവം എന്നിവ—ആകട്ടെ ത്രിദോഷസന്നിപാതത്താലുള്ളതാകുന്നു. അതു അസാദ്ധ്യവുമാകുന്നു.

ഇനി ഇവയുടെ ചികിത്സകൾ പറയുന്നു:—

കുഷ്ഠാദ്വാതാദിഭിർദ്ദുഷ്ടേ സ്വൌഷധം കുണപേ പുനഃ ॥൫॥
ധാതകീപുഷ്പഖദിര ദാഡിമാർജ്ജുന സാധിതം ।
പായയേത്സർപ്പിരഥവാ വിപക്വമസനാദിഭിഃ ॥൬॥

വ്യാ—വാതാദി ദോഷങ്ങളെക്കൊണ്ടു ദുഷിച്ച ശുക്ലാർത്തവങ്ങളിൽ—അതായതു വാതശുക്ലം, പിത്തശുക്ലം, കഫശുക്ലം,

* രൂക്ഷത്വം, വിസ്രഗന്ധം, ഉഷ്ണത്വം എന്നിവയുണ്ടെന്നു വരികിൽ പിത്തശുക്ലാർത്തവങ്ങളെന്നും, ശ്ലക്ഷ്ണത്വം, സ്നിഗ്ദ്ധത്വം, വെളുപ്പ്, പഴുപ്പ് ഇവയുണ്ടെങ്കിൽ കഫശുക്ലാർത്തവങ്ങളെന്നുമറിയണമെന്നു സാരം.

വാതാൎത്തവം, പിത്താൎത്തവം, കഫാൎത്തവം എന്നിവയിൽ— വാതാദി ശമനങ്ങളായ ഔഷധങ്ങളെ പ്രയോഗിക്കണം. കുണ പശുക്ലത്തികളാകട്ടെ ധാതകീപുഷ്പം=താതിരിപ്പൂവ്, ഖദിരം= കരിങ്ങാലിക്കാതൽ, ഡാഡിമം=താളിമാതളത്തിൻകായയുടെ തോട്, അൎജ്ജുനം=നീൎമരുതിൻതൊലി ഇവകൊണ്ടു കാച്ചിയ (ഇവ കഷായവും കല്ക്കവുമായി കാച്ചിയ) നെയ്യോ, അല്ലെങ്കിൽ അസനാദിഗണം * കൊണ്ടു കാച്ചിയ നെയ്യോ സേവിക്കണം

പലാശഭസ്മാശ്മഭിദാ ഗ്രന്ഥ്യാഭേ പൂയരേതസി ।
പരൂഷകവടാദിഭ്യാം ക്ഷീണേ ശുക്ലകരീ ക്രിയാ ॥വ്വ॥

വ്യാ—ഗ്രന്ഥിശുക്ലത്തിന്നു പലാശഭസ്മം=പ്ലാശിൻതൊലി ചുട്ട ഭസ്മം, അശ്മഭിത്ത്=കല്ലൂർവഞ്ഞി ഇവകൊണ്ടു കാച്ചിയ നെയ് സേവിപ്പിക്കുക. പ്ലാശിൻ തൊലി ചുട്ട ഭസ്മം വെള്ളത്തിൽ കലക്കി തെളിയെടുത്ത് അതിൽ കല്ലൂർവഞ്ഞി വേർ അരച്ചു കലക്കി കല്ക്കം ചേൎത്താണ് ഈ നെയ് കാച്ചേണ്ടത്. പൂയശുക്ലത്തിങ്കൽ പരൂഷകാദി ഗണം ‡ കൊണ്ടോ ന്യഗ്രോധാദി ഗണം † കൊണ്ടോ കാച്ചിയ നെയ് സേവിപ്പിക്കുക ക്ഷീണശുക്ലത്തിങ്കൽ ശുക്ലവൃദ്ധികരങ്ങളായ ഔഷധാദികളെ സേവിപ്പിക്കുക.

* അസനാദിഗണം:—വേങ്ങാക്കാതൽ, തൊടുകാര, പെരുമരത്തിൻ തൊലി, നീൎമരുതിൻതൊലി, ആവൽത്തൊലി, കരിങ്ങാലിക്കാതൽ വെള്ള കരിങ്ങാലിക്കാതൽ, നിലവാക, ഇരുവുളിന്റെ കാതൽ, അട്ടുക്കപ്പാല, ചന്ദനം, രക്തചന്ദനം, പീതചന്ദനം, തകരം, പ്ലാശിൻതൊലി, അകിൽ, തേക്കിൻവേര്, പയിൻ, ചമ, കവുങ്ങ്, കടകപ്പാലയരി കരുമരുതിൻതൊലി, വെണ്മരുതിൻതൊലി—ഇങ്ങിനെ 23 കൂട്ടം.

‡ പരൂഷകാദിഗണം:—ചിററീന്തലിൻ വേർ, കടുക്ക, താന്നിക്ക നെല്ലിക്ക, മുന്തിരിങ്ങാപ്പഴം, കുമിഴിൻവേർ, തേററാമ്പരൽ, പഴമുൻപ ലയുടെ കായ, താളിമാതളത്തിൻകായ, തേക്കിൻവേർ-ഇവ 10 കൂട്ടം

† ന്യഗ്രോധാദിഗണം:—പേരാൽതൊലി, അരയാൽതൊലി, ...ത്തിത്തൊലി, പാച്ചോററിത്തൊലി, വെട്ടിത്തൊലി, ഞാറത്തൊലി ഞാവൽത്തൊലി, നീൎമരുതിൻതൊലി, കല്ലാലിൻതൊലി, തൊരാ...ത്തിൻതൊലി, ഇത്തിത്തൊലി മാവിൻതൊലി, വഞ്ഞിത്തൊലി, മു...മരത്തിൻതൊലി, പ്ലാശിൻതൊലി, നന്ത്യാർവട്ടത്തൊലി, ചേരുംതൊലി, കടമ്പിൻതൊലി, കഞ്ഞിക്കൊട്ടകത്തിൻതൊലി, ഇരട്ടിമധുരം, ഇല്പക്കാതൽ—ഇങ്ങിനെ 21 കൂട്ടം.

§ വൃഷ്യങ്ങളായ എല്ലാ ഔഷധങ്ങളും ഉചിതംപോലെ ഇതിൽ പ്രയോഗിക്കാം. ജീവനീയഗണം, പത്മകാദിഗണം, മുതലായവ വൃഷ്യങ്ങളായ മറെറല്ലാ ഔഷധങ്ങളും ഇതിങ്കൽ ഉപയോഗിക്കാം.

സംശുദ്ധോ വിൾപ്രഭേ സർപ്പിർഹിംഗുസേവ്യാദിസാധിതം ।
പിബേൽ ഗ്രന്ഥ്യാർത്തവേ പാഠാവ്യോഷവൃക്ഷകജം ജലം ॥൯॥

പേയം കണപപൂയാസ്രേ ചന്ദനം വക്ഷ്യതേ തു യൽ ।
ഗുഹ്യരോഗേ ച തത്സർവ്വം സേവ്യം സോത്തരവസ്തികം ॥൰॥

വ്യാ—വിൾപ്രഭശുക്ലേ (പുരീഷശുക്ല)ത്തിങ്കൽ വമനവിരേചനങ്ങളെക്കൊണ്ടു ശുദ്ധിവരുത്തി ഹിംഗു (കായം) സേവ്യം (രാമച്ചം) മുതലായവകൊണ്ടു കാച്ചിയ നൈ സേവിക്കണം. ഹിംഗുസേവ്യാദികൾ എന്നുള്ളതുകൊണ്ട് കായം, രാമച്ചം, കൊട്ടവേലിക്കിഴങ്ങ്, ഞാഴൽപൂവ്, പറച്ചുണ്ടവേര്, താമരവളയം എന്നിവ കഷായത്തിന്നും ഏലത്തരി, ഏലവങ്ങത്തൊലി എന്നിവ കല്ക്കത്തിന്നും ഉപയോഗിക്കണമെന്നു ഗ്രഹിക്കണം. "ഹിംഗ്വുശീരചിത്രകപ്രിയംഗുസമാംഗാമൃണാളസിദ്ധമേലാമോചചൂർണ്ണപ്രതീവാപം" എന്നു സംഗ്രഹത്തിൽ പറഞ്ഞിട്ടുള്ളതാണ് ഇങ്ങിനെ ഗ്രഹിപ്പാൻ മൂലം. "അസാദ്ധ്യന്ത്രിദോഷം മൂത്രവിൾപ്രഭം" എന്നതുകൊണ്ടു മൂത്രശുക്ലം, പുരീഷശുക്ലം, മൂത്രാർത്തവം, പുരീഷാർത്തവം, ഇവ അസാദ്ധ്യങ്ങളെന്നു പറഞ്ഞിട്ടും ഇവിടെ പുരീഷശുക്ലത്തിന്നു ചികിത്സ വിധിച്ചിട്ടുള്ളതുകൊണ്ട് പുരീഷശുക്ലം സാദ്ധ്യമായിട്ടും വരാമെന്ന് ഗ്രന്ഥകാരന്നഭിപ്രായമുണ്ടെന്നൂഹിക്കാം. മൂത്രശുക്ലം, മൂത്രാർത്തവം, പുരീഷാർത്തവം എന്നിവ അസാദ്ധ്യങ്ങൾ തന്നെയാണെന്നും ഇതുകൊണ്ടു ഗ്രഹിക്കണം. ഇനി ഗ്രന്ഥ്യാർത്തവത്തിന്നു ചികിത്സ പറയുന്നു. പിബേദിതി—ഗ്രന്ഥ്യാർത്തവമുള്ളപ്പോൾ പാഠാദികളെക്കൊണ്ടുള്ള കഷായം സേവിക്കണം. പാഠാ=പാടക്കിഴങ്ങ്. വ്യോഷം=ചുക്കു മുളകു തിപ്പലി. വൃക്ഷകം=കുടകപ്പാല വേരിന്മേൽ തൊലി* ഇനി കണപാർത്തവാദികളുടെ ചികിത്സ പറയുന്നു. പേയമിതി—കണപാർത്തവത്തി

* വാതാർത്തവം മുതലായവക്കുള്ള ചികിത്സകൾ വാതശുക്ലാദികൾക്കു പറഞ്ഞവ തന്നെയാണെന്നറിയേണ്ടതാണ്.

നും പൂയാൎത്തവത്തിന്നും ചന്ദനം വെള്ളത്തിലരച്ചു കലക്കി സേവിക്കണം. ക്ഷീണശുക്ലത്തിന്നു ശുക്ലവൃദ്ധികരങ്ങളായ ഔഷധാദികൾ വിധിച്ചിട്ടുള്ളതുപോലെ, ക്ഷീണാൎത്തവത്തിന്നു രക്തവൃദ്ധികരങ്ങളായവയും പ്രയോഗിക്കണമെന്നറിയണം. ഇവക്കെല്ലാം ഇപ്പറഞ്ഞ ചികിത്സകൾ മാത്രമേ ആകാവു എന്നില്ല. ഗുഹ്യരോഗപ്രതിഷേധത്തിങ്കൽ പറയപ്പെടുന്ന ചികിത്സകളെല്ലാം ഇവയിലും പ്രയോഗിക്കാം. ഉത്തരവസ്തിയും ചെയ്യാം.

ഇനി ശുക്ലവും ആൎത്തവവും ശുദ്ധമായാലത്തെ ലക്ഷണങ്ങൾ പറയുന്നു:—

ശുക്ലം ശുക്ലം ഗുരു സ്നിഗ്ദ്ധം മധുരം ബഹളം ബഹു ।
ഘൃതമാക്ഷികതൈലാഭം സദ്ഗൎഭായാൎത്തവം പുനഃ ॥൧൪॥
ലാക്ഷാരസശശാസ്രാഭം ധൌതം യച്ചവിരജ്യതേ ।

വ്യാ—ശുദ്ധമായി ഗൎഭാധാനത്തിന്നു യോഗ്യമായ ശുക്ലം വെളുത്ത നിറവും ഗുരുത്വവും സ്നിഗ്ദ്ധതയും മധുരരസവും ബാഹുല്യവും ബഹുത്വവുമുള്ളതായിരിക്കും. നെയ്യ്, തേൻ, എണ്ണ എന്നിവയുടെ നിറത്തോടു കൂടിയതായ ശുക്ലവും ഗൎഭാധാനയോഗ്യമാകുന്നു. ആൎത്തവമാകട്ടെ ശുദ്ധമായിരുന്നാൽ ലാക്ഷാരസം (അരക്കു ചാറ്) ശശാസ്രം (മുയൽച്ചോര) എന്നിവയുടെ നിറമുള്ളതായിരിക്കും. വസ്ത്രത്തിൽ പററിയാൽ ആ ഭാഗം വെള്ളംകൊണ്ടു കഴുകിയാൽ രക്തത്തിന്റെ പാടു നിഃശ്ശേഷം പോയി ശുദ്ധമാകയും ചെയ്യും. ഈ ലക്ഷണങ്ങളോടു കൂടിയ ശുക്ലാൎത്തവങ്ങൾ ഗൎഭാധാനയോഗ്യങ്ങളാകുന്നു.

ഇനി, ശുക്ലാൎത്തവങ്ങൾക്കു ഗൎഭാധാനയോഗ്യതയെ ഉണ്ടാക്കുന്നതിന്നുള്ള ചില ഔഷധയോഗങ്ങളെപ്പറയുന്നു:—

(അശ്വഗന്ധാഘൃതം.)

അശ്വഗന്ധാ പലശതം ശുഭദേശേ സമുത്ഥിതം ।
പുണ്യേഹനി സമുദ്ധൃത്യ സാധയേൽ ശ്ലക്ഷ്ണചൂൎണ്ണിതം ॥

ദ്രോണേംഭസി പചേത്താവദ്യാവൽ പാദാവശേഷിതം ॥൮൩॥
സപ്പിഃപ്രസ്ഥം പചേത്തേന ഗവ്യക്ഷീരം ചതുർഗ്ഗുണം ।
കഷായം ഛാഗമാംസസ്യ ദദ്യാച്ഛീതദ്വയസ്യച ॥൮൪॥
കല്ക്കാനി ശ്ലക്ഷ്ണപിഷ്ടാനി കഷമാത്രാണിയോജയേൽ ।
കാകോളീദ്വയശൃംഗീകാ ദ്വേ മേദേചാഥ ജീവകം ॥൮൫॥
സ്വയംഗുപ്താ ഋഷഭകോവേലാ മധുകമേവച ।
മൃദ്വീകാ മുദ്ഗപണ്ണ്യൌച ജീവന്തീ ചപലാബലാ ॥൮൬॥
നാരായണീ വിദാരീച ദത്വാ സമ്യഗ്വിപാചയേൽ ।
സിതാചതുഷ്പലം ശീതേ ക്ഷിപേന്മധു പലാഷ്ടകം ॥൮൭॥
ലീഢ്വാ കഷം പയശ്ശീതം ശീതഞ്ചാനു പിബേൽജലം ।
വൃദ്ധബാലക്ഷതക്ഷീണാഃ ക്ഷീണമാംസബലേന്ദ്രിയാഃ ॥൮൮॥
പുഷ്ടിതേജോ ബലാരോഗ്യം ലഭന്തേ പ്രാശ്യമാനവാഃ ।
ഭവേത്സപ്തതി വഷോപി യുവേവ സ്ത്രീസഹസ്രഗഃ ॥൮൯॥
വന്ധ്യാതീതവയാഃ സ്ത്രീച ലഭതേ പുത്രമുത്തമം ।
ഏതന്നിർമ്മിതമശ്വിഭ്യാമശ്വഗന്ധാഘൃതം മഹൽ ॥൯൦॥
ക്ഷീണേ രേതസി കത്തവ്യാ സർവ്വാശുക്ലകരീക്രിയാ ।

വ്യാ—നല്ല ദിക്കിൽനിന്നെടുത്ത അശ്വഗന്ധ (അമുക്കുരം) പലം നൂറ് നല്ല ദിവസം നോക്കി എടുത്തു നന്നക്കനെ പൊടിച്ച് പതിനാറിടങ്ങഴി വെള്ളത്തിൽ വെച്ച് നാലൊന്നാക്കി ഒരിടങ്ങഴി നെയ്യും നാലിടങ്ങഴി പശുവിൻപാലും ആട്ടമാംസത്തിന്റെയും ചന്ദനം, രക്തചന്ദനം ഇവയുടേയും കഷായവും കൂട്ടി കാകോളി, ക്ഷീരകാകോളി, കക്കടകശൃംഗി, മേദ, മഹാമേദ, ജീവകം, നാഗ്ഗരണപ്പരിപ്പ്, ഇടവകം, ഏലത്തരി, ഏരട്ടിമധുരം, മുന്തിരിങ്ങ, കാട്ടുഴുന്നിൻവേര്, കാട്ടുപയററിൻവേര്, അടപതിയൻ കിഴങ്ങ്, നിലപ്പനക്കിഴങ്ങ്, കുറുന്തോട്ടിവേര്, നാരായണി, പാൽമുതുക്കിൻ കിഴങ്ങ്, ഇവ കഷപ്രമാണം അരച്ച് കല്ക്കംചേത്തു കാച്ചി അരിക്കുക. ആറിയാൽ നാലുപലം പഞ്ചസാരയും എട്ടുപലം തേനുംചേക്കുക. ഇതിൽനിന്നു കഷപ്രമാണം സേവിച്ച് തണുത്ത പാലും തണുത്ത വെള്ളവും

അനുപാനമായി സേവിക്കുക. ഇതു ബീജശക്തിയില്ലാത്ത സ്ത്രീപുരുഷന്മാൎക്കു സിദ്ധൌഷധമാകുന്നു.

(ചന്ദ്രോദയ മകരദ്ധ്വജം)

ജാതീഫലം ലവംഗഞ്ച കൎപ്പൂരം മരിചം തഥാ ॥൨൧॥
പ്രത്യേകം തോലകം ദത്വാ സുവൎണ്ണസ്യച മാഷകം ।
അണ്ഡജം മാഷമാനഞ്ച സൎവ്വതുല്യ മഥേശ്വരം ॥൨൨॥
യത്നതോ മൎദ്ദയൽ ഖല്വേ ചതുൎഗ്ഗുഞ്ജാം വടീംചരേൽ ।
ഏഷചന്ദ്രോദയോനാമ രസോ വാജീകരഃ പരഃ ॥൨൩॥
ഹന്തിരോഗാനശേഷാംശ്ച ബലവീൎയ്യാഗ്നിവൎദ്ധനഃ ।

വ്യാ—ജാതിക്ക, ഇലവംഗം, കൎപ്പൂരം, കുരുമുളക് ഇവ ഓരോന്നും ഓരോതോല. സ്വൎണ്ണം ഒരു മാഷം; കസ്തൂരി ഒരു മാഷം; ശുദ്ധിചെയ്ത രസം സൎവ്വതുല്യം; എല്ലാം കൂട്ടി മൎദ്ദിച്ച് നാലു കുന്നിക്കുരു പ്രമാണത്തിൽ വടകമാക്കുക. ചന്ദ്രോദയ രസം എന്നു പേരായ ഈ ഔഷധം എററവും വാജീകരമായിട്ടുള്ളതാണ്. ഇതു എല്ലാ രോഗങ്ങളേയും മാററുകയും ബലം, വീൎയ്യം, അഗ്നി ഇവയെ വൎദ്ധിപ്പിക്കയും ചെയ്യും.

(അശോകഘൃതം.)

അശോകവല്ക്കലപ്രസ്ഥം തോയാഢകവിപാചിതം ॥൨൪॥
പാദശേഷേണ ഘൃതപ്രസ്ഥം ജീരകക്വാഥസംയുതം ।
തണ്ഡുലാംബ്വജാക്ഷീരം ഘൃതതുല്യം പ്രദാപയേൽ ।൨൫।
തഥൈവ കേശരാജസ്യ പ്രസ്ഥമേകം ഭിഷഗ്വരഃ ।
ജീവനീയൈഃപ്രിയാളൈസ്തു പത്രൈഷൈസ്സരസാഞ്ജനൈഃ൨൬
യഷ്ട്യാഹ്വാശോകമൂലഞ്ച മൃദ്വീകാച ശതാവരി ।
തണ്ഡുലീയക മൂലഞ്ച കല്ക്കൈരേഭിഃ പലാൎദ്ധികൈഃ ॥൨൭॥
ശൎക്കരായാഃ പലാന്യഷ്ടൌ സിദ്ധശീതേ പ്രദാപയേൽ ।
പീതമേതൽഘൃതം ഹന്തി സൎവ്വദോഷസമുത്ഭവം ॥൨൮॥
ശ്വേതം നീലം തഥാകൃഷ്ണം പ്രദരം ഹന്തി ദുസ്തരം ।
കുക്ഷിശൂലം കടിശൂലം യോനിശൂലഞ്ച സൎവ്വഗം ॥൨൯॥
മന്ദാഗ്നിമരുചിം പാണ്ഡും കൃശതാം ശ്വാസകാമലാം ।

ആയുഃപുഷ്ടികരം ബല്യം ബലവൎണ്ണപ്രസാദനം ॥൩൦॥
ദേയമേതൽപരം സൎപ്പിൎവിഷ്ണുനാ പരികീൎത്തിതം ।

വ്യാ— അശോകത്തൊലി പതിനാറു പലം നാലിടങ്ങഴി വെള്ളത്തിൽ കഷായംവെച്ചു നാലൊന്നാക്കി ഒരിടങ്ങഴി നെയ്യും നെയ്യോളം ജീരകകഷായം, അരിക്കാടി, ആട്ടിൻപാൽ എന്നിവയും ഒരിടങ്ങഴി കേശരാജകഷായവും ചേൎത്തു അടപതിയൻ കിഴങ്ങ്, കാകോളി, ക്ഷീരകാകോളി, മേദ, മഹാമേദ, കാട്ടുഴുന്നിൻ വേര്, കാട്ടുപയററിൻ വേര്, ജീവകം, ഇടവകം, മുരൾ, ചിററിന്തൽ, രസാഞ്ജനം, എരട്ടിമധുരം, അശോകത്തിൻവേര്, മുന്തിരിങ്ങ, ശതാവരിക്കിഴങ്ങ്, തണ്ഡുലീയകച്ചീരയുടെ വേര് എന്നിവ അരേരപ്പലം അരച്ചു കല്ക്കം ചേൎത്ത് കാച്ചി അരിക്കുക. ആറിയാൽ എട്ടുപലം പഞ്ചസാരയും ചേൎക്കുക. ഈ നെയ്യ് സൎവ്വദോഷോത്ഭവമായ രോഗത്തെയും, വെളുത്തും നീലച്ചും കറുത്തുമുള്ള അസൃഗ്ദരത്തെയും, വയററിലും അരക്കെട്ടിലും യോനിയിലുമുണ്ടാകുന്ന വേദനയേയും, അഗ്നിമാന്ദ്യാരോചകപാണ്ഡുകാൎശ്യങ്ങളേയും, ശ്വാസരോഗത്തെയും, കാമലയേയും ശമിപ്പിക്കും. ആയുസ്സും പുഷ്ടിയും ബലവുമുണ്ടാക്കും. നിറം തെളിയിക്കും. ഈ അശോകഘൃതം മഹാവിഷ്ണുവിനാൽ ഉപദേശിക്കപ്പെട്ടതാകുന്നു.

(സിതകല്യാണകഘൃതം.)

കുമുദം പത്മകോശീരം ഗോധൂമം രക്തശാലയഃ ॥൩൧॥
മുൽഗപൎണ്ണീ പയസ്യാ ച കാശ്മരീ മധുയഷ്ടികാ ।
ബലാതിബലയോൎമ്മൂലമുൽപലം താലമസ്തകം ॥൩൨॥
വിദാരീ ശതപുഷ്പീ ച ശാലിപൎണ്ണീ സജീരകാ ।
ഫലം ത്രപുസബീജാനി പ്രത്യഗ്രം കദളീഫലം ॥൩൩॥
ഏഷാമൎദ്ധപലാൻ ഭാഗാൻ ഗവ്യക്ഷീരം ചതുൎഗ്ഗുണം ।
പാനീയം ദ്വിഗുണം ദത്വാ ഘൃതപ്രസ്ഥം വിപാചയേൽ ॥൩൪॥
പ്രദരേ രക്തഗുല്മേ ച രക്തപിത്തേ ഹലീമകേ ।

ബൃഹത്ത്രപഞ്ച യൽപിത്തം കാമലായാഞ്ച ശോണിതേ ।൩൫।
അരോചകേ ജ്വരേ ജീൎണ്ണ പാണ്ഡുരോഗേ മദേ ഭ്രമേ ।
തരുണീയംല്പപുഷ്പാച യാചഗൎഭം ന വിന്ദതി ॥൩൬॥
അഹന്യഹനിചസ്ത്രീണാം ഭവേൽപ്രീതി വിവൎദ്ധനം ।

വ്യാ—ആമ്പൽകിഴങ്ങ്, പതിമുകം, രാമച്ചം, ഗോതമ്പ്, ചെന്നെല്ലരി, കാട്ടുപയററിൻവേര്, അടപതിയൻ കിഴങ്ങ്, കുമിഴിൻവേര്, എരട്ടിമധുരം, കുറുന്തോട്ടിവേര്, വെണ്കുറുന്തോട്ടിവേര്, ചെങ്ങഴി നീർക്കിഴങ്ങ്, കരിമ്പന വാഴയ്ക്ക, പാൽമുതുക്കിൻകിഴങ്ങ്, പുത്രഞ്ചാരി, കാട്ടുഴുന്നിൻവേര്, ജീരകം, ത്രപുസബീജം, പുതിയ കദളിവാഴയ്ക്ക ഇവ അരേരശ്ശുപലം എന്നിവയുടെ കഷായം വെക്കുക. എന്നിട്ട് ഒരിടങ്ങഴി നെയ്യും അതിന്റെ നാലിരട്ടി (നാലിടങ്ങഴി) പശുവിൻപാലും രണ്ടിടങ്ങഴി വെള്ളവും ചേൎത്തു സേവിക്കുക. അസൃഗ്ദരം, രക്തഗുന്മം, രക്തപിത്തം, ഹലീമകം, പല ലക്ഷണങ്ങളോടുകൂടിയ പിത്തം, കാമില, രക്തദോഷം, അരോചകം, ജീൎണ്ണജ്വരം, പാണ്ഡുരോഗം, ഭ്രമം, മദം എന്നിവ ശമിക്കും. ഋതുവാകുന്നതിൽ രക്തം കുറഞ്ഞവളൊ ഗൎഭം ധരിക്കാത്തവളൊ ആയ സ്ത്രീക്കു ഇതു വിശേഷമാകുന്നു. ഇതു സ്ത്രീകൾ ദിവസേന സേവിച്ചാൽ അവൎക്കു പ്രീതി (രതി) ഉണ്ടാകയും ചെയ്യും.

(അശോകാരിഷ്ടം.)

അശോകസ്യ തുലാമേകാം ചതുർദ്രോണേ ജലേപചേൽ ॥൩൭।
പാദശേഷേരസേ പൂതേ പീതേപലശതദ്വയം ।
ദദ്യാദ്ഗുഡസ്യ ധാതക്യാഃ പലഷോഡശികം മതം ॥൩൮॥
അജാജീം മുസ്തകംശുണ്ഠീം ദാൎവ്വുല്പല ഫലത്രികം ।
ആമ്രാസ്ഥി ജീരകം വാശാം ചന്ദനഞ്ച വിനിക്ഷിപേൽ ॥൩൯।
ചൂൎണ്ണയിത്വാ പലാംശേന തതോഭാണ്ഡേ നിധാപയേൽ ।
മാസാദൂൎദ്ധ്വഞ്ചപീതൈന മസൃഗ്ദരരുജാം ജയേൽ ॥൪൦॥
ജ്വരഞ്ചരക്തപിത്താൎശോ മന്ദാഗ്നിത്വ മരോചകം ।
മേഹശോഫാരുചിഹരസ്ത്വശോകാരിഷ്ട സംജ്ഞിതഃ ॥൪൧॥

വ്യാ—അശോകത്തൊലി ഒരു തുലാം ഇടിച്ച് അറുപത്തിനാലിടങ്ങഴി വെള്ളത്തിൽ കഷായം വെച്ച് നാലൊന്നാക്കി അരിച്ച് അതിൽ ഇരുനൂറുപലം ശൎക്കരയും, പതിനാറുപലം താതിരിപ്പൂവും ചേൎക്കുക. പിന്നെ മുത്തങ്ങ, ചുക്ക്, ചെങ്ങഴിനീർകിഴങ്ങ്, മരമഞ്ഞത്തൊലി, ത്രിഫല, മാങ്ങയണ്ടിപ്പരിപ്പ്, ജീരകം, ആടലോടകവേര്, ചന്ദനം ഇവ ഓരോ പലം പൊടിച്ചു ചേൎത്ത് ഒരു പാത്രത്തിലാക്കി ധാന്യത്തിനുള്ളിൽ കുഴിച്ചിടുക. ഒരു മാസം കഴിഞ്ഞാൽ എടുത്ത് സേവിച്ചാൽ അസൃഗ്ദരം ശമിക്കും. ജ്വരം, രക്തപിത്തം, അൎശസ്സ്, അഗ്നിമാന്ദ്യം, അരോചകം, പ്രമേഹം, നീര് ഇവയും ശമിക്കും.

(ഫലകല്യാണഘൃതം)

മഞ്ജിഷ്ഠാ മധുകം കുഷ്ഠം ത്രിഫലാ ശൎക്കരാ ബലാ ।
മേദേ പയസ്യാ കാകോളീമൂലഞ്ചൈവാശ്വഗന്ധജം ॥൪൨॥
അജമോദാ ഹരിദ്രേ ദ്വേ ഹിംഗുഃ കടുകരോഹിണീ ।
ഉൽപലം കുമുദം ദ്രാക്ഷാ കാകോള്യൌ ചന്ദനദ്വയം ॥൪൩॥
ഘൃതേഷാം കാൎഷികൈൎഭാഗൈൎഘൃതപ്രസ്ഥം വിപാചയേൽ ।
ശതാവരീരസം ക്ഷീരം ഘൃതാദ്ദേയം ചതുൎഗ്ഗുണം ॥൪൪॥
സൎപ്പിരേതന്നരഃ പീത്വാ നിത്യം സ്ത്രീഷു വൃഷായതേ ।
പുത്രാൻ സഞ്ജനയേന്നാരീ മേധാഢ്യാൻ പ്രിയദൎശനാൻ ॥൪൫॥
യാ ചൈവാസ്ഥിരഗൎഭാ സ്യാദ്യാ ച വാ ജനയേൽ മൃതം ।
അല്പായുഷം വാ ജനയേദ്യാ ച കന്യാം പ്രസൂയതേ ॥൪൬॥
യോനിദോഷേ രജോദോഷേ പരിസ്രാവേ ച ശസ്യതേ ।
പ്രജാവൎദ്ധനമായുഷ്യം സൎവ്വഗ്രഹനിവാരണം ॥൪൭॥
നാമ്നാ ഫലഘൃതം ഹ്യേതദശ്വിഭ്യാം പരികീൎത്തിതം ।
അനുക്താ ലക്ഷ്മണാമൂലം ക്ഷിപന്ത്യത്ര ചികിത്സകാഃ ॥൪൮॥
കല്കാഥേന ഹയഗന്ധായാസ്സാധിതം സഘൃതം പയഃ ।
ഋതുസ്നാതാബലാ പീത്വാ ഗൎഭം ധത്തേ ന സംശയഃ ॥൪൯॥
പിപ്പലീ ശൃംഗിവേരാണി മരിചം നാഗകേസരം ।
ഘൃതേന സഹ പാതവ്യം വന്ധ്യാപി ലഭതേ സുതം ॥൫൦॥

വ്യാ—മഞ്ചെട്ടിപ്പൊടി, ഇരട്ടിമധുരം, കൊട്ടം, ത്രിഫല, പഞ്ചസാര, കരന്തോട്ടിവേര്, മേദ, മഹാമേദ, കാകോളിവേര്, അമുക്കുരം, അയമോദകം, മഞ്ഞൾ, മരമഞ്ഞൾ, കായം, കടുകരോഹണി, ചെങ്ങഴിനീർക്കിഴങ്ങ്, ആമ്പൽക്കിഴങ്ങ്, മുന്തിരിങ്ങപ്പഴം, കാകോളി, ക്ഷീരകാകോളി, ചന്ദനം, രക്തചന്ദനം, ഇവ ഓരോകൎഷം (മൂന്നുകഴഞ്ച്) വീതം കല്ക്കം ചേൎത്തു ഒരിടങ്ങഴി നെയ്യും, നാലിടങ്ങഴി ശതാവരി നീരും, നാലിടങ്ങഴി പാലും കൂട്ടി കാച്ചുക. ഈ നെയ്യ് സേവിച്ചാൽ പുരുഷനു സ്ത്രീഗമനത്തിങ്കൽ കാളക്കൂററന്റെ മട്ടിൽ ശക്തിയുണ്ടാകും. സ്ത്രീ ഈ നെയ്യ് സേവിച്ചാൽ ബുദ്ധിയും സൌന്ദൎയ്യവുമുള്ള പുത്രന്മാരെ പ്രസവിക്കും. ഗൎഭം അലസിപ്പോകുന്നവളും ചാവുകുട്ടിയെ പ്രസവിക്കുന്നവളും അല്പായുസ്സായ കിടാവിനെ പ്രസവിക്കുന്നവളുമായ സ്ത്രീയും പെൺപ്രജയെ മാത്രം പ്രസവിക്കുന്ന സ്ത്രീയും ഇതു സേവിക്കണം. യോനിദോഷം, രജോദോഷം, യോനിസ്രാവം, എന്നിവ ശമിക്കും. ഇതു പ്രജാവൃദ്ധിക്കും ആയുസ്സിന്നും ഉത്തമവും സൎവ്വബാധാശമനവുമാകുന്നു. ഫലഘൃതം എന്നു പേരായ ഇതു അശ്വിനിദേവകളാൽ പറയപ്പെട്ടതാണ. ഈ നെയ്യ് കാച്ചുമ്പോൾ ഇതിൽ പറയപ്പെട്ടിട്ടില്ലാത്ത തിരുതാളിവേരും കൂടി വൈദ്യന്മാർ ചേൎക്കമാറുണ്ട്. ശേഷം സ്പഷ്ടം.

(സോമഘൃതം)

സിദ്ധാൎത്ഥകം തഥാ ബ്രഹ്മീ ശതപുഷ്പീ പുനൎന്നവാ ।
പയസ്യാമയയഷ്ട്യാഹ്വം കടുകാ ച ഫലത്രയം * ॥൧॥
ശാരിബേ രജനീ പാഠാ സുരദാരു സുവൎച്ചലാഃ ।
മഞ്ജിഷ്ഠാ ത്രിഫലാ ശ്യാമാ വൃഷപുഷ്പം സഗൈരികം ॥൨॥
ധീമാൻ പക്ത്വാ ഘൃതപ്രസ്ഥം സമ്യങ്മന്ത്രാഭിമന്ത്രിതം ।
ദ്വിമാസഗൎഭിണീ നാരീ ഷണ്മാസാനുപയോജയേൽ ॥൩॥
സൎവ്വജ്ഞാം ജനയേൽപുത്രം സൎവ്വാമയവിവൎജ്ജിതം ।
അസ്യ പ്രയോഗാൽ കുക്ഷിസ്ഥഃ സ്ഥൂലവദ്വ്യാഹരത്യപി ॥൪॥

* മടുകൈലാഫലത്രയം എന്നു പാഠാന്തരം.

യോനിദുഷ്ടാശ്ച യാ നാൎയ്യോ രേതോ ദുഷ്ടാശ്ച യേ നരാഃ ।
സ്ത്രീണാം പുംസാം ദോഷഹരം ഘൃതമേതദനുത്തമം ॥൩൩॥
വന്ധ്യാപി ലഭതേ പുത്രം ശൂരം പണ്ഡിതമാനിനം ।
ജഡഗദ്ഗദമൂകത്വം പാനാദേവാപകൎഷതി ॥൩൪॥
സപ്തരാത്രപ്രയോഗേണ നരഃ ശ്രുതിധരോ ഭവേൽ ।
നാഗ്നിൎദ്ദഹതി തദ്വേശ്മ ന വജ്രമുപഹന്തി ച ॥൩൫॥
ന തത്ര മ്രിയതേ ബാലോ യത്രാസ്തേ സോമസംജ്ഞിതം ।

വ്യാ—കടുക്, വയമ്പ്, ബ്രഹ്മി, ശതകുപ്പ, തവിഴാമവേര്, അടപതിയൻ കിഴങ്ങ്, മാഞ്ചി, എരട്ടിമധുരം, കടുകരോഹിണി, ഫലത്രയം (അതായതു മുന്തിരിങ്ങ, കുമിഴിൻകായ, ചിററീന്തലിൻകായ), ദ്വിശാരിബകൾ (നന്നാറിക്കിഴങ്ങും പാൎവള്ളിക്കിഴങ്ങും), വരട്ടുമഞ്ഞൾ, പാടക്കിഴങ്ങ്, ദേവതാരം, തുവൎച്ചിലക്കാരം, മഞ്ചെട്ടിപ്പൊടി, ത്രിഫല, ഞാഴൽപൂവ്, വൃഷപുഷ്പം, കാവിമണ്ണ് ഇവകൊണ്ടു നൈ കാച്ചുക. ഈ നൈ മന്ത്രത്താൽ * വഴിപോലെ അഭിമന്ത്രണം ചെയ്തു് സേവിക്കേണ്ടതാണ്. ഗൎഭമുള്ള സ്ത്രീ രണ്ടാം മാസം മുതൽ ആറുമാസം ഇതു സേവിക്കണം. എന്നാൽ സൎവ്വജ്ഞനും സൎവ്വരോഗരഹിതനുമായ പുത്രനെ പ്രസവിക്കും. ഗൎഭമുള്ളപ്പോൾ ഇതു സേവിച്ചാൽ കുട്ടിക്കു വാക്കിന്നു് സ്പഷ്ടതയുണ്ടാകും. യോനിദോഷമുള്ള സ്ത്രീകളും ശുക്ലദോഷമുള്ള പുരുഷന്മാരും ഇതു സേവിക്കണം. അത്യുത്തമമായ ഈ ഘൃതം സ്ത്രീകൾക്കും പുരുഷന്മാൎക്കുമുള്ള ദോഷങ്ങളെത്തീൎക്കും. വന്ധ്യയാണെങ്കിലും ഇതു സേവിക്കുന്നവൾ

* മന്ത്രം ഗായത്രിയാണു. "യത്ര നോദീരിതോ മന്ത്രോ യേഷു യോഗേഷു സാധനൈഃ। സൎവ്വത്ര ഗദിതാ തത്ര ഗായത്രീ ഫലസിദ്ധിദാ" എന്നു സുശ്രുതവചനമുണ്ടു. "ഓം നമോ മഹാവിനായകായ അമൃതം രക്ഷ രക്ഷ മമ ഫലസിദ്ധിം ദേഹി ദേഹി രുദ്രവചനേന സ്വാഹാ" എന്നു മന്ത്രവുമാകാമെന്നും, ഈ മന്ത്രം ഏഴുരു ജപിക്കണമെന്നും തന്ത്രാന്തരത്തിൽ കാണുന്നു. ഗായത്രീമന്ത്രം സംഖ്യ കഴിക്കണമെന്നാണു ശരിയായ മതമെന്നു തോന്നുന്നു.

ശൂരനും പണ്ഡിതനും മാനിയുമായ പുത്രനെ പ്രസവിക്കും. ജഡത്വം, ഗൽഗദത്വം (വാക്കിടൎച്ച), മൂകത്വം എന്നിവ ഇതു സേവിച്ചാൽ ശമിക്കും. ഇതു ഏഴുദിവസം സേവിക്കുന്നവൻ വിദ്വാനായിവരും. ഈ നെയ്യ് ഇരിക്കുന്ന ഗൃഹത്തിൽ അഗ്നിഭയം, ഇടിത്തീ വീഴുക, ബാലമരണം എന്നിവ ഉണ്ടാകയില്ല.

(കുമാരകല്പദ്രുമഘൃതം.)

പഞ്ചാശച്ഛാഗമാംസസ്യ ദശമൂല്യാസ്തഥൈവച ॥൯॥
ജലമഷ്ടഗുണം ദത്വാ ക്വാഥയേത മൃദ്വഗ്നിനാ ।
ചതുൎഭാഗാവശേഷഞ്ച ക്വാഥം ഗൃഹ്ണീത യത്നതഃ ॥൰॥
ഗവ്യം പ്രസ്ഥദ്വയം സൎപ്പിൎഗൃഹ്ണീയാൽകുലശോഭിഷക് ।
ക്ഷീരം ഘൃതസമം ദദ്യാന്നാരായണ്യാ രസന്തഥാ ॥൰൧॥
താമ്രേ വാ മൃണ്മയേ പാത്രേ തദേകത്ര പചേച്ഛനൈഃ ।
കുഷ്ഠം ശഠീച മേദേദ്വേ ജീവകൎഷഭകൌ തഥാ ॥൰൨॥
പ്രിയംഗു ത്രിഫലാ ദാരു പത്രമേലാ ശതാവരീ ।
കാശ്മരി മധുകം ക്ഷീരകാകോളി മുസ്തമുൽപലം ॥൰൩॥
ജീവന്തി ചന്ദനഞ്ചൈവ കാകോളീ ശാരിബാദ്വയം ।
ശ്വേതവാട്യാലജംമൂലം മൂലഞ്ച ശരപുംഖജം ॥൰൪॥
വിദാരീ ചാടമഞ്ജിഷ്ഠാ പൎണ്ണിനിദ്വയമേവച ।
നാഗപുഷ്പം തഥാ ദാരുഹരിദ്രാരേണുകം തഥാ ॥൰൫॥
ജ്യോതിഷ്മതീഭവം മൂലം ശംഖിനി നീലിനീ തഥാ ।
അഗരുത്വഗ്ലവംഗഞ്ച കുങ്കുമം നിക്ഷിപേത്തതഃ ॥൰൬॥
ഏതേഷാം കാൎഷികം കല്കം ദത്വാ ശുഭദിനേ സുധീഃ ।
ശുഭനക്ഷത്രയോഗേ ച സംപൂജ്യ ഗണനായകം ॥൰൭॥
ശങ്കരഞ്ച മൃഡാനിഞ്ച നമസ്കൃത്യാതിഭക്തിതഃ ।
പാകം കുൎയ്യാൽ പ്രയത്നേന വിജ്ഞാനൻ മന്ത്രപൂൎവ്വകം ॥൰൮॥
സിദ്ധശീതേ ക്ഷിപേത്തത്ര പാരദം പരിനിൎമ്മലം ।
സുജീൎണ്ണംശോധിതഞ്ചാഭ്രം ഗന്ധകംകാൎഷികംന്യസേൽ ॥൰൯॥
തതഃ പുഷ്പരസന്തത്ര പ്രസ്ഥാൎദ്ധഞ്ച വിനിക്ഷിപേൽ ।

കാചസമ്പുടകേവാന്യപാത്രേവാ സ്ഥാപയേൽ സുധീഃ।ന്നേ।
പരാശരമുനിഃ പ്രാഹ കരുണാവാരിധിമ്മുദാ ।
വന്ധ്യാമയവിനാശായ ശിശുകല്പദ്രുമം ഘൃതം ॥൧൦॥

വ്യാ—ആട്ടിൻമാംസം അയ്മ്പതുപലവും ദശമൂലം (അതായതു ഓരില, മൂവ്വില, ചെറുവള്ളു, ചെറുവഴുതിന, ഞെരിഞ്ഞില്, കുമിഴ്, കൂവളം, പാതിരി, പലകപ്പയ്യാന, മുഞ്ഞ) അയ്മ്പതു പലവും എട്ടിരട്ടി * വെള്ളംഃചത്ത് കഷായംവെച്ച് ചെറുതീയിൽ കുറുക്കി നാലൊന്നായാൽ വാങ്ങി രണ്ടിടങ്ങഴി പശുവിൻ നെയ്യും രണ്ടിടങ്ങഴി പാലും രണ്ടിടങ്ങഴി നാരായണി രസവും കൂട്ടി ചെമ്പുപാത്രത്തിലൊ മൺപാത്രത്തിലൊ ആക്കി കൊട്ടം, കച്ചൂരക്കിഴങ്ങ്, മേദ, മഹാമേദ, ജിവകം, ഇടവകം, ഞാഴൽപൂവ്വ്, ത്രിഫല, ദേവതാരം, പച്ചില, ഏലത്തരി, ശതാവരിക്കിഴങ്ങ് കുമിഴിൻവേര്, എരട്ടിമധുരം, ക്ഷീരകാകോളി, മുത്തങ്ങക്കിഴങ്ങ്, ചെങ്ങഴിനീക്കിഴങ്ങ്, അടപതിയൻ കിഴങ്ങ്, ചന്ദനം, കാകോളി, നന്നാറിക്കിഴങ്ങ്, പാർവള്ളിക്കിഴങ്ങ്, വെളുത്ത ശംഖപുഷ്പത്തിൻവേര്, ശരപുംഖത്തിൻവേര്, പാൽമുതുക്കിൻ കിഴങ്ങ്, മഞ്ചട്ടിപ്പൊടി, കാട്ടുഴുന്നിൻവേര്, കാട്ടുപയററിൻവേര്, നാഗപ്പൂവ്വ്, മരമഞ്ഞൾ, അരേണുകം, കാർകോകിലിൻവേര്, കറുത്ത ശംഖപുഷ്പത്തിൻവേര്, അകിൽത്തൊലി, ഇലവങ്ങത്തൊലി, കുങ്കുമപ്പൂവ്വ്, ഇവ ഓരോ കഷ്ഷം കല്ക്കം ചേൎത്തു നല്ല ദിവസം കാച്ചി അരിക്കുക. നക്ഷത്രഗുണമേറ്റുള്ള ദിവസം ഗണപതിയേയും ശിവനേയും ശ്രീപാൎവ്വതിയേയും ഭക്തിയോടുകൂടി പൂജിച്ച് നമസ്കരിച്ച് മന്ത്രത്തോടുകൂടി വേണം അരിക്കുവാൻ. അരിച്ചാറിയാൽ അതിൽ ശുദ്ധിചെയ്ത രസം, അഭ്രകം, ഗന്ധകം ഇവ ഓരോ കഷ്ഷവും പൂന്തേൻ അര ഇടങ്ങഴിയും ചേൎത്തു കാചപാത്രത്തിലോ മറേറാ ആക്കിവെക്കുക. കുമാരകല്പദ്രുമം എന്ന ഈ

* നാലുപലത്തിനു നാഴി എന്ന തോതിൽ കണക്കാക്കണം.

ത്തെ വന്ധ്യമാക്കുള്ള രോഗങ്ങൾ ശമിപ്പിപ്പാനായി പരാശര മഹൎഷി കരുണയോടു കൂടി ഉപദേശിച്ചതാകുന്നു.

(സുകുമാരഘൃതം.)

പചേൽ പുനൎന്നവതുലാം തഥാദശപലാഃ പൃഥൿ ।
ദശമൂല പയസ്യാശ്വഗന്ധൈരണ്ഡ ശതാവരീഃ ॥൧॥
ദ്വിദൎഭശരകാശേക്ഷു മൂലപോടഗലാന്വിതാഃ ।
വഹേപാമഷ്ടഭാഗസ്ഥേ തത്രത്രിംശൽപലംഗുളാൽ ॥൨॥
പ്രസ്ഥമേരണ്ഡതൈലാച്ച ദ്വൌഘൃതാൽ പയസസ്തഥാ ।
ആവപേൽദ്വിപലാംശഞ്ച കൃഷ്ണാതന്മൂലസൈന്ധവം ।
യഷ്ടീമധുകമൃദ്വീകാ യവാനീ നാഗരാണി ച ।
തത്സിദ്ധം സുകുമാരാഖ്യം സുകുമാരം രസായനം ॥൩॥
വാതാതപാദ്ധ്വഭാഷ്യസ്ത്രീ പരിഹാൎയ്യേഷ്വയന്ത്രണം ।
പ്രയോജ്യം സുകുമാരാണാ മീശ്വരാണാം സുഖാത്മനാം।സ്ത്രീ
ണാം സ്ത്രീവൃന്ദഭൎത്തൄണാമലക്ഷ്മീ കലിനാശനം ।
സൎവ്വകാലോപയോഗേന കാന്തിസൌഭാഗ്യപുഷ്ടിദം ॥൪॥
വൃദ്ധിവിദ്രധി ഗുന്മാൎശോ യോനിശൂലാനിലാൎത്തിഷു ।
ശോഫോദര ഖുഡപ്ലീഹ വിഡ്വിബന്ധേഷുചോത്തമം॥

വ്യാ—തഴിതാമവേര് തുലാം ഒന്ന്, ദശമൂലം, അടപതിയൻ കിഴങ്ങ്, അമുക്കുരം, ആവണക്കിൻ വേര്, ശതാവരിക്കിഴങ്ങ്, ദൎഭവേര്, ആററുദൎഭവേര്, അമവേര്, കുശവേര്, കരിമ്പിൻവേര്, അടക്കാമണിയൻ വേര് ഇവ വെവ്വേറെ പതിപ്പത്തുപലം, അരപത്തിനാലിടങ്ങഴി വെള്ളത്തിൽ കഷായം വെച്ചു കുറുക്കി എട്ടിടങ്ങഴിയാക്കി പിഴിഞ്ഞരിച്ച് മുപ്പതുപലം ശൎക്കരയും ഒരിടങ്ങഴി ആവണക്കെണ്ണയും രണ്ടിടങ്ങഴി നെയ്യും രണ്ടിടങ്ങഴി പാലും ചേൎത്തു കല്ക്കത്തിന്നു തിപ്പലി, കാട്ടുതിപ്പലിവേര്, ഇന്തുപ്പ്, ഇരട്ടിമധുരം, മുന്തിരിങ്ങ, ജീരകം, ചുക്ക് ഇവ ഈരണ്ടുപലം അരച്ചു ചേൎത്തു കാച്ചി അരിക്കുക. ഇതു സുകുമാരം എന്നു പേരുള്ള രസായനമാകുന്നു. കാററുകൊള്ളുക

വെയിലേല്ക്കുക, വഴിനടക്കുക, സ്ത്രീസേവ എന്നിവയിൽ കഠിന വർജ്ജ്യമില്ല. സുകുമാരന്മാർ, ധനികന്മാർ, സുഖിയന്മാർ, അനേകം ഭാര്യമാരുള്ളവർ എന്നിവൎക്കുത്തമം. ശ്രീയില്ലായ്മയേയും കലിയേയും നശിപ്പിക്കും. പതിവായി ഉപയോഗിച്ചാൽ കാന്തിയും സൌഭാഗ്യവും പുഷ്ടിയുമുണ്ടാകും. വൃദ്ധി മുതലായ രോഗങ്ങൾ ശമിക്കുകയും ചെയ്യും.

(ധാത്ര്യാദിഘൃതം.)

ധാത്രീവിദാരീക്ഷു ശതാവരീണാം
കൂശ്മാണ്ഡകാനാഞ്ചരസേഷുസൎപ്പിഃ ।
ക്ഷീരേണസാദ്ധം വിപചേത്സുപിഷ്ടൈ-
ൎമ്മൃദ്വീകയഷ്ട്യാഹ്വയസൈന്ധവൈശ്ച ॥൨൭॥
ഏതത്സുസിദ്ധം സിതയാവിമിശ്രം
നിവാരയേച്ഛീഘ്രമസൃഗ്ദരാണി ।
പാണ്ഡ്വാമയേ പിത്തകൃതേ ഹിതം സ്യാൽ
പൈത്തേച ഗുല്മേസ്ഥിവിനിസ്രുതൌച ॥൨൮॥
വന്ധ്യാചപീത്വാ ലഭതേച ഗൎഭം
ശീഘ്രം നിഹന്യാദപി വാതരക്തം ।
കന്യാംശ്ചപിത്തപ്രഭവാൻ വികാരാൻ
മൂർഛാമദോന്മാദമദാത്യയാദീൻ ॥൨൯॥

വ്യാ—പച്ചനെല്ലിക്കനീര്, പാൽമുതുക്കിൻ കിഴങ്ങിന്റെ നീര്, കരിമ്പിൻനീര്, ശതാവരിക്കിഴങ്ങിൻ നീര്, ഇളവൻ കുമ്പളങ്ങയുടെ നീര് ഇവയിൽ നെയ്യും നെയ്യോളം പാലും ചേൎത്തു കാച്ചുക. മുന്തിരിങ്ങ, ഇരട്ടിമധുരം, ചന്ദനം ഇവ അരച്ചു കല്ക്കവും ചേൎക്കുക. ഈ നൈ പഞ്ചസാരയും ചേൎത്തു സൂക്ഷിക്കുക. ഇതു സേവിച്ചാൽ അസൃഗ്ദരം ശമിക്കും. പിത്തപാണ്ഡു, പിത്തഗുല്മം, അസ്ഥിസ്രാവം, രക്തവാതം, പിത്തം കൊണ്ടുണ്ടാകുന്ന മൂർഛാദികളായ ഇതരരോഗങ്ങൾ ഇവയും ശമിക്കും. വന്ധ്യയായ സ്ത്രീ ഗൎഭം ധരിക്കുകയും ചെയ്യും.

(വാരാഹ്യാദി.)

വാരാഹീകന്ദഖദിര ജംബൂമോദക വല്ക്കലാൽ ।
തുലാംപചേതസബലാൽ ക്ഷുണ്ണാൽ കുംഭേംഭസഃപുനഃ ॥൱൧॥
പാദശിഷ്ടേ കഷായേസ്മിൽ ഘൃതപ്രസ്ഥം വിപാചയേൽ ।
സുനിഷണ്ണ ശതാവര്യ്യോസ്സ്വായം ക്ഷീരഞ്ചനിക്ഷിപേൽ ॥൱൨॥
കപിത്ഥഫലിനീധാന്യ ധന്വയാഷകശേരുകം ।
പാഠാഫലത്രയാമ്രാസ്ഥി ശിലോത്ഭേദം രസാഞ്ജനം ॥൱൩॥
ഖർജ്ജൂരം കടഫലം ശൃങ്ഗീ മൃദ്വീകാ രക്തചന്ദനം ।
അംബഷ്ഠികാ മോചരസം സമംഗാ പത്മകേസരം ॥൱൪॥
കട്വംഗ വത്സകാനന്താ ധാതകീ മധുകാഞ്ജനം ।
ഡാഡിമാതിവിഷാമുസ്താ ലോധ്രാവില്വം സഗൈരികം ॥൱൫॥
പിപ്പലീമശ്വഗന്ധാഞ്ച ശാരിബോശീര പുണ്ഡ്രകൈഃ ।
തത്സിദ്ധം സിതയോപേതം മധുമാത്രാസമന്വിതം ॥൱൬॥
സർപ്പിർജ്ജയേദ്യോനിരോഗം പാനവസ്ത്യാദിയോജിതം ।

വ്യാ—നിലപ്പനക്കിഴങ്ങ്, കരിങ്ങാലി, ഞാവൽത്തൊലി, കരിങ്കാരത്തൊലി, കുറുന്തോട്ടിവേര് ഇവ സമം തുലാം ഒന്ന് ഇടിച്ച് പതിനാറിടങ്ങഴി വെള്ളത്തിൽ കഷായം വെച്ച് നാലൊന്നാക്കി ഒരു ഇടങ്ങഴി നെയ്യ കൂട്ടി നീരാരൽ, ശതാവരിക്കിഴങ്ങ് ഇവയുടെ നീരും പശുവിൻപാലും നെയ്യോളം ചേൎത്ത് കല്ക്കത്തിന്ന് വിളാമ്പഴം, ഞാഴൽപൂവ്വ്, കൊത്തമ്പാലയരി, കൊട്ടത്തൂവ്വവേര്, കഴിമുത്തങ്ങ, പാടക്കിഴങ്ങ്, ത്രിഫല, മാങ്ങയണ്ടിപ്പരിപ്പ്, കല്ലൂർവഞ്ഞി, രസാഞ്ജനം, ഈന്തപ്പഴം, കുമിഴിൻവേര്, ചുക്ക്, മുന്തിരിങ്ങ, രക്തചന്ദനം, വെള്ളത്ത അമ്പഴത്തൊലി, എലവിൻപശ, പറച്ചുണ്ടവേര്, താമരയല്ലി, പലകപ്പയ്യാനവേര്, കുടകപ്പാലയരി, ചിററീന്തലിൻവേര്, താതിരിപ്പൂവ്വ്, ഇരട്ടിമധുരം, അഞ്ജനക്കല്ല്, താളിമാതളക്കായ, അതിവിടയം, മുത്തങ്ങക്കിഴങ്ങ്, പാച്ചോററിത്തൊലി, കൂവളവേര്, കാവിമണ്ണ, തിപ്പലി, അമുക്കുരം, നന്നാറിക്കിഴങ്ങ്, രാമ

ച്ചം, പുണ്ഡരികക്കുരിമ്പ് ഇവ അരച്ചു ചേൎത്തു കാച്ചി അരിക്കുക. ഇത തേനും പഞ്ചസാരയും ചേൎത്തു സേവിച്ചാൽ സകലവിധ യോനിരോഗങ്ങളും ശമിക്കും.

ബീജശുദ്ധികരൈൎയ്യോഗൈഃശ്ശോധിതാവഥ ദംപതീ॥൮൨॥
പുത്രോപലബ്ധിമിച്ഛന്തൌ സംവിശേതാമതന്ദ്രിതൌ ।

വ്യാ— ശുക്ലാൎത്തവങ്ങൾക്കു ശുദ്ധിയുണ്ടാകുന്ന യോഗങ്ങളെ പ്രയോഗിച്ചു ശുദ്ധിവരുത്തപ്പെട്ടവരായ ദമ്പതിമാർ പുത്രോൽപത്തിയെ ഇച്ഛിച്ചുംകൊണ്ടു സഹശയനം ചെയ്യേണ്ടതാണ്. തദവസരത്തിൽ അവർ അതന്ദ്രിതന്മാർ (അതിൽത്തന്നെ മനസ്സുള്ളവർ) ആയിരിക്കയും വേണം.

ഇതി പുത്രകാമീയെ ബീജാധികാരെ
ദ്വിതീയഖണ്ഡഃ സമാപ്തഃ.

———:o:———

തൃതീയഖണ്ഡഃ.

(ഗർഭാധികാരഃ)

പ്രഥമഖണ്ഡത്തിൽ സംസൎഗ്ഗവിധികൾ പറഞ്ഞതിന്നുശേഷം സദ്യോഗൎഭമുണ്ടായാലത്തെ ലക്ഷണം പറഞ്ഞുകഴിഞ്ഞുവല്ലോ. ദ്വിതീയഖണ്ഡത്തിൽ ഗൎഭധാരണത്തിന്നുപരിഹാൎയ്യമായിട്ടുള്ള ശുക്ലാൎത്തവശുദ്ധി, ശുദ്ധശുക്ലാൎത്തവലക്ഷണം, ചില ശുദ്ധികരണയോഗങ്ങൾ മുതലായവയും പറയപ്പെട്ടു. ഈ ഖണ്ഡത്തിൽ ഗൎഭത്തെപ്പററിയാണു പറവാൻ തുടങ്ങുന്നത്:—

അവ്യക്തഃ പ്രഥമേമാസെ സപ്താഹാൽ കലലം ഭവേൽ ।
ഗൎഭഃ പുംസവനാന്യത്ര പൂൎവ്വംവ്യക്തേഃ പ്രയോജയേൽ ॥൧॥
ബലീ പുരുഷകാരോ ഹി ദൈവമപ്യതിവൎത്തതെ ।
പുഷ്യേ പുരുഷകം ഹൈമം രാജതം വാഥവായസം ॥൨॥
കൃത്വാഗ്നിവൎണ്ണം നിൎവ്വാപ്യ ക്ഷീരേ തസ്യാഞ്ജലിംപിബേൽ ।
ഗൌരദണ്ഡമപാമാൎഗ്ഗം ജീവകൎഷഭസൈൎയ്യകാൻ ॥൩॥

പിബേൽ പുഷ്യേ ജലേപിഷ്ടാനേകദ്വിത്രിസമസ്തശഃ ।
ക്ഷീരേണ ശ്വേതബൃഹതീമൂലം നാസാപുടേ സ്വയം ॥൪॥
പുത്രാർത്ഥം ദക്ഷിണേ സിഞ്ചേദ്വാമേ ദുഹിതൃവാഞ്ഛയാ ।
പയസാ ലക്ഷ്മണാമൂലം പുത്രോൽപാദസ്ഥിതിപ്രദം ॥൫॥
നാസയാസ്യേന വാ പീതം വടശുംഗാഷ്ടകം തഥാ ।
ഔഷധീർജ്ജീവനീയാശ്ച ബാഹ്യാന്തരുപയോജയേൽ ॥൬॥

വ്യാ—ഉൽപാദനദിവസം മുതൽ ഏഴു ദിവസം കഴിഞ്ഞാൽ ശുക്ലരക്തങ്ങൾ തമ്മിൽ ചേന്നു് ഒരു കുഴമ്പെന്നപോലെയായി ഭവിക്കും. ഒരു മാസം കഴിയുന്നതുവരെ അതിങ്കൽ സ്ത്രീയെന്നും പുരുഷനെന്നും വിഭാഗം കല്പിപ്പാൻ തക്കതായ ഒരു വിശേഷവുമുണ്ടാകയില്ല. അപ്പോൾ പ്രജ പുരുഷനായി ഭവിപ്പാൻ തക്കതായുള്ള ഔഷധങ്ങളെ പ്രയോഗിക്കണം. പുരുഷപ്രയത്നത്തിന്നു ബലമേറുകിൽ അതു ജന്മാന്തരകൃതമായ കർമ്മത്തെ ജയിച്ചും കാര്യത്തെ നിർവ്വഹിക്കും. ജന്മാന്തരകൃതമായ കർമ്മം പ്രബലമായിരുന്നാൽ അതു പുരുഷപ്രയത്നത്തെ ജയിച്ചും കാര്യത്തെ നിർവ്വഹിക്കും. അതുഹേതുവായിട്ടു പുംസവനപ്രയോഗം സഫലമായില്ലായെങ്കിൽ, അവിടെ ജന്മാന്തരകൃതമായ കർമ്മത്തിന്നു ബലമേറുകയാൽ അപ്രകാരം ഭവിച്ചതായിരിക്കാമെന്നും, ഇതുകൊണ്ടു സ്ത്രീത്വസമ്പാദകമായ ജന്മാന്തരകർമ്മം ദുർബ്ബലമായിരുന്നാൽ അതിനെ ജയിപ്പാനായിക്കൊണ്ടുള്ള ശക്തി ഔഷധത്തെ വിട്ടുപോകുന്നതല്ലാ എന്നും സാരം. സ്വർണ്ണംകൊണ്ടോ, വെള്ളികൊണ്ടോ, ഇരുമ്പുകൊണ്ടോ ഒരു പുരുഷപ്രതിമ ഉണ്ടാക്കി അതു തിയ്യിൽവെച്ചു പഴുപ്പിച്ചു അഗ്നിവർണ്ണമായാൽ എടുത്തു പാലിൽ മുക്കി തണുത്താൽ അതിൽനിന്നെടുത്തു് ആ പാൽ നാലുപലം എടുത്തു കുടിക്കുക. എന്നാൽ ഗർഭത്തിങ്കലുള്ള പ്രജ പുരുഷനായി ഭവിക്കും. മേൽപ്രകാരമുണ്ടാക്കിയ പാൽ കുടിക്കുന്നതു പുഷ്യനക്ഷത്രത്തോടുകൂടിയ കാലത്തിങ്കലായിരിക്കുകയും വേണം. വെളുത്ത തണ്ടോടുകൂടിയ കടലാടിയുടെ വേർ, ജീവകം, ഇടവകം, കരിംകുറ

ഞ്ഞിവേര്, ഈ മരുന്നുകളിൽ ഓരോന്നുതന്നെയോ, ഈരണ്ടാ
യിട്ടൊ, മുമ്മൂന്നായിട്ടൊ, ഒക്കെക്കൂടിയൊ പുഷ്യനക്ഷത്രത്തോടു
കൂടിയ കാലത്തിങ്കൽ വെള്ളത്തിലരച്ചുകലക്കി സേവിക്കുക.
ഫലം മേൽപ്രകാരം (പുഷ്യനക്ഷത്രം=പൂയം). വേഠംവഴുതിന
വേർ പാലിലരച്ചു കലക്കി സ്ത്രീയുടെ വലത്തെ മൂക്കിൽ ഒഴി
ക്കണം. എന്നാൽ ഉദരത്തിലുണ്ടാകുന്ന ശിശു പുരുഷനായി
ഭവിക്കും. സ്ത്രീയായി ഭവിക്കേണമെന്നുണ്ടെങ്കിൽ ഇടത്തെ മൂക്കി
ൽ ഒഴിച്ചുകൊൾക. ഇതിങ്കൽ അധികാരി ഭൎത്താവാകയാൽ വേ
റെ ആരെങ്കിലും ചെയ്യാൽ മതിയാകയുമില്ല. തിരുതാളിയുടെ
വേർ പാലിലരച്ചു കലക്കി അതു മൂക്കിൽ ഒഴിക്കുകയൊ, ഗൎഭി
ണി സേവിക്കുകയൊ ചെയ്യാൽ പുരുഷപ്രജയുണ്ടാകും. ഇതു
ഗൎഭമുണ്ടായാൽ അഴിഞ്ഞുപോകുക, പ്രസവിക്കുമ്പോൾതന്നെ
പ്രജക്കു ജീവനില്ലായ്ക, പ്രസവിച്ചതിന്റെശേഷം വളരെ ദിവ
സം കഴിയാതെ ശിശു മരിക്കുക ഇത്യാദിയായി ഗൎഭത്തിന്നു
സ്ഥിതിയില്ലായ്മ കാണുന്നതിന്നു പ്രതിവിധിയാകുന്നു എന്നറിയ
ണം. വടശൃംഗങ്ങളുടെ അഷ്ടകം പാലിലരച്ചു കലക്കി മൂക്കിൽ
ഒഴിക്കുകയൊ സേവിപ്പിക്കുകയൊ ചെയ്ക. എന്നാലും മേൽപ
റഞ്ഞ ഫലം സിദ്ധിക്കും. (വടശൃംഗങ്ങൾ=പേരാൽമൊട്ടുകൾ.
അഷ്ടകം=എട്ട്.) ജീവനീയങ്ങളായിരിക്കുന്ന ഔഷധങ്ങൾകൊ
ണ്ടു പുറമെയുള്ള ഉപയോഗവും ആന്തരമായിട്ടുള്ള ഉപയോ
ഗവും ഹിതമാകുന്നു. ജീവനീയങ്ങളായിരിക്കുന്ന ഔഷധങ്ങൾ
എന്നതുകൊണ്ടു ജീവനീയഗണത്തിൽ അന്തൎഭവിച്ചിട്ടുള്ള അട
പതിയൻ മുതലായ ഔഷധങ്ങളെ ഗ്രഹിച്ചുകൊൾക. പുറമെ
യുള്ള ഉപചാരം തലക്കും മേലെക്കുമുള്ള എണ്ണകളിൽ കഷായ
മായിട്ടും കല്ക്കമായിട്ടും മേൽപറഞ്ഞ ഔഷധങ്ങളെ ചേൎത്തു കാ
ച്ചി തേക്കുകയും, മേൽപറഞ്ഞ ഔഷധങ്ങളരച്ചു മേൽ തേക്കു
കയും, അതുകളിട്ടു തിളപ്പിച്ചു വെള്ളം മന്ദോഷ്ണമാക്കി കുളിക്കുന്ന
സമയം മേൽപകരുകയും ഇങ്ങിനെ തുടങ്ങി അനേകവിധമാ
കുന്നു. ആന്തരമായ ഉപചാരം മേൽപറഞ്ഞ ഔഷധങ്ങൾ

കൊണ്ടു ഉണ്ടാക്കിയ കഷായത്തെ സേവിക്കുകയും, നെയ്യ സേവിക്കുകയും ഇങ്ങിനെയുള്ളതൊക്കെയുമാകുന്നു. ഇപ്രകാരം ദ്വിവിധമായ ജീവനീയൌഷധങ്ങളുടെ ഉപയോഗം ഗർഭത്തെ സ്ഥിരമാക്കുന്നു എന്നു അറിഞ്ഞുകൊൾക.

ഉപചാരഃ പ്രിയഹിതൈർഭർത്രാ ഭൃത്യൈശ്ച ഗർഭധൃക് ।
നവനീതഘൃതക്ഷീരൈസ്സദാ ചൈനാമുപാചരേൽ ॥൭॥

വ്യാ—ഇഷ്ടങ്ങളായും പത്ഥ്യങ്ങളായും ഉള്ള ആഹാരവിഹാരാദികളും, ഭർത്താവിന്റെ ലാളനയും, ഭൃത്യന്മാരുടെ ആദരവും ഗർഭസ്ഥിതിക്കു ഹേതുവാകുന്നു. വെണ്ണകൊണ്ടും, നെയ്യകൊണ്ടും, പാൽകൊണ്ടും ഗർഭിണിയെ എല്ലാ സമയവും ഉപചരിച്ചുകൊൾകയും വേണം.

അതിവ്യവായമായാസാ ഭാരം പ്രാവരണം ഗുരു ।
അകാലജാഗരസ്വപ്നൌ കഠിനോൽകടികാസനം ॥൮॥
ശോകക്രോധഭയോദ്വേഗ വേഗശ്രദ്ധാവിധാരണം ।
ഉപവാസാദ്ധ്വാതീക്ഷ്ണോഷ്ണ ഗുരുവിഷ്ടംഭിഭോജനം ॥൯॥
രക്താംബിവസനം ശ്വഭ്രകൂപേക്ഷാം മദ്യമാമിഷം ।
ഉത്താനശയനം യച്ചാന്യസ്ത്രിയോനേച്ഛന്തി തത്ത്യജേൽ ॥൰॥

വ്യാ—അതിമൈഥുനം, ആയാസം, ഭാരവഹനം, കനമുള്ള പുതപ്പു പുതക്കുക, രാത്രിയിൽ ഉറങ്ങാതെ ഇരിക്കുകയും പകൽ ഉറങ്ങുകയും, കഠിനമായ പലക മുതലായതിന്മേൽ ഇരിക്കുകയും, കുന്തിച്ചിരിക്കുകയും ചെയ്ക, ദുഃഖവും, കോപവും, ഭയവും, ഉദ്വേഗവും, വേഗരോധവും, ഒരു വസ്തുവിങ്കൽ ആഗ്രഹമുണ്ടായാൽ അതിനെ ഒതുക്കിക്കൊണ്ടുള്ള ഇരുപ്പും, ഉപവാസവും, വഴിനടപ്പും, തീക്ഷ്ണമായും ഉഷ്ണമായും ഗുരുത്വത്തോടു കൂടിയതായും വിഷ്ടംഭത്തെ ഉണ്ടാക്കുന്നതായും ഇരിക്കുന്ന ആഹാരവും, രക്തമായ വസ്ത്രവും, ഗുഹയെ നോക്കുകയും, കിണറു നോക്കുകയും, മദ്യപാനവും, മാംസഭക്ഷണവും, മലൎന്നിട്ടുള്ള കിടപ്പും ഗർഭിണികൾക്കു ഹിതമല്ലായ്കയാൽ അതുകളെയും, വിശേ

ഷിച്ച വളരെ പ്രസവിച്ചവരായുള്ള സ്ത്രീകളും ഏതെല്ലാം അരു തെന്നു പറയുന്നുവോ അതിനേയും ഉപേക്ഷിച്ചുകൊൾക.

പ്രഥമെ മാസി ഗർഭേതു യദാ ഭവതി വേദനാ ।
ചന്ദനം ശതപുഷ്പാച ശക്കരാ മദയന്തികാ ॥൧൧॥
ഏതാനി സമഭാഗാനി പിഷ്ട്വാ തണ്ഡുലവാരിണാ ।
പായയേൽ പയസാലോഡ്യ ഗർഭിണീം മാത്രയാ ഭിഷക് ।൧൨।
തഥാതിലാൻ പത്മകഞ്ച ശാലൂകം ശാലിതണ്ഡുലാൻ ।
ക്ഷീരേണപിഷ്ട്വാ ക്ഷീരേണ സിതാക്ഷൌദ്രാന്വിതേനച।൧൩।
ആലോഡ്യ പായയേന്നാരീം തതഃ സമ്പദ്യതെ ശുഭം ।
തസ്മിൻ സുജീർണ്ണെ ദാതവ്യം ഭോജനം ക്ഷീരസംയുതം ॥൧൪॥

വ്യാ—ഗർഭിണിക്കു ഒന്നാമത്തെ മാസത്തിൽ വയററിൽ വേദന ഉണ്ടായാൽ ചന്ദനം, ശതകുപ്പ, പഞ്ചസാര, തന്തിരിപ്പൂവ്, ഇവ സമം അരിക്കാടിയിലരച്ച് പാലിൽ കലക്കി മാത്രയനുസരിച്ച് സേവിപ്പിക്കുക. അപ്രകാരം തന്നെ എള്ള്, പതിമുകം, താമരക്കിഴങ്ങ്, ചെന്നെല്ലരി, ഇവ സമം പാലിൽ അരച്ച്, പാലിൽ തന്നെ കലക്കി പഞ്ചസാരയും, തേനും ചേർത്ത് ഗർഭിണിയെ സേവിപ്പിക്കണം. എന്നാൽ സുഖമാകും. ഇതു നല്ലവണ്ണം ദഹിച്ചാൽ പാൽകൂട്ടി ചോറ് ഉണ്ണുകയും വേണം.

(രണ്ടാംമാസത്തിൽ)

ദ്വിതീയെ മാസികലലാൽ ഘനഃപേശ്യഥവാർബ്ബുദം ।
പുംസ്ത്രീ ക്ലീബാഃക്രമാത്തേഭ്യസ്തത്ര വ്യക്തസ്യലക്ഷണം ॥൧൫॥
ക്ഷാമതാ ഗരിമാകുക്ഷൌ മൂർഛാ ഛർദ്ദിരരോചകഃ ।
ജൃംഭാ പ്രസേകസ്സദനം രോമരാജ്യാഃ പ്രകാശനം ॥൧൬॥
അമ്ലേഷ്ടതാ സ്തനൌപീനൌ സസ്തന്യൌ കൃഷ്ണചൂചുകൌ ।
പാദശോഫോവിദാഹോന്യെ ശ്രദ്ധാശ്ചവിവിധാത്മികാഃ।൧൭।

വ്യാ—രണ്ടാമത്തെ മാസത്തിൽ ഗർഭം കലലാവസ്ഥയിൽ നിന്നു ഘനമായൊ പേശിയായൊ അല്ലെങ്കിൽ അർബ്ബുദമാ

യൊ ഭവിക്കും. ഘനം=വൃത്താകൃതിയായ കലലം. പേശി=ചതുരശ്രാകൃതിയായ കലലം. അർബ്ബുദം=പൂളമൊട്ടിന്റെ ആകൃതിയായ കലലം. ഇവയിൽ വെച്ച് ഘനത്തിൽനിന്ന് പുരുഷനും, പേശിയിൽ നിന്ന് സ്ത്രീയും, അർബ്ബുദത്തിൽ നിന്ന് നപുംസകവും ഉണ്ടാകും. വ്യക്തമായ ഗൎഭത്തിന്റെ ലക്ഷണം ശരീരം ചടക്കുക, വയററിൽ കനമുണ്ടാവുക, മോഹാലസ്യമുണ്ടാവുക, ഛർദ്ദി, രുചിഇല്ലാതാവുക, കോട്ടുവായിടുക, വായിൽ വെള്ളം തെളിയുക, ദേഹം തളരുക, കക്ഷിമദ്ധ്യത്തിങ്കലുള്ള രോമരാജി പ്രകാശിക്കുക, പുളിരസത്തിൽ ഇഷ്ടം തോന്നുക, മുലകൾ തടിക്കുക, മുലപ്പാലുണ്ടാവുക, മുലക്കണ്ണുകൾ കറുക്കുക, എന്നിവയാകുന്നു. ചില ആചാൎയ്യന്മാരുടെ പക്ഷത്തിൽ കാലടികളിൽ വീക്കവും, ഉൾപ്പുഴുക്കും, പലപ്രകാരത്തിലുള്ള ആഗ്രഹങ്ങളും ഉണ്ടാകുന്നതുകൂടി വ്യക്തഗൎഭലക്ഷണങ്ങളാകുന്നു.

മാതൃജംഹ്യസ്യ ഹൃദയം മാതുശ്ച ഹൃദയേന തൽ ।
സംബദ്ധം തേന ഗൎഭിണ്യാ നേഷ്ടം ശ്രദ്ധാവിമാനനം ॥൧൮॥
ദേയമപ്യഹിതം തസ്യൈ ഹിതോപഹിതമല്പകം ।
ശ്രദ്ധാവിഘാതാൽ ഗൎഭസ്യ വികൃതിശ്ച്യുതിരേവ വാ ॥൧൯॥

വ്യാ—ഗൎഭസ്ഥനായ ശിശുവിന്റെ ഹൃദയം മാതാവിങ്കൽനിന്നു ജനിക്കുന്നതാണ്. അത് മാതാവിന്റെ ഹൃദയത്തോട് സംബന്ധിച്ചുമിരിക്കുന്നു. ആകയാൽ ഗൎഭിണിക്ക് ഏതെങ്കിലും വസ്തുക്കളിൽ ആഗ്രഹം തോന്നിയാൽ ആയത് സാധിപ്പിക്കാതിരിക്കരുത്. ഗൎഭിണിക്ക് അപഥ്യമായ ആഹാരപാനാദികളിൽ താല്പൎയ്യമുണ്ടായാൽ പഥ്യമായ ആഹാരപാനാദികളോടുകൂടിച്ചേൎത്ത് അല്പമായിട്ട് കൊടുക്കേണ്ടതാണ്. ഗൎഭിണിയുടെ ഇച്ഛയെ സാധിപ്പിച്ചില്ലെങ്കിൽ ഗൎഭസ്ഥനായ ശിശുവിന്ന് വികാരം വരികയൊ, ഗൎഭംതന്നെ നശിച്ചുപോകയൊ ചെയ്യുന്നതാണ്.

ദ്വിതീയേ മാസി ഗൎഭേ തു യദാ ഭവതി വേദനാ ।
തദോല്പലസ്യ കല്ക്കാന്തു ശൃംഗാടകകശേരുകം ॥൨൦॥

തണ്ഡുലോദകപിഷ്ടം തു പായയേൽ തണ്ഡുലാംബുനാ ।
നിവാൎയ്യ ഗർഭശൂലംച സ്ഥിരം ഗർഭം കരോതി ച ॥൨൧॥
ഇദമൌഷധമുൽകൃഷ്ടം ഗൎഭിണ്യാഃ സൌഖ്യവൎദ്ധനം ।
യദി ക്ഷീരപ്രിയാ നാരീ തദാ ക്ഷീരേണ പായയേൽ ॥൨൨॥

വ്യാ—രണ്ടാമത്തെ മാസത്തിൽ ഗർഭത്തിങ്കൽ വേദന ഉണ്ടായാൽ ചെങ്ങഴിനീർകിഴങ്ങ്, വയ്ക്കൊട്ടക്കിഴങ്ങ്, കഴിമുതങ്ങ്, എന്നിവ അരിക്കാടിയിൽ അരച്ച് അരിക്കാടിയിൽ കലക്കി സേവിപ്പിക്കണം. എന്നാൽ ഗർഭശൂലം ശമിപ്പിച്ച് ഗർഭത്തിന്നു സ്ഥിരത ഉണ്ടാക്കും. ഈ ഔഷധം ഉൽകൃഷ്ടമായിട്ടുള്ളതും, ഗൎഭിണിക്കു സൌഖ്യം വളൎത്തുന്നതുമാകുന്നു. ഗൎഭിണി പാലിൽ പ്രതിപത്തിയുള്ളവളാണെങ്കിൽ ഇത് പാലിൽ കലക്കി സേവിപ്പിക്കുകയും ചെയ്യാം.

(മൂന്നാം മാസത്തിൽ.)

വ്യക്തീഭവതി മാസസ്യ തൃതീയേ ഗാത്രപഞ്ചകം ।
മൂൎദ്ധാദേ സക്ഥിനീ ബാഹ്വൂ സൎവ്വസൂക്ഷ്മാംഗജന്മച ॥൨൩॥
സമമേവച മൂൎദ്ധാദ്യൈൎജ്ഞാനഞ്ച സുഖദുഃഖയോഃ ।
അതസ്തസ്യാ മനഃ ക്ലേശഃ ക്ലേശയേൽ ഗൎഭഗം ശിശും ॥൨൪॥

വ്യാ—മൂന്നാം മാസത്തിൽ ഗർഭസ്ഥനായ ശിശുവിന്നു മൂൎദ്ധാവും, രണ്ടു തുടകളും, രണ്ടു കൈകളും എന്നിങ്ങിനെ അഞ്ചംഗങ്ങൾ വ്യക്തങ്ങളായി ഭവിക്കും. സൂക്ഷ്മങ്ങളായിട്ടു എല്ലാ അംഗങ്ങളും ഉണ്ടാകയും ചെയ്യും. ഈ മൂൎദ്ധാദികളായ അംഗങ്ങളുണ്ടാകുന്നതോടുകൂടി ശിശുവിന്നു സുഖദുഃഖങ്ങളുടെ അറിവുണ്ടാകയും ചെയ്യും.

ഗൎഭസ്യനാഭൌ മാതുശ്ച ഹൃദി നാഡീ നിബദ്ധ്യതേ ।
തയാ സപുഷ്ടിമാപ്നോതി കേദാര ഇവ കുല്യയാ ॥൨൫॥

വ്യാ—ഗർഭത്തിലുള്ള ശിശുവിന്റെ പൊക്കിളിലും മാതാവിന്റെ ഹൃദയത്തിലും കൂടി മൂന്നാം മാസത്തിൽ ഒരു നാഡി (കുഴൽ) ബന്ധിക്കപ്പെടുന്നു. ഇതിന്നു കാരണം ജീവന്റെ അ

ദൃഷ്ടശക്തി തന്നെയാണ്. ആ നാഡിയിലൂടെ ആഹാരരസം മാതാവിൽനിന്നു ശിശുവിലേക്കു ചെല്ലുന്നതുകൊണ്ടാണു ഗർഭം പുഷ്ടിയെ പ്രാപിക്കുന്നതു. എന്തുപോലെയെന്നാൽ കേദാരം (വയൽ, എന്നുവെച്ചാൽ വയലിലെ നെല്ല്) കുല്യ (കൈതോട്) കൊണ്ടെന്നപോലെ. മാതാവു ഭക്ഷിക്കുന്നതായ ആഹാരത്തിന്റെ രസം ഹൃദയനാഡിയിലൂടെ ശിശുവിന്റെ ഉള്ളിലേക്കു നാഭിവഴിയായി പ്രവേശിച്ച് ശിശു പുഷ്ടിയെ പ്രാപിക്കുമെന്നു സാരം.

തൃതീയേ ക്ഷീരകാകോളീ കാകോള്യാമലകീഫലം ।
പിഷ്ടമുഷ്ണോദകേനൈതൽ പായയേൽ ഗർഭിണീം ഭിഷക് ൨൧

വ്യാ—മൂന്നാം മാസത്തിൽ ക്ഷീരകാകോളി, കാകോളി, നെല്ലിക്ക ഇവ ചുടുവെള്ളത്തിലരച്ചു കലക്കി വൈദ്യൻ ഗർഭിണിയെ സേവിപ്പിക്കണം.

ശാല്യന്നം പയസാ ജീർണ്ണേ ഭോജയേദ്ഗർഭിണീം ।
തഥാ പദ്മോല്പലം കുഷ്ഠം ശാലൂകഞ്ച സമാംശികം ॥൨൨॥
സിതോദകേന പിഷ്ട്വാതു ക്ഷീരേണാലോഡ്യ പായയേൽ ।
തേന ശൂലം നിവർത്തേത ന ഗർഭോവ്യഥതേ ധ്രുവം ॥൨൩॥

വ്യാ—മേല്പറഞ്ഞ ഔഷധം ദഹിച്ചാൽ പാൽ കൂട്ടിയ ശാല്യന്നം (ചെന്നെല്ലരിച്ചോറ്) ഗർഭിണിയെ ഭുജിപ്പിയ്ക്കണം. അപ്രകാരം തന്നെ താമരക്കിഴങ്ങ്, ചെങ്ങഴിനീർക്കിഴങ്ങ്, കൊട്ടം, ജാതിക്ക ഇവ സമം പഞ്ചസാരവെള്ളത്തിലരച്ച് പാലിൽ കലക്കി സേവിപ്പിക്കണം. ഇതു ചെയ്താൽ മൂന്നാം മാസത്തിലുണ്ടാകുന്ന ഗർഭശൂലം ശമിക്കും. ഗർഭത്തിന്നു വ്യഥയുണ്ടാകയുമില്ല.

(നാല്, അഞ്ച്, ആറ്, ഏഴ് മാസങ്ങളിൽ.)

ചതുർത്ഥേ വ്യക്തതാംഗാനാം ചേതനായാശ്ച പഞ്ചമേ ।
ഷഷ്ഠേ സ്നായുസിരാരോമബലവർണ്ണനഖത്വചാം ॥൨൪॥
സർവ്വൈസ്സർവ്വാംഗസമ്പൂർണ്ണോ ഭാവൈഃ പുഷ്യതി സപ്തമേ ।

വ്യാ—നാലാം മാസത്തിൽ, മുമ്പ് അവ്യക്തങ്ങളായിരുന്ന അവയവങ്ങൾക്കു വ്യക്തതയുണ്ടാകും. അഞ്ചാമത്തെ മാസത്തിൽ ചേതനക്കും (മനസ്സിന്നും) വ്യക്തതയുണ്ടാകും. ആറാമത്തെ മാസത്തിൽ സ്നായുക്കൾ, സിരകൾ, രോമം, ബലം, നിറം, നഖം, ത്വക്ക് ഇവക്കു വ്യക്തത വരും. ഏഴാമത്തെ മാസത്തിൽ ഗർഭം എല്ലാ അവയവങ്ങളോടും എല്ലാ ഭാവങ്ങളോടും കൂടി പൂൎണ്ണമായിട്ടു വൃദ്ധിയെ പ്രാപിക്കും.

ഇനി നാലാംമാസം മുതലായവയിലുണ്ടാകുന്ന ഗർഭശൂലത്തിന്നു ചികിത്സകൾ പറയുന്നു:—

ചതുൎത്ഥേതു വിധാനജ്ഞഃ പായയേദിദമൌഷധം ॥൩൦॥
പിഷ്ട്വാല്പലഞ്ച ശാലൂകം കണ്ടകാരീം ത്രികണ്ടകം ।
യഥാഗ്നി മാത്രയാ കാലേ ഗർഭിണീം പയസാ സഹ ॥൩൧॥
തഥാ ഗോക്ഷുരകം സിംഹീം വാളകം നീലമുൽപലം ।
പിഷ്ട്വാ ക്ഷീരേണ പാതവ്യം ഗർഭശൂലനിവാരണം ॥൩൨॥

വ്യാ—നാലാമത്തെ മാസത്തിൽ ശാസ്ത്രവിധിയറിയുന്നവനായ വൈദ്യൻ താഴെ പറയുന്ന ഔഷധത്തെ സേവിപ്പിക്കണം. അതായതു-ചെങ്ങഴിനീക്കിഴങ്ങ്, താമരക്കിഴങ്ങ്, കണ്ടകാരിച്ചുണ്ടവേര്, ഞെരിഞ്ഞിൽ ഇവ പാലിലരച്ച് അഗ്നിബലത്തിന്നനുസരിച്ച മാത്രയിൽ കാലത്തിങ്കൽ ഗർഭിണിയെ സേവിപ്പിക്കണം. അപ്രകാരം തന്നെ ഞെരിഞ്ഞിൽ, ചെറുവഴുതിനവേര്, ഇരുവേലി, ചെങ്ങഴിനീക്കിഴങ്ങ് ഇവയും പാലിലരച്ചു സേവിക്കാം. ഇവ നാലാം മാസത്തിലുണ്ടാകുന്ന ഗർഭശൂലത്തെ ശമിപ്പിക്കും.

പഞ്ചമേ മാസി ഗർഭേതു യദാ ഭവതി വേദനാ ।
തത്ര നീലോല്പലം വീരാം പിഷ്ട്വാ ക്ഷീരേണപാചനം॥൩൩॥
ഘൃതക്ഷൌദ്രാന്വിതം പീത്വാ ഗർഭസ്യ ച രുജാം ഹരേൽ ।
തഥാ നീലോല്പലം നാരീം കാകോളീം സമഭാഗികാം ॥൩൪॥

ശീതതോയേന പിഷ്ട്വാ ച ക്ഷീരേണാലോഡ്യ പായയേൽ ।
അനേന വിധിനാ ഗർഭഃ സ്ഥിരഃ സ്യാദ്രുക് പ്രശാമ്യതി ॥൩൯॥

വ്യാ—അഞ്ചാം മാസത്തിൽ ഗർഭശൂലമുണ്ടായാൽ ചെങ്ങഴിനീക്കിഴങ്ങ്, കാകോളി രണ്ടും എന്നിവ പാലിലരച്ച് നെയ്യും തേനും ചേർത്തു സേവിപ്പിക്കുക. ഗർഭവേദന ശമിക്കും. അപ്രകാരം തന്നെ ചെങ്ങഴിനീർക്കിഴങ്ങ്, കാകോളി ഇവയും പാലിലരച്ചു കലക്കി സേവിപ്പിക്കാം. ഇതു ചെയ്താൽ ഗർഭം ഉറയ്ക്കുകയും വേദന ശമിക്കയും ചെയ്യും.

ഷഷ്ഠേ മാസി യദാ ഗർഭേ വേദനാ ജായതേ തദാ ।
മാതുലുംഗസ്യ ബീജാനി പ്രിയംഗും ചന്ദനോല്പലം ॥൩൩॥
ക്ഷീരേണാലോഡ്യ പാതവ്യം ഗർഭശൂലനിവാരണം ।
തഥാ പ്രിയാളബീജാനി മൃദ്വീകാ ലാജസക്തവഃ ॥൩൪॥
ഏതത്സുശീതളം കാലേ പീത്വാ ച സുഖമശ്നുതേ ।

വ്യാ—ആറാം മാസത്തിൽ ഗർഭത്തിൽ വേദനയുണ്ടായാൽ മാതളനാരങ്ങയുടെ വിത്ത്, ഞാഴൽപൂവ്, ചന്ദനം, ചെങ്ങഴിനീക്കിഴങ്ങ് ഇവ സമം പാലിലരച്ചു കലക്കി സേവിക്കുക. ഗർഭശൂലം ശമിക്കും. അപ്രകാരം തന്നെ മുന്തിരിവിത്ത്, മുന്തിരിങ്ങ, മലർപ്പൊടി ഇവ നല്ല തണുപ്പോടുകൂടി (തണുത്ത) വെള്ളത്തിൽ സേവിക്കുക. എന്നാലും സുഖം കിട്ടും.

സപ്തമേ ശതപുത്രിഞ്ച മൃണാളസഹിതാം പിബേൽ ॥൩൫॥
പിഷ്ട്വാ ക്ഷീരേണ ശൂലാർത്താ ഗർഭിണീ യാ സുഖാർത്ഥിനീ ।
കപിത്ഥക്രമുകാന്മൂലം സലാജം ശർക്കരായുതം ॥൩൬॥
ശീതതോയേന സംപിഷ്ടം ക്ഷീരേണാലോഡ്യ പായയേൽ ।
പീത്വാ ഹന്ത്യബലാ ശീഘ്രം ശൂലം ഗർഭസമുത്ഭവം ॥൪൦॥

വ്യാ—ഏഴാം മാസത്തിൽ ഗർഭശൂലം ഉണ്ടായാൽ പുത്രഞ്ചാരി, താമരവളയം ഇവ സമം പാലിലരച്ച് കലക്കി സേവിക്കുക. സുഖം ലഭിക്കും. വിളാവിൻ വേര്, കവുങ്ങിൻവേര്, മലര് ഇവ പാലിലരച്ചു കലക്കി പഞ്ചസാര ചേർത്തു സേവി

ക്കുകയുമാകാം. എന്നാൽ ഗർഭിണിക്കു ഗർഭജമായ വേദന ശമിക്കും.

ഏഴാമത്തെ മാസത്തിൽ ഗർഭശൂലമല്ലാതെയും ചില ഉപദ്രവങ്ങൾ വരാം. അവയെപ്പറയുന്നു:—

ഗർഭേണോൽപീഡിതാ ദോഷാസ്തസ്മിൻ ഹൃദയമാശ്രിതാഃ ।
കണ്ഡൂം വിദാഹം കുർവ്വന്തി ഗർഭിണ്യാഃ കിക്കിസാനി ച ॥൭൫॥
നവനീതം ഹിതം തത്ര കോലാംബുമധുരൌഷധൈഃ ।
സിദ്ധമല്പപടുസ്നേഹം ലഘു സ്വാദു ച ഭോജനം ॥൭൬॥
ചന്ദനോശീരകല്ക്കേന ലിമ്പേദൂരുസ്തനോദരം ।
ശ്രേഷ്ഠയാ ചൈണഹരിണശശശോണിതയുക്തയാ ॥൭൭॥
അശ്വഘ്നപത്രസിദ്ധേന തൈലേനാഭ്യജ്യ മർദ്ദയേൽ ।
പടോലനിംബമഞ്ജിഷ്ഠാസുരസൈസ്സേചയേൽ പുനഃ ॥൭൮॥
ദാർവ്വീമധുകതോയേന മൃജാഞ്ച പരിശീലയേൽ ।

വ്യാ—ഗർഭത്താൽ പീഡിതങ്ങളായ വാതാദി ദോഷങ്ങൾ ഗർഭിണിയുടെ ഹൃദയത്തിൽ ചെന്നു വശായിട്ട് ഗർഭിണിക്കു ഹൃദയത്തിൽ ചൊറിച്ചിൽ, വിദാഹം, കിക്കിസങ്ങൾ ഇവയുണ്ടാക്കും. വിദാഹം=കയ്യടങ്ങളിലും കാലടികളിലും ചുമലുകളിലും വേദന. കിക്കിസങ്ങൾ=തുടകളിലും മുലകളിലും വയററത്തും ഒരു തരം ചുളിവുകൾ. ഇവയുണ്ടായാൽ ലന്തക്കുരു കഷായവും മധുരൌഷധങ്ങൾ കല്ക്കവുമായി വെണ്ണനെ കാച്ചി സേവിക്കുകയും പുരട്ടുകയും ചെയ്യുന്നതു നല്ലതാകുന്നു. ലഘുവായും മധുരരസമായുമുള്ള അന്നം അല്പമായ ഉപ്പും മെഴുക്കും ചേൎത്തു ഭക്ഷിക്കാം. ചന്ദനം, രാമച്ചം ഇവ വെള്ളത്തിലരച്ച് അതു തുടകയിലും മുലകളിലും വയററത്തും പുരട്ടാം. മാൻചോര, മുയൽച്ചോര ഇവ കൂട്ടി അരച്ച ത്രിഫലയുടെ കല്ക്കവും മേല്പറഞ്ഞ അവയവങ്ങളിൽ പുരട്ടുന്നതു നന്ന്. കണവീരത്തിലകൊണ്ടു കാച്ചിയ എണ്ണ പുരട്ടി പടോലം, വേപ്പിൻതൊലി, മഞ്ചട്ടിപ്പൊടി, തുളസി ഇവയരച്ച കല്ക്കംകൊണ്ടു തേച്ചുതിരുമ്മുകയും,

പിന്നെ മരമഞ്ഞത്തൊലി, ഇരട്ടിമധുരം, ഇവയുടെ കഷായം കൊണ്ടു തേച്ചുകഴുകുകയും വേണം

(എട്ടാം മാസത്തിൽ.)

ഓജോഷ്ടമേ സഞ്ചരതി മാതാപുത്രൌ മുഹുഃ ക്രമാൽ ॥൪൯॥
തേന മ്ലായൌ മ്ലാനമുദിതൌ തത്രജാതോ ന ജീവതി ।
ശിശുരോജോനവസ്ഥാന്നാരീ സംശയിതാ ഭവേൽ ॥൫൦॥
ക്ഷീരപേയാച പേയാത്ര സഘൃതാനാ‌സന്നം ഘൃതം ।
മധുരൈസ്സാധിതം ശുദ്ധ്യൈ പുരാണശകൃതസ്സഥാ ॥൫൧॥
ശുഷ്കമൂലകകോലാമ്ലകഷായേണ പ്രശസ്യതേ ।
ശതാഹ്വാകല്കിതോ വസ്തിഃ സതൈലഘൃതസൈന്ധവഃ ൫൨

വ്യാ—എട്ടാമത്തെ മാസത്തിൽ ഓജസ്സ് വീണ്ടും വീണ്ടും മാതാ പുത്രന്മാരിലേക്കു സഞ്ചരിക്കുന്നു. ഇടക്കു മാതാവിൽ നിന്നു പുത്രനിലേക്കും, ഇടക്കു പുത്രനിൽ നിന്നു മാതാവിലേക്കും ഓജസ്സ് പകന്നുംകൊണ്ടിരിക്കുമെന്നൎത്ഥം (ഓജസ്സ്=രസാദി സപ്തധാതുക്കളുടെ തേജസ്സും ജീവന്നധിഷ്ഠാനവുമായിട്ടുള്ള ഒരു വസ്തു) ഇക്കാരണത്താൽ എട്ടാംമാസത്തിൽ മാതാവും പുത്രനും ഇടക്കു വാടിയും ഇടക്കു തെളിഞ്ഞുമിരിക്കും. മാതാവിൽനിന്നു ശിശുവിലേക്കു ഓജസ്സ് പകന്നിരിക്കുമ്പോൾ മാതാവിന്നു വാട്ടവും ശിശുവിന്നു തെളിവും, അതുപോലെത്തന്നെ ശിശുവിൽനിന്നു മാതാവിലേക്കു ഓജസ്സ് പകന്നിരിക്കുമ്പോൾ ശിശുവിന്നു വാട്ടവും മാതാവിന്നു തെളിവും ഉണ്ടാകുമെന്നു സാരം. ജീവന്നാസ്പദമായ ഓജസ്സിന്നു ഇപ്രകാരം അസ്ഥിരതയുള്ളതു കൊണ്ട് എട്ടാം മാസത്തിൽ ജാതനായ ശിശു ജീവിക്കുകയില്ല. എട്ടാംമാസത്തിൽ പ്രസവിച്ചാൽ ആ സ്ത്രീ ജീവിച്ചുവെന്നും മരിച്ചുവെന്നും വരാം. എട്ടാം മാസത്തിൽ നെയ്യ് ചേൎത്ത പാൽ കഞ്ഞി കുടിക്കയും, മധുരദ്രവ്യങ്ങൾ ചേൎത്തു കാച്ചിയ നെയ്യ് കൊണ്ടു സ്നേഹവസ്തി ചെയ്കയും, പഴകിക്കിടക്കുന്ന മലത്തിന്നു ശോധന വരുവാനായിട്ടു ഉണങ്ങിയ മുള്ളങ്കിക്കിഴങ്ങും ലന്തക്കു

ത്രവും കൂടി കഷായംവെച്ചു ശതകുപ്പ അരച്ചുകലക്കി ആയതു കൊണ്ടു കഷായവസ്തി ചെയ്കയും വേണം.

അഷ്ടമേതു യദാ മാസെ ഗൎഭേ ഭവതി വേദനാ ।
തദാ പിഷ്ടപാതു ധാന്യാകം പായമയത്തണ്ഡുലാംബുനാ॥൭൯॥
ശൂലം നിവൎത്തതേ തേന ഗൎഭസ്സന്ധാൎയ്യതേ സ്ത്രിയാഃ ।

വ്യാ—എട്ടാമത്തെ മാസത്തിൽ ഗൎഭിണിക്കു ഗൎഭവേദന യുണ്ടായാൽ കൊത്തമ്പാലയരി അരിക്കാടിയിലരച്ചു കലക്കി സേവിപ്പിക്കണം. ഇതു ചെയ്താൽ സ്ത്രീയുടെ ഗൎഭശൂലം ശമിക്കയും, ഗൎഭത്തിന്നു സ്ഥിരത വരികയും ചെയ്യും.

എവം പലാശസ്യ ദളം സുപിഷ്ടം
സംപീയ തോയേന സുശീതളേന ।
അത്യന്തഘോരാഷ്ടമമാസഗൎഭ-
വ്യഥാതുരാ യാന്തി സുഖം തരുണ്യഃ ॥൮൦॥

വ്യാ—ഇപ്രകാരംതന്നെ പ്ലാശിന്റെ ഇല അരച്ചു നല്ല തണുത്ത വെള്ളത്തിൽ കലക്കികുടിച്ചാൽ എട്ടാംമാസത്തിലെ അതിഭയങ്കരമായ ഗൎഭശൂലംകൊണ്ടു പരവശമാരായ സ്ത്രീകൾ സുഖത്തെ പ്രാപിക്കും.

(ഒമ്പതാംമാസത്തിൽ)

തസ്മിംന്നേകാഹയാതേപി കാലസ്സൂതരതഃ പരം ।
വൎഷാദവികാരകാരീസ്യാൽ കുക്ഷൌ വാതേന ധാരിതഃ॥൮൧॥

വ്യാ—എട്ടാം മാസം അവസാനിച്ചതിന്നുശേഷം ഒരു ദിവസം മാത്രം കഴിഞ്ഞാലും പ്രസവത്തിന്നുള്ള കാലമാകുന്നു. ഒരു സംവത്സരം കഴിഞ്ഞിട്ടും വായുവിന്റെ തകരാറുനിമിത്തം പ്രസവിക്കാതിരുന്നാൽ ആ ഗൎഭം ഉദരത്തിങ്കൽ വായുവിനാൽ തടയപ്പെട്ട് പലതരം വികാരങ്ങളെ (രോഗങ്ങളെ) ഉണ്ടാക്കുന്നതായിരിക്കും. എട്ടുമാസവും ഒരു ദിവസവും കഴിഞ്ഞാൽ സംവത്സരം തികയുന്നതുവരെയുള്ള സമയം പ്രസവകാലമാണെന്നും, എന്നിട്ടും പ്രസവിക്കാതിരുന്നാൽ രോഗമുണ്ടെന്നു ധരിക്കണമെന്നും സാരം.

ശസ്യശ്ച നവമേമാസി സ്നിഗ്ദ്ധാ മാംസരസൌദനഃ ॥൫൪॥
ബഹുസ്നേഹാ യവാഗ്രൂർവ്വാ പൂർവ്വോക്തഞ്ചാനുവാസനം ।
തത ഏവ വിചുഞ്ചാസ്യാ യോനൌനിത്യംനിധാപയേൽ ॥൫൫॥
വാതഘ്നപത്രഭംഗാംഭശ്ശീതം സ്നാനേനപഹം ഹിതം ।
നിസ്നേഹാംഗീം നനവമാന്മാസാൽ പ്രഭൃതി വാസയേൽ ॥൫൬॥

വ്യാ—ഒമ്പതാം മാസത്തിൽ ഗർഭിണിക്കു സ്നിഗ്ദ്ധവും മാംസരസത്തോടുകൂടിയതുമായ അന്നം നല്ലതാകുന്നു. അല്ലെങ്കിൽ ധാരാളം നെയ്യ ചേർത്ത കഞ്ഞിയായാലും മതി. മുമ്പു പറഞ്ഞതായ സ്നേഹവസ്തിയും നന്ന്. ആ സ്നേഹവസ്തിക്കുള്ള നെയ്യിൽ തന്നെ ഒരു ശീലക്കഷണം നനച്ച് നിത്യവും അവളുടെ യോനിപ്രദേശത്തിൽ ഇടുകയും വേണം. കുളിക്കുവാൻ വാതഹരങ്ങളായ ഇലകളിട്ടു തിളപ്പിച്ചാറിയ വെള്ളം വേണം. ഒമ്പതാം മാസം മുതൽക്കു ശരീരത്തിൽ നിന്നു സ്നിഗ്ദ്ധത വിട്ടുപോകാത്ത വിധം ഇരുത്തുകയും വേണം.

ഗർഭിണ്യാ നവമേ മാസി യദാ ഭവതി വേദനാ
ഏരണ്ഡമൂലം കാകോളീം പിഷ്ട്വാ ശീതോദകേനച ॥൫൭॥
പീത്വാ ശൂലാദ്വിമുച്യേത തദാ നാരീ ന സംശയഃ ।
തഥാ പലാശബീജഞ്ച സകാകോളീകരഞ്ജകം ॥൫൮॥
തക്രേണവാരിണാ പിഷ്ട്വാ ഗർഭശൂലം വ്യപോഹതി ।

വ്യാ—ഒമ്പതാം മാസത്തിൽ ഗർഭിണിക്കു ഗർഭശൂലമുണ്ടായാൽ ആവണക്കിൻവേര്, കാകോളി ഇവ തണുത്ത വെള്ളത്തിൽ അരച്ചുകലക്കി സേവിക്കണം. എന്നാൽ ഗർഭശൂലം ശമിക്കും, സംശയമില്ല. അപ്രകാരം തന്നെ പ്ലാശിൻകുരു, പൊൻകുരഞ്ഞിവേര് ഇവ അരിക്കാടിയിലരച്ചു കലക്കി കുടിച്ചാലും ഒമ്പതാം മാസത്തിലെ ഗർഭശൂലം ശമിക്കും.

ഉക്തം നവസു മാസേഷു ഗർഭശൂല ചികിത്സിതം ॥൫൯॥
ദശമോ മാസ ആഖ്യാതഃ സ്ത്രീണാംവൈജനനോത്സവഃ

വ്യാ—ഇപ്രകാരം ഒമ്പതു മാസങ്ങളിൽ ഗൎഭിണികൾക്കു ണ്ടാകുന്ന ഗൎഭശൂലത്തിന്റെ ചികിത്സ പറയപ്പെട്ടു. പത്താമത്തെ മാസം സ്ത്രീകൾക്കു പ്രസവിക്കാനുള്ള മാസമാണെന്നു വൈദ്യന്മാരാൽ പറയപ്പെട്ടിരിക്കുന്നു.

വാതേന ധാരിതോ ഗൎഭോ യാവദ്വൎഷം പ്രസൂയതേ ॥ദ്വേ॥
ദശമാദിഷു മാസേഷ്വപ്യുച്യതേ തച്ചികിത്സിതം ।

വ്യാ—എന്നാൽ വാതത്താൽ കുക്ഷിയിൽ ധാരിതമായിരിക്കുന്ന ഗൎഭം ഒരു വൎഷം തികയുന്നതുവരെ പ്രസവിക്കപ്പെടുന്നു. അതായതു പന്ത്രണ്ടുമാസം തികയുന്നതുവരെ പ്രസവത്തിന്റെ കാലമാകുന്നു. അതിനാൽ പത്താമത്തേതു മുതലായിട്ടുള്ള മാസങ്ങളിലും ചികിത്സ (ഗൎഭശൂലചികിത്സ) പറയപ്പെടുന്നു.

അഥവാ ദശമേമാസി വേദനാ ജായതേ യദാ ॥ഒന്നു॥
തദാ നീലോല്പലം യഷ്ടിമധുകം മുദ്ഗസംയുതം ।
സസിതഞ്ചാംഭസാപിഷ്ട്വാ ക്ഷീരേണാലോഡ്യപായയേൽ നര
ദോഷഞ്ച നാശയേദേഷ ശൂലം ഗൎഭസമുൽഭവം ।

വ്യാ—അഥവാ പത്താമത്തെ മാസത്തിൽ വേദന ഉണ്ടാകുന്നു എങ്കിൽ ചെങ്ങഴിനീൎക്കിഴങ്ങ്, എരട്ടിമധുരം, ചെറുപയറ് ഇവ വെള്ളത്തിലരച്ച് പാലിൽ കലക്കി പഞ്ചസാര ചേൎത്തു സേവിപ്പിക്കണം. ഇതു ഗൎഭംകൊണ്ടുണ്ടാകുന്ന ശൂലത്തെ ശമിപ്പിക്കും.

തഥാ ചൈകാദശേ മാസി ഗൎഭേ ഭവതി വേദനാ ॥നൃഹി॥
മധുകം പത്മകഞ്ചൈവ മൃണാളം നീലമുല്പലം ।
ശീതതോയേന പിഷ്ട്വാതു ക്ഷീരേണാലോഡ്യ പായയേൽ നര
തേനൈവ വേദനാതീവ നാശമായാതി സത്വരം ।

വ്യാ—അപ്രകാരം തന്നെ പതിനൊന്നാമത്തെ മാസത്തിൽ ഗൎഭത്തിങ്കൽ വേദനയുണ്ടായാൽ എരട്ടിമധുരം, പതിമുകം, താമരവളയം, ചെങ്ങഴിനീൎക്കിഴങ്ങ് ഇവ പച്ചവെള്ള

ത്തിലരച്ച പാലിൽ കലക്കി സേവിപ്പിക്കണം. ഇതുകൊണ്ടു വേഗത്തിൽ ഗർഭവേദന ശമിക്കും.

ക്ഷീരികാമുല്പലം കഷ്ഠം സമംഗാം മൂലകം സിതാം ॥൱൩॥
പിബേദേകാദശേ മാസി ഗർഭിണീ ശൂലശാന്തയെ ।

വ്യാ — പാൽമുതക്കിൻ കിഴങ്ങ്, ചെങ്ങഴിനിക്കിഴങ്ങ്, കൊട്ടം, പടർച്ചുണ്ടവേര്, മുരലരിക്കിഴങ്ങ്, പഞ്ചസാര ഇവയും പതിനൊന്നാം മാസത്തിൽ ഗർഭശൂലത്തിന്റെ ശമനത്തിന്നു സേവിക്കാം.

സിതാ വിദാരീ കാകോളീ തഥാ ക്ഷീരവിദാരികാ ॥൱൪॥
ഗർഭിണീ ദ്വാദശേ മാസി പിബേച്ഛൂലഘ്നമൌഷധം ।

വ്യാ — പന്ത്രണ്ടാമത്തെ മാസത്തിൽ ഗർഭശൂലമുണ്ടായാൽ പഞ്ചസാര, മുതക്കിൻകിഴങ്ങ്, കാകോളി, പാൽമുതക്കിൻ കിഴങ്ങ് ഇവ അരച്ചു കലക്കി ഗർഭിണി സേവിക്കണം. ഇതു ശൂലഹരമാകുന്നു.

അനന്തരം ഗർഭസ്രാവത്തിന്റെ ചികിത്സയെ മാസക്രമേണ പറയുന്നു: —

മധുകം ശാകബീജഞ്ച പയസ്യാ സുരദാരു ച ॥൱൫॥
അശ്മന്തകഃ കൃഷ്ണതിലാസ്താമ്രവല്ലീ ശതാവരീ ।
വത്സാദനീ പയസ്യാ ച ലതാ സോല്പലശാരിബാ ॥൱൬॥
അനന്താ ശാരിബാ രാസ്നാ പത്മാ ച മധുയഷ്ടികാ ।
ബൃഹതീദ്വയകാശ്മര്യ്യ ക്ഷീരിശുംഗത്വചോ ഘൃതം ॥൱൭॥
പൃശ്നിപർണ്ണീ ബലാശിഗ്രു ശ്വദംഷ്ട്രാ മധുപർണ്ണികാ ।
ശൃംഗാടകം ബിസം ദ്രാക്ഷാ കശേരു മധുകം സിതാ ॥൱൮॥
സപ്തൈതാൻ പയസാ യോഗാനർദ്ധശ്ലോക സമാപനാൻ
ക്രമാത്സപ്തസു മാസേഷു ഗർഭേ സ്രവതി യോജയേൽ ॥൱൯॥
കപിത്ഥ ബിലാ ബൃഹതീ പടോലേക്ഷു നിദിഗ്ധികാൽ ।
മൂലൈഃ ശൃതം പ്രയുഞ്ജീത ക്ഷീരം മാസേ തഥാഷ്ടമേ ॥൱൰॥
നവമേ ശാരിബാനന്താപയസ്യാ മധുയഷ്ടിഭിഃ ।

യോജയേദ്ദശമേമാസി സിദ്ധം ക്ഷീരം പയസ്യയാ ॥ഫ്ര
അഥവാ യഷ്ടിമധുക നാഗരാമരദാരുഭിഃ ।

വ്യാ—(1) എരട്ടിമധുരം, തേക്കിൻകുരു, അടപതിയൻ കിഴങ്ങ്, ദേവതാരം, (2) മുളം പ്ലാവിൻവേര്, കറുത്ത എള്ള്, മഞ്ചട്ടിപ്പൊടി, ശതാവരിക്കിഴങ്ങ്, (3) ചിററമൃത്, അടപതിയൻ കിഴങ്ങ്, ഞാഴൽ പൂവ്വ്, വെളുത്ത നന്നാറിക്കിഴങ്ങ്, (4) കൊട്ടത്തൂവ്വവേര്, നന്നാറിക്കിഴങ്ങ്, അരത്ത, ഓരിലത്താമര, എരട്ടിമധുരം, (5) ചെറുവഴുതിനവേര്, വെൾവഴുതിനവേര്, കുമിഴിൻവേര്, നാല്പാമരമൊട്ട്, നാല്പാമരത്തൊലി, (6) മുവ്വിലവേര്, കുറുന്തോട്ടിവേര്, മുരിങ്ങവേര്, ഞെരിഞ്ഞില്, അമരിവേര്, (7) വല്ലട്ടക്കിഴങ്ങ്, താമരവളയം, മുന്തിരിങ്ങ, കഴിമുത്തങ്ങ, ഇരട്ടിമധുരം, പഞ്ചസാര ഇങ്ങിനെ അരേരശ്ശ്ലോകംകൊണ്ടവസാനിക്കുന്ന ഏഴുയോഗങ്ങൾ ഒന്നുമുതൽ ഏഴുകൂടിയ മാസങ്ങളിൽ ഗർഭം സ്രവിച്ചാൽ ക്രമത്തിൽ സേവിക്കണം. (8) എട്ടാം മാസത്തിൽ ഗർഭം സ്രവിച്ചാൽ വിളാർമരത്തിൻവേര്, കൂവളത്തിൻ വേര്, വെൾവഴുതിനവേർ, പടോലം, കരിമ്പിൻവേര്, ചെറുവഴുതിനവേര്, ഇവയിട്ടു കുറുക്കിയ പാലും, (9) ഒമ്പതാം മാസത്തിൽ ഗർഭം സ്രവിച്ചാൽ നന്നാറിക്കിഴങ്ങ്, കൊട്ടത്തൂവ്വവേര്, അടപതിയൻ കിഴങ്ങ്, ഇരട്ടിമധുരം ഇവയിട്ടു കുറുക്കിയ പാലും സേവിക്കണം. (10) പത്താമത്തെ മാസത്തിൽ ഗർഭം സ്രവിച്ചാൽ അടപതിയൻ കിഴങ്ങ് കൊണ്ടൊ അല്ലെങ്കിൽ എരട്ടിമധുരം, ചുക്ക്, ദേവതാരം ഇവകൊണ്ടൊ കുറുക്കിയ പാൽ സേവിക്കണം.

ഇനി ഗർഭശൂലം, ഗർഭസ്രാവം, ഗർഭത്തിനുറപ്പില്ലായ്മ മുതലായവയെ ശമിപ്പിക്കുന്ന ചില യോഗങ്ങളെപ്പറയുന്നു:—

കുശകാശോരുബൂകാനാം മൂലൈർഗ്ഗോക്ഷുരകസ്യ ച ॥വെ॥
ശൃതം ദുഗ്ദ്ധം സിതായുക്തം ഗർഭിണ്യാഃ ശൂലനുൽ പരം ।

വ്യാ—ദൎഭവേര്, ആറവദൎഭവേര്, ആവണക്കിൻവേര്, ഞെരിഞ്ഞിലിൻവേര് ഇവ കല്ക്കവും കഷായവുംകൊണ്ടു കാച്ചിയ നൈ പഞ്ചസാര ചേൎത്തു സേവിക്കുക. ഗൎഭിണിക്കുണ്ടാകുന്ന ശൂലം ശമിപ്പിക്കും.

കുശേരുശൃംഗാടകജീവനീയ-
പത്മോല്പലൈരണ്ഡശതാവരീഭിഃ ।
സിദ്ധം പയശ്ശൎക്കരയാ വിമിശ്രം
സംസ്ഥാപയേൽ ഗൎഭമുദീൎണ്ണവേഗം ॥൩൨॥

വ്യാ—കഴിമുത്തങ്ങ, വല്ലട്ടക്കിഴങ്ങ്, ജീവനീയഗണം (ജീവനീയഗണം=അടപതിയൻകിഴങ്ങ്, കാകോളി, ക്ഷീരകാകോളി, മേദ, മഹാമേദ, കാട്ടുപയററിൻവേര്, കാട്ടുഴന്നിൻവേര്, ഇടവകം, ജീവകം), താമരക്കിഴങ്ങ്, ചെങ്ങഴിനീക്കിഴങ്ങ്, ആവണക്കിൻവേര്, ശതാവരിക്കിഴങ്ങ് ഇവയിട്ടു കുറുക്കിയ പാൽ പഞ്ചസാര ചേൎത്തു സേവിക്കുക. ഇളകിക്കൊണ്ടിരിക്കുന്ന ഗൎഭം ഉറക്കും.

മധുനാ ഛാഗദുഗ്ദ്ധേന കുലാലകരകൎദ്ദമഃ ।
അവശ്യം സ്ഥാപയേൽ ഗൎഭം ചലിതം പാനയോഗതഃ ॥൩൩॥

വ്യാ—കുമ്പാരൻ കുടമുണ്ടാക്കുമ്പോൾ അവന്റെ കയ്യിൽ പററിയിരിക്കുന്ന മണ്ണ് തേനിൽ ചാലിച്ചോ, ആട്ടിൻപാലിൽ കലക്കിയൊ സേവിക്കുക. ഇളകിയ ഗൎഭം തീൎച്ചയായും ഉറക്കും.

കുശേരുശൃംഗാടകപത്മകോല്പലം
സമുദ്ഗപൎണ്ണീമധുകം സശൎക്കരം ।
സശൂലഗൎഭസ്രുതിപീഡിതാംഗനാ
പയോ വിമിശ്രം പയസാന്നഭുക് പിബേൽ ॥൩൪॥

വ്യാ—കഴിമുത്തങ്ങ, വല്ലട്ടക്കിഴങ്ങ്, പതിമുകം, ചെങ്ങഴിനീക്കിഴങ്ങ്, കാട്ടുപയററിൻവേര്, ഇരട്ടിമധുരം ഇവകൊണ്ടു പാലും കൂട്ടി കാച്ചിയ നൈ പഞ്ചസാര ചേൎത്തു ഗൎഭശൂലവും ഗൎഭസ്രാവവുമുള്ള സ്ത്രീ സേവിക്കണം. ഇതു സേവിക്കുന്ന കാലത്തു പാൽകൂട്ടി ഉണ്ണുകയും വേണം.

ചന്ദനം ശാരിബാലോദ്ധ്രം മൃദ്വീകാ ശർക്കരാന്വിതം ।
കഷായം കൃത്വാ പ്രദാതവ്യം ഗർഭിണ്യാ ജ്വരനാശനം ॥൬൩॥

വ്യാ—ചന്ദനം, നന്നാറിക്കിഴങ്ങ്, പാച്ചോററിത്തൊലി, മുന്തിരിങ്ങ ഇവ കഷായംവെച്ച് പഞ്ചസാര ചേൎത്തു സേവിക്കുക. ഗൎഭിണിക്കുണ്ടാകുന്ന ജ്വരം ശമിക്കും.

ഏരണ്ഡമൂലമമൃതം മഞ്ജിഷ്ഠാ രക്തചന്ദനം ।
ദാരു പത്മയുതഃ ക്വാഥോ ഗർഭിണ്യാ ജ്വരനാശനഃ ॥൬൪॥

വ്യാ—ആവണക്കിൻവേര്, ചിററമൃത്, മഞ്ചട്ടിപ്പൊടി, രക്തചന്ദനം, ദേവതാരം, താമരവളയം ഇവകൊണ്ടുള്ള കഷായം ഗർഭിണിയുടെ ജ്വരത്തെ ശമിപ്പിക്കുന്നതാകുന്നു.

ആമ്രജംബൂത്വചഃ ക്വാഥം ലേഹയേല്ലാജസക്തുഭിഃ ।
അനേന ലീഢമാത്രേണ ഗർഭിണീ ഗ്രഹണീം ജയേൽ ॥൬൫॥

വ്യാ—മാവിൻതൊലി, ഞാവൽത്തൊലി ഇവ കഷായം വെച്ചതിൽ മലർപ്പൊടിയിട്ടു ലേഹംപോലെയാക്കി സേവിക്കുക. ഗൎഭിണിക്കുണ്ടാകുന്ന ഗ്രഹണി ശമിക്കും.

(ഹ്രീബേരാദി കഷായം.)

ഹ്രീബേരാരളു രക്തചന്ദന ബലാ ധന്യാകവത്സാദനീ
മുസ്താശീര യവാഷ പർപ്പട വിഷാ ക്വാഥം പിബേൽ ഗർഭിണീ ।
നാനാവൎണ്ണരുജാതിസാരകഗദേ രക്തസ്രുതൌ വാ ജ്വരേ
യോഗോയം മുനിഭിഃ പുരാ നിഗദിതസ്സുതാമയേഷൂത്തമഃ ॥൬൬॥

വ്യാ—ഇരുവേലി, അരളു, രക്തചന്ദനം, കുറുന്തോട്ടിവേര്, കൊത്തമ്പാലയരി, രക്തചന്ദനം, മുത്തങ്ങ, രാമച്ചം, കൊടുത്തൂവ്വവേര്, പർപ്പടകം, അതിവിടയം ഇവ കഷായം ഗർഭിണി സേവിച്ചാൽ നാനാവൎണ്ണങ്ങളോടുകൂടിയ അതിസാരവും രക്തസ്രാവവും ശമിക്കും.

(ലവംഗാദി ചൂൎണ്ണം.)

ലവംഗം ടങ്കണം മുസ്തം ധാതകീ ബില്വ ധാന്യകം ।
ജാതീഫലം സൎജ്ജകഞ്ച ശതാഹ്വാ ദാഡിമം തഥാ ॥൬൭॥

ജീരകം സൈന്ധവം മോചം നീലോല്പല രസാഞ്ജനം ।
അഭ്രകം വംഗകം ചൈവ സമംഗാ രക്തചന്ദനം ॥൮൧॥
വിശ്വഞ്ചാതിവിഷാ ശൃംഗീ ഖദിരം വാളകം സമം ।
ഏതച്ചൂൎണ്ണം പ്രദാതവ്യം സംഗ്രഹഗ്രഹണീഹരം ॥൮൨॥
നാനാവൎണ്ണമതീസാരം ജ്വരഞ്ചൈവ നിയച്ഛതി ।
ആമരക്താതിസാരഷ്ണം ശൂലശോഫനിബൎഹണം ॥൮൩॥
ഭൃംഗരാജരസൈഃ പ്ലാവ്യ ഭാവയിത്വാ ദിനത്രയം ।
ഛാഗീദുഗ്ദ്ധേന മതിമാൻ ഗൎഭിണീമനുപായയേൽ ॥൮൪॥

വ്യാ__ഇലവംഗത്തൊലി, പൊങ്കാരം, മുത്തങ്ങ, താതിരിപ്പൂവ്, കൂവളവേര്, കൊത്തമ്പാല, ജാതിക്ക, ചെഞ്ചല്യം, ശതകുപ്പ, ഡാഡിമനാരങ്ങ, ജീരകം, ഇന്തുപ്പ്, ഏലത്തരി, ചെങ്ങഴിനീക്കിഴങ്ങ്, രസാഞ്ജനം, അഭ്രം, വാഗം(വെളുത്ത ഈയ്യം) വടച്ചുണ്ടവേര്, രക്തചന്ദനം, ചുക്ക്, അതിവിടയം, കൎക്കടകശൃംഗി, കരിങ്ങാലിക്കാതൽ, ഇരുവേലി ഇവകൊണ്ടുള്ള പൊടി ഗൎഭിണികൾക്കു ഗ്രഹണിയുണ്ടായാൽ ഉത്തമം. നാനാവൎണ്ണമായ അതിസാരം, ആമാതിസാരം, രക്താതിസാരം, ഗൎഭശൂലം, നീര്, ജ്വരം ഇവ ശമിക്കും. ഈ പൊടി കഞ്ഞുണ്ണിനീരിൽ മൂന്നു ദിവസം ഭാവനം ചെയ്യണം. പൊടി സേവിച്ചാൽ അനുപാനമായി ആട്ടിൻപാൽ കുടിക്കണം.

(ഗൎഭചിന്താമണിരസം)

രസം താലം തഥാ ലോഹം പ്രത്യേകം കൎഷമാത്രകം ।
കൎഷദ്വയം തഥാചാഭ്രം കൎപ്പൂരം വംഗതാമ്രകം ॥൮൫॥
ജാതീഫലന്തഥാ കോഷം ഗോക്ഷുരഞ്ച ശതാവരീ ।
ബലാതിബലയോൎമ്മൂലം പ്രത്യേകം തോലകം ശ്രുതം ॥൮൬॥
വാരിണാ വടികാ കാൎയ്യാ ദ്വിഗുഞ്ജാഫലമാനതഃ ।
സന്നിപാതം നിഹന്ത്യാശു സ്ത്രീണാഞ്ചൈവ വിശേഷതഃ
ഗൎഭിണ്യാ ജ്വരദാഹഞ്ച പ്രദരം സൂതികാമയം ॥൮൭॥

വ്യാ—രസം, വെള്ളി, ഇരുമ്പ് ഇവ ഓരോ കർഷം; അഭ്രം, കർപ്പൂരം, ഇയ്യം, ചെമ്പ് ഇവ ഈരണ്ടു കർഷം; ജാതിക്ക ഒരു കർഷം; ഞെരിഞ്ഞിൽ, ശതാവരിക്കിഴങ്ങ്, കുറുന്തോട്ടിവേര്, വെൺകുറുന്തോട്ടിവേര് ഇവ ഓരോ തോല—ഇവ വെള്ളത്തിലരച്ചു രണ്ടു കുന്നിക്കുരുപ്രമാണം ഗുളികയാക്കുക. ഇതു സന്നിപാതത്തെയും, വിശേഷിച്ച് സ്ത്രീകളുടെ സന്നിപാതത്തെയും, ഗർഭിണിക്കുള്ള പനി, ചുട്ടുനീറൽ, പ്രദരം ഇവയെയും, സൂതികാരോഗത്തെയും ശമിപ്പിക്കും.

(ഗർഭവിലാസ രസം.)

രസ ഗന്ധക തുത്ഥഞ്ച ത്ര്യഹം ജംബീരമർദ്ദിതം ।
ത്രിഭാവിതം ത്രികടുനാ ദേയം ഗുഞ്ജാദ്വയോന്മിതം ॥വ്യ॥
ഗർഭിണ്യാഃ ശൂലവിഷ്ടംഭ ജ്വരാജീർണ്ണേഷു കേവലം ।
തുത്ഥസ്ഥാനേ യദി സ്വർണ്ണം ചിന്താമണിരസഃസ്മൃതഃ ॥വ്ന॥

വ്യാ—രസം, ഗന്ധകം, തുത്ത് ഇവ മൂന്നു ദിവസം ചെറുനാരങ്ങനീരിലരച്ച് ചുക്ക്, മുളക്, തിപ്പലി ഇവയുടെ കഷായത്തിൽ മൂന്നു പ്രാവശ്യം ഭാവനചെയ്തു രണ്ടു കുന്നിക്കുരുപ്രമാണത്തിൽ ഗുളികയാക്കുക. ഇതു ഗർഭിണിക്കുണ്ടാകുന്ന ശൂലം, വിഷ്ടംഭം, ജ്വരം, അജീർണ്ണം ഇവയ്ക്കുത്തമം. ഇതിൽ തുത്തിന്റെ സ്ഥാനത്തു സ്വർണ്ണം ചേർത്താൽ ഇതിന്നു ഗർഭചിന്താമണിരസമെന്നു പേരുണ്ട്.

(ഗർഭപീയൂഷവല്ലീ രസം)

സൂതം ഗന്ധം തഥാ സ്വർണ്ണം ലോഹം രജതമാക്ഷികം ।
ഹരിതാലം വംഗഭസ്മാപ്യേവഞ്ച സമഭാഗികം ॥വ്ന॥
ഭാവനാ ഖലു ദാതവ്യാ രസൈരേഷാം പൃഥക് പൃഥക് ।
ബ്രാഹ്മീ വാശാ ഭൃംഗരാജഃ പർപ്പടം ദശമൂലകം ॥നം॥
സപ്തധാ ഭാവയേദ്വൈദ്യോ ഗുഞ്ജാമാനാം വടീഞ്ചരേൽ ।
ഗർഭപീയൂഷവല്ല്യാഖ്യാ ഗർഭിണീരോഗഹൃൽ പരം ॥നം॥

വ്യാ— രസം, ഗന്ധകം, സ്വൎണ്ണം, ഇരുമ്പ്, വെള്ളി, മ
ക്കിരക്കല്ല്, അരിതാലം, വംഗഭസ്മം, ഇവ സമം ബ്രഹ്മിനീ
രും, ആടലോടകക്കഷായത്തിലും, കഞ്ഞുണ്ണിനീരിലും, പൎപ്പ
ടകം കഷായത്തിലും, ദശമൂലകഷായത്തിലും ഏഴു പ്രാവശ്യ
ഭാവനംചെയ്തു കുന്നിക്കുരുപ്രമാണം ഗുളികയാക്കി സേവി
ക്കുക. ഗൎഭിണിക്കുണ്ടാകുന്ന സൎവ്വരോഗങ്ങളും ശമിക്കും.

(ഗൎഭവിലാസ തൈലം.)

വിദാരീ ഡാഡിമം പത്രം രജനീ ച ഫലത്രയം ।
ശൃംഗാടകസ്യപത്രഞ്ച ജാതികുസുമമേവ ച ॥൫൭॥
വരീ നീലോല്പലം പത്മം തൈലമേതൈഃ പചേത്സുധീഃ ।
ഏതൽ ഗൎഭവിലാസാഖ്യം ഗൎഭസംസ്ഥാപനം പരം ॥൫൮॥
നിഹന്തി ഗൎഭശൂലഞ്ച ശോണിതസ്രുതിസംഹരം ।
പരം വൃഷ്യതരംഹ്യേതൽ കാശിരാജേന കീൎത്തിതം ॥൫൯॥

വ്യാ—പാൽമുതുക്കിൻ കിഴങ്ങ്, ഡാഡിമത്താരകത്തിൻ
വേര്, പച്ചില, വരട്ടുമഞ്ഞൾ, ത്രിഫല, വല്ലട്ടത്തൊലി, പിച്ച
കപ്പൂവ്, ശതാവരിക്കിഴങ്ങ്, ചെങ്ങഴിനീക്കിഴങ്ങ്, താമരവള
യം ഇവകൊണ്ടു എണ്ണ കാച്ചുക. ഗൎഭവിലാസമെന്നു പേ
രായ ഈ എണ്ണ ഗൎഭത്തെ ഉറപ്പിക്കുന്നതാകുന്നു. ഇതു ഗൎഭ
ശൂലം, രക്തസ്രാവം ഇവയെ നശിപ്പിക്കും. ഏററവും ധാതു
പുഷ്ടിയുണ്ടാക്കും. ഇതു കാശിരാജാവിനാൽ പറയപ്പെട്ടതാകുന്നു.

(ഇന്ദുശേഖര രസം.)

ശിലാജതാഭ്രസിന്ദൂര പ്രവാളായോരജാംസി ച ।
മാക്ഷികഞ്ച തഥാ താലം സമഭാഗാനി മൎദ്ദയേൽ ॥൬൦॥
ഭൃംഗരാജസ്യ പാഠായ്യ നിൎഗ്ഗുണ്ഡ്യാ വാസകസ്യ ച ।
സ്ഥലപത്മസ്യ പത്മസ്യ കടജസ്യ ച വാരിണാ ॥൬൧॥
ഭാവയിത്വാ വടീഃ കുൎയ്യാ കളായ പരിമാണതഃ ।
യഥാ ദോഷാനുപാനേന ഗൎഭിണീഷു പ്രയോജയേൽ ॥൬൨॥
ഗൎഭിണീനാം ജ്വരം ഘോരം ശ്വാസം കാസം ശിരോരുജം ।

രക്താതിസാരം ഗ്രഹണീം ഛാൎദ്ദിം വഹ്നേശ്ചമന്ദതാം ।൯൬।
ആലസ്യമപി ദൌൎബ്ബല്യം ഹന്യാദേഷ ന സംശയഃ ।
കലേരാദൌ സസൎജ്ജേമം ഭഗവാനിന്ദുശേഖരഃ ॥൯൭॥

വ്യാ—കന്മദം, അഭ്രകം, സിന്ദൂരം, പവിഴം, ഉരുക്കുപൊടി മാക്കീരക്കല്ല്, വെള്ളി ഇവ സമം കഞ്ഞുണ്ണിനീരിലും, നിൎമ്മരുതിൻ കഷായത്തിലും, കരുനെച്ചിനീരിലും, ആടലോടകനീരിലും നിലത്താമരയുടേയും താമരയുടേയും കുടകപ്പാലയുടേയും കഷായത്തിലും ഭാവനം ചെയ്ത് അരച്ച കുടലക്കു പ്രമാണത്തിൽ ഗുളികയുരുട്ടി ദോഷകോപത്തിന്നനുസരിച്ച അനുപാനത്തോടുകൂടി ഗൎഭിണികളെ സേവിപ്പിക്കണം. ഗൎഭിണികൾക്കുള്ള പനി, ഏക്കം, ചുമ, തലവേദന, രക്താതിസാരം, ഗ്രഹണി, ഛൎദ്ദി, അഗ്നിമാന്ദ്യം, ആലസ്യം, ബലക്ഷയം ഇവ ശമിക്കും. കലിയുടെ ആരംഭത്തിൽ ഭഗവാൻ ചന്ദ്രശേഖരൻ തന്നെയാണ ഇതുണ്ടാക്കിയതു.

ഇനി ഗൎഭിണിയുടെ ലക്ഷണംകൊണ്ടു ഗൎഭത്തിലുള്ള ശിശുവിനെ അറിയുന്നതെങ്ങിനെയെന്നു പറയുന്നു:—

പ്രാഗ്ദക്ഷിണസ്തനസ്തന്യാ പൂൎവ്വം തൽപാൎശ്വചേഷ്ടിനീ ।
പുന്നാമദൌഹൃദപ്രശ്നരതാ പുംസ്വപ്നദൎശിനീ ॥൯൮॥
ഉന്നതേ ദക്ഷിണേ കുക്ഷൌ ഗൎഭേ ച പരിമണ്ഡലേ ।
പുത്രം സൂതേന്യഥാ കന്യാം യാ ചേച്ഛതി നൃസംഗതിം ।൯൯।
നൃത്തവാദിത്രഗാന്ധൎവ്വ ഗന്ധമാല്യപ്രിയാ ച യാ ।
ക്ലീബം തത്സംകരേ തത്ര മദ്ധ്യം കുക്ഷേസ്സമുന്നതം ॥൧൦൦॥
യമൌ പാൎശ്വദ്വയോന്നാമാൽ കുക്ഷൌ ദ്രോണ്യാമിവസ്ഥിതേ

വ്യാ—മുമ്പു വലത്തെ മുലയിൽ പാലുണ്ടാവുക, പ്രധാനമായി വലത്തുഭാഗംകൊണ്ടു പ്രവൎത്തിക്കുക, പുല്ലിംഗനാമങ്ങളായിട്ടുള്ള വസ്തുക്കളെ ചോദിക്കുന്നതിൽ തല്പരയായിരിക്കുക, പുല്ലിംഗവസ്തുക്കളെ സ്വപ്നം കാണുക, കുക്ഷിയുടെ വലത്തുഭാഗം പൊങ്ങിയിരിക്കുക, ഗൎഭം വൃത്താകാരമായിരിക്കുക ഇവ

ലക്ഷണങ്ങളുള്ളപ്പോൾ പുത്രനെ പ്രസവിക്കും. ഇതിന്നു വിപ തമായാൽ സ്ത്രീയെ പ്രസവിക്കും. അതായതു ഇടത്തെ മുലയി ആദ്യം പാലുണ്ടാവുക, ഇടത്തുഭാഗംകൊണ്ടു പ്രവൎത്തിക്കു സ്ത്രീലിംഗ വസ്തുക്കളിൽ ആഗ്രഹം തോന്നി ചോദിക്കുക, സ്വപ്നം കാണുക, വയററിൻെറ ഇടത്തുഭാഗം പൊങ്ങിയി ക്കുക, ഗൎഭം ദീൎഘാകാരമായിരിക്കുക ഇവ സ്ത്രീപ്രജാലക്ഷ ങ്ങളാണെന്നൎത്ഥം. ഗൎഭമുണ്ടായിരിക്കുമ്പോൾ പുരുഷസംഗമ ഇച്ഛിക്കുന്നവളും നൃത്തവാദ്യ സംഗീതങ്ങളിലും ഗന്ധമാല്യ ളിലും താല്പൎയ്യമുള്ളവളും സ്ത്രീയെ പ്രസവിക്കും. ഇരുപ്രകാരല ക്ഷണങ്ങൾ സമ്മിശ്രമായിരുന്നാൽ കുട്ടി നപുംസകമാകു വയററിൻെറ ഇരുഭാഗങ്ങളും പൊങ്ങി നടു താന്നു വയറു തോ ണിപോലെയിരുന്നാൽ ഇരട്ട പ്രസവിക്കുകയും ചെയ്യും.

മറെറാരു ലക്ഷണം പറയുന്നു:—

രോമരാജിൎഭവേദ്യസ്യാ വാമപാൎശ്വേ സമുത്ഥിതാ ॥൧൦൧॥
കന്യാം തസ്യാ വിജാനീയാദ്ദക്ഷിണേ ച തഥാ സുതം ।

വ്യാ—യാതൊരുവൾക്കു ഗൎഭകാലത്തു ഇടത്തുപാൎശ്വ ത്തിൽ രോമരാജി പൊങ്ങിക്കാണുന്നുവോ അവൾ കന്യകയെ പ്രസവിക്കുമെന്നറിയണം. വലത്തുഭാഗത്താണ രോമരാജി കാ ണുന്നതെങ്കിൽ പ്രജ പുരുഷനുമായിരിക്കും.

ധന്വന്തരിമതേനൈവ സാധ്വാജ്ഞാതശ്ച ശാസ്ത്രവിൽ ॥൧൦൨॥
സംപ്രാപ്തേ ചാഷ്ടമേമാസേ മൈഥുനം പരിവൎജ്ജയേൽ ।
യദിഗച്ഛതിദുൎമ്മേധാഃ കാമമോഹാദചേതനഃ ॥൧൦൩॥
വിപദ്യതേ തദാഗൎഭോ ഗൎഭിണീച വിനശ്യതി ।
അന്ധമൂകാദിബധിരോ ജായതേ കുബ്ജ ഏവ വാ ॥൧൦൪॥

വ്യാ—ധന്വന്തരിയുടെ മതമറിയുന്ന ശാസ്ത്രജ്ഞൻ ഗൎഭം എട്ടാം മാസമായാൽപിന്നെ മൈഥുനം ചെയ്യരുതു്. അറിവി ല്ലാതെയും കാമമോഹത്താൽ തൻെറടം വിട്ടും അഷ്ടാദിമാസ ഗൎഭിണിയായവളെ ഗമിക്കുന്നതായാൽ ഗൎഭം നശിക്കുകയും

ഗർഭിണിക്കു കേടുവരികയും ചെയ്യും. അല്ലെങ്കിൽ അവൾ കുരു
ടനോ ഊമയോ ചെവിടനോ മറേറാ ആയ കുട്ടിയെ പ്രസവി
ച്ചുവെന്നും വരാം.

പ്രാക് ചൈവ നവമാന്മാസാൽ സാ സൂതീഗൃഹമാശ്രയേൽ
ദേശെ പ്രശസ്തേ സംഭാരൈസ്സംപന്നം സാധകേഹനി ।൧൦൮।
തത്രോദീക്ഷേത സാ സൂതിം സൂതികാപരിവാരിതാ ।

വ്യാ—ഗർഭിണി ഒമ്പതാം മാസം പിറക്കുന്നതിന്നു മുമ്പുതന്നെ നല്ല സ്ഥലത്തുണ്ടാക്കിയതും എല്ലാവിധം പ്രസവോപകരണങ്ങളോടു കൂടിയതുമായ സൂതിഗൃഹത്തെ ആശ്രയിക്കണം. (സൂതിഗൃഹം=പ്രസവഗൃഹം) അവിടെ സൂതികമാരായ സ്ത്രീകളോടു കൂടിയിരുന്ന് പ്രസവസമയത്തെ പ്രതീക്ഷിക്കേണ്ടതാണ്.

ഇതി പുത്രകാമീയെ ഗർഭാധികാരഃ

തൃതീയഖണ്ഡഃ സമാപ്തഃ

ചതുർത്ഥഖണ്ഡഃ.

(പ്രസവാധികാരഃ)

അദ്യശ്വഃ പ്രസവേ ഗ്ലാനിഃ കുക്ഷ്യക്ഷിശ്ലഥതാ ക്ലമഃ ।
അധോഗുരുത്വമരുചിഃ പ്രസേകോ ബഹുമൂത്രതാ ॥൧॥
വേദനോരൂദരകടീപൃഷ്ഠഹൃദ്ബസ്തിവംക്ഷണേ।
യോനിഭേദരുജാതോദസ്ഫുരണസ്രവണാനി ച ॥൨॥

വ്യാ—ഇന്നോ നാളെയോ പ്രസവിക്കും എന്ന സ്ഥിതിയിലായാൽ ശരീരത്തിന്നു തളൎച്ചയും (അല്ലെങ്കിൽ ഹർഷക്ഷയവും), വയററിന്നും കണ്ണുകൾക്കും അയവും, ഇന്ദ്രിയസാദവും, കീഴ്ഭാഗത്തിങ്കൽ കനവും, രുചിയില്ലായ്മയും, തുടകളിലും വയററിലും അരക്കെട്ടിലും പുറത്തും നെഞ്ഞത്തും വസ്തിപ്രദേശത്തും കാലടികളിലും വേദനയും, യോനിയിങ്കൽ പിളൎന്നു

നോവ് കുത്തിനോവ് ഇളക്കം സ്രവണം ഇവയും ഉണ്ടാകുക ചെയ്യും. ഈ ലക്ഷണങ്ങൾ കണ്ടാൽ ഇന്നോ നാളെയോ പ്രസവിക്കുമെന്നു ഗ്രഹിക്കണം.

ആവീനാമനുജന്മാതസ്സൂതാ ഗർഭോദകസ്രുതിഃ ।
ഇതീഹസ്മാഹുരാചാര്യാ നാരീണാംപ്രസവക്രമം ॥൨॥

വ്യാ—യോനിസ്രാവണാനന്തരം ആവികൾ (ഈററുനോവുകൾ) ഉണ്ടാകും. ഗർഭനിഷ്ക്രാമണത്തിന്നു കാരണമായ വേദനകൾകൊണ്ടു ആവികൾ എന്നു പേർ പറയുന്നതു. പിന്നെ, ഗർഭോദകം സ്രവിക്കും. ഇപ്രകാരമാണു സ്ത്രീകളുടെ പ്രസവക്രമം എന്നു ആചാര്യന്മാർ പറയുന്നു.

അധോപസ്ഥിതഗർഭാന്താം കൃതകൌതുകമംഗളാം ।
ഹസ്തസ്ഥപുന്നാമഫലാം സ്വഭ്യക്താമുഷ്ണാംബുസേചിതാം പ്ര
പായയേത്സഘൃതാംപേയാം മൃദൌ ഭൂശയനേസ്ഥിതാം ।
ആഭുഗ്നസക്ഥിമുത്താനാമഭ്യക്താംഗീം പുനഃ പുനഃ ॥൩॥
അധോനാഭേർവ്വിമൃദ്നീയാൽ കാരയേജ്ജൃംഭചംക്രമം ।
ഗർഭഃപ്രയാത്യവാഗേവം തല്ലിംഗം ഹൃദ്വിമോക്ഷതഃ ।
ആവിശ്യ ജഠരം ഗർഭോ വസ്തേരുപരി തിഷ്ഠതി ॥൪॥

വ്യാ—ഗർഭോദകം സ്രവിച്ചു പ്രസവമടുത്താൽ ഗർഭിണിയുടെ കയ്യിൽ പുന്നാമഫലം (പുല്ലിംഗ നാമമായ കായ—താളിമാതളം മുതലായവ) ധരിപ്പിച്ചു, നല്ലവണ്ണം എണ്ണതേപ്പിച്ചു കാച്ചുവെള്ളത്തിൽ കുളിപ്പിച്ചു, നൈപകന്ന കഞ്ഞികുടിപ്പിച്ചു, ഭൂമിയിലുള്ള മൃദുവായ ശയനത്തിങ്കൽ മലൎത്തി കിടത്തി, തുടകൾ രണ്ടും വളച്ചു, വീണ്ടും വീണ്ടും എണ്ണതേപ്പിച്ചു നാഭിയുടെ താഴത്തു മൃദുവായി തിരുമ്മുകയും, കോട്ടുവായിടുവിക്കുകയും നടത്തുകയും വേണം. ഇങ്ങിനെ ചെയ്താൽ ഗർഭം കീഴ്പോട്ടിറങ്ങും. അതിന്റെ ലക്ഷണം ഗർഭം അമ്മയുടെ ഹൃദയം വിട്ടു ജഠരത്തിൽ വന്നു വസ്തിയുടെ മുകളിൽ നില്ക്കുകയാകുന്നു.

ആവിർഭൂതപ്രസവാവിദ്ധയന്ത്യാതാം ഖട്വാമാരോഹയേത്തതഃ ।
അഥ സംപീഡിതേ ഗർഭേ യോനിമസ്യാഃ പ്രസാധയേൽ ॥
മൃദുപൂർവ്വം പ്രവാഹേത ഗാഢമാ പ്രസവാച്ച സാ ।
ഹർഷയേത്താം മുഹുഃ പുത്രജന്മശബ്ദജലാനിലൈഃ ॥൧൩॥
പ്രത്യായാന്തി തഥാ പ്രാണാഃ സൂതിക്ലേശാവസാദിതാഃ ।
ധൂപയേൽ ഗർഭസംഗേ തു യോനിം കൃഷ്ണാഹികഞ്ചുകൈഃ ॥൧൪॥
ഹിരണ്യപുഷ്പീമൂലഞ്ച പാണിപാദേന ധാരയേൽ ।
സുവർച്ചലാം വിശല്യാം വാ ജരായുപതനേപി ച ॥൧൫॥
കാര്യമേതത്തഥോൽക്ഷിപ്യ ബാഹോഃ പാദേന താം വികമ്പയേൽ ।
കടീമാകോടയേൽ പാർഷ്ണ്യാ സ്ഫിജൗ ഗാഢം നിപീഡയേൽ ॥

വ്യാ—അപ്പോൾ പ്രസവവേദനകൾ താമസം കൂടാതെ പിന്നെയും പിന്നെയുമുണ്ടായിട്ട് ഈ ഗർഭിണിയെ പ്രസവത്തിങ്കൽ ബദ്ധപ്പെടുത്തും. അതു ഹേതുവായിട്ട് അനന്തരം അവളെ കട്ടിലിന്മേൽകയററി കിടത്തണം. അനന്തരം അവളുടെ ഗർഭം വായുവിനാൽ യോനിമുഖത്തിങ്കൽ പീഡിതമായെങ്കിൽ അഭ്യംഗാദികളെ ചെയ്തു വായുവിന്നു ആനുകൂല്യത്തെ ഉണ്ടാക്കുകയും വേണം. ആദിയിൽ മൃദുവായിട്ടും ശിശുവിൻെറ സ്ഥിതി യോനിദ്വാരത്തിങ്കലായാൽ പ്രസവം കഴിയുന്നതുവരെ അധികമായിട്ടും പ്രവാഹണത്തെ ഗർഭിണി ചെയ്യുകയും വേണം. (പ്രവാഹണം=മുക്കൽ) പ്രസവിച്ചാൽ അവളെ പുത്രജനനം അറിയിക്കുന്ന വാക്കുകളെ പറഞ്ഞും ശീതജലം തളിച്ചും മന്ദവായുവിനെ ഏല്പിച്ചും സന്തോഷിപ്പിക്കണം. എന്നാൽ പ്രസവഹേതുവായിട്ടു തളൎന്നിരിക്കുന്ന വായുക്കൾ പൂൎവ്വസ്ഥിതിയിലാകയും ചെയ്യും. ഗർഭത്തിന്നു തടവുഭവിച്ചാൽ കൃഷ്ണസർപ്പത്തിൻെറ പടകൊണ്ടു യോനിയിങ്കൽ പുകയേല്പിക്കുകയും ഹിരണ്യപുഷ്പിയുടെ മൂലം പച്ചവെള്ളത്തിലരച്ച് ഉള്ളംകൈകളിലും ഉള്ളംകാലുകളിലും തേക്കുകയും ചെയ്യുകൊൾക. (ഹിരണ്യപുഷ്പിക്കു പകരം സുവർച്ചലാ=ചെറുപൂളരിഞ്ഞിൽ, വിശല്യാ=മേന്തോ

ന്നി) മറുപിള്ള വീഴാഞ്ഞിലും മേൽപറഞ്ഞ പ്രയോഗങ്ങളെ ചെയ്തുകൊൾക. പ്രസവിച്ചവളുടെ കൈകളിൽ പിടിച്ചു കുടയുകയും അരക്കെട്ടിൽ മടമ്പു തട്ടിയ്ക്കുകയും ആസനങ്ങളെ നല്ലവണ്ണം ഞെക്കുകയും കൊള്ളാം.

താലുകണ്ഠാസ്പൃശേദ്വേണ്യാ മൂൎദ്ധ്നിദദ്യാൽസ്നുഹീപയഃ।
ഭൂൎജ്ജലാംഗലികീതുംബീസൎപ്പത്വക്കുഷ്ഠസൎഷപൈഃ ॥൩൨॥
പൃഥഗ്ദ്വാഭ്യാം സമസ്തൈൎവ്വാ യോനിലേപനധൂപനം ।
കുഷ്ഠതാലീസകല്ക്കം വാ സുരാമണ്ഡേന പായയേൽ ॥൩൩॥
യൂഷേണവാ കുലത്ഥാനാം വില്വജേനാസവേനവാ ।
ശതാഹ്വാസൎഷപാജാജീ ശിഗ്രുതീക്ഷ്ണക ചിത്രകൈഃ ।൩൪।
സഹിംഗുകുഷ്ഠമദനൈൎമ്മൂത്രേ ക്ഷീരേച സാൎഷപം ।
തൈലംസിദ്ധംഹിതംപായൌരയാന്ത്യാംവാപ്യനുവാസനം൩൫

വ്യാ—തലമുടി കൂത്തിപ്പിരിച്ച് അതിന്റെ അഗ്രംകൊണ്ടൊ തലനാർ വിരലിന്മേൽ ചുററി ആ വിരലുകൊണ്ടൊ അണ്ണാക്കിലും തൊണ്ടയിലും സ്പൎശിക്കുക. കള്ളിപ്പാൽ മൂൎദ്ധാവിൽ പകരുകയുമാം. പെരുമരത്തിൻതൊലി, മേത്തോന്നിക്കിഴങ്ങ്, ചുരവേർ, പാമ്പിൻവള, കൊട്ടം, കടുക് ഈ മരുന്നുകളിൽ ഓരോന്നൊ ഈരണ്ടൊ ഒക്കെക്കൂടിയൊ അരച്ചു യോനിയിങ്കൽ പുരട്ടുകയും ഈ മരുന്നുകൾകൊണ്ടു പുകയ്ക്കുകയും മറുപിള്ള വീഴുവാൻ നല്ലതാകുന്നു. കൊട്ടം, താലീസപത്രം ഇവ മദ്യത്തിന്റെ തെളിയിലൊ മുതിരപുഴുങ്ങിയ വെള്ളത്തിലൊ കൂവളത്തിന്റെ കായ ചതച്ചു വെള്ളത്തിലിട്ട് ഒരു രാത്രിമുഴുവൻ വെച്ചിട്ട് അതിലൊ അരച്ചുകലക്കി സേവിപ്പിയ്ക്കുകയുമാം. ശതകുപ്പ, ആശാളി, മുരിങ്ങവേർ, മുളക്, കൊടുവേലിക്കിഴങ്ങ്, കായം, കൊട്ടം, മലങ്കാരയ്ക്ക ഇവ ഗോമൂത്രവും പാലും കൂട്ടിയതിൽ അരച്ചു കലക്കി അതിൽ കടുകെണ്ണ ചേൎത്തു കാച്ചിയരിച്ച് അതുകൊണ്ട് മലദ്വാരത്തിങ്കലൊ യോനിദ്വാരത്തിങ്കലൊ സ്നേഹവസ്തി വെക്കുകയും നല്ലതാകുന്നു.

ശതപുഷ്പാവചാ കുഷ്ഠകണാസർഷപകല്കിതഃ ।
നിക്വാഥഃ പാതയത്യാശു സസ്നേഹലവണോഽപരാം ॥൫൭॥
തത്സംഗേഹ്യനിലോഹേതുസ്സ്യ നിർഹ്യാത്യാശു തജ്ജയാൽ ।
കുശലാപാണിനാഽക്തേന ഹരേൽക്ലിപ്തനഖേന വാ ।൫൮।

വ്യാ—ചിലക്കു മറുപിള്ള വീഴുന്നതിന്നു തടസ്ഥം നേരിടും. എന്നാൽ ശതകുപ്പ, വയമ്പ്, കൊട്ടം, തിപ്പലി, കടുക് ഇവ കല്ക്കം ചേൎത്തു എണ്ണയും ഇന്തുപ്പും കൂട്ടി കഷായംവെച്ചു ചെല്ലണം. ഈ വസ്തി മറുപിള്ളയെ വേഗത്തിൽ വീഴ്ത്തും. ഈ വസ്തി വായുവിന്റെ വൈഗുണ്യത്തെജ്ജയിക്കും. മറുപിള്ളയുടെ തടവിന്നു കാരണം വായുവാണ്. വായുവിനെജ്ജയിച്ചാൽ അതു തനിയെ പുറത്തു പോകും. ഇതല്ലെങ്കിൽ സമൎത്ഥയായ പരിചാരിക കൈകളിൽ എണ്ണ പുരട്ടി കൈനഖങ്ങറം മുറിച്ച് യോനിയുടെ അകത്തേക്കു കടത്തി മറുപിള്ളയെ എടുക്കുകയുമാകാം.

മേല്പറഞ്ഞ പ്രകാരമാണ് പ്രസവത്തിന്റെ സാധാരണ സമ്പ്രദായം. എന്നാൽ ചിലക്കു പ്രസവത്തിങ്കൽ തടസ്ഥങ്ങളുണ്ടാകാം. ആയതുകൊണ്ട് ചില ഔഷധയോഗാദികളെ പ്പറയുന്നു:—

പാഠാലാംഗലി സിംഹാസ്യ മയൂരകജടൈഃ പൃഥക് ।
നാഭിവസ്തിഭഗാലേപാൽ സുഖം നാരീ പ്രസൂയതേ ।൫൯।
മാതുലുംഗസ്യ മൂലാനി മധുകം മധുസംയുതം ।
ഘൃതേന സഹ പാതവ്യം സുഖം നാരീ പ്രസൂയതേ ॥൬൦॥

വ്യാ—പ്രസവത്തിന്നു തടസ്ഥം കണ്ടാൽ പാടക്കിഴങ്ങ്, മേത്തോന്നിക്കിഴങ്ങ്, മയൂരജട (മയിൽത്തുത്ത്), സിംഹാസ്യം (ആടലോടകവേര്) ഇവ വെവ്വേറെ അരച്ച് നാഭിയിലും വസ്തിയിലും യോനിയിലും പുരട്ടുക. എന്നാൽ സുഖമായി പ്രസവിക്കും. അതല്ലെങ്കിൽ മാതളനാരകത്തിൻവേര്, ഇരട്ടിമധുരം, ഇവ അരച്ച് തേനും നെയ്യും ചേൎത്തു സേവിക്കുക. എന്നാലും സുഖമായി പ്രസവിക്കും.

ഇഹാമൃതമിതി മന്ത്രേണ ബാഹ്യാന്തഃപ്രയതോ ഭിഷക് ।
സുഖം സംസ്രാവയേദ്ഗർഭം യോനൌ വായുവിധാരിതം ॥

വ്യാ—'ഇഹാമൃതം' എന്നാദിയായി ഇനി പറയുവാൻ പോകുന്ന സ്രാവണമന്ത്രം ജപിച്ച്, ബാഹ്യാഭ്യന്തരശുദ്ധിയോടുകൂടിയ വൈദ്യൻ, യോനിയിങ്കൽ വായുവിനാൽ തടസ്ഥപ്പെട്ടു നില്ക്കുന്ന ഗർഭത്തെ സ്രവിപ്പിക്കണം.

(മന്ത്രം.)

ഇഹാമൃതഞ്ച സോമശ്ച ചിത്രഭാനുശ്ച ഭാമിനി ।
ഉച്ചൈഃശ്രവാശ്ച തുരഗോ മന്ദിരേ നിവസന്തുതേ ॥൫൨॥
ഇദമമൃതമപാം സമുദ്ധൃതം വൈ-
രവ ലഘു ഗർഭമിമം വിമുഞ്ചതുസ്ത്രീ
തദനല പവനാർക്ക വാസവാസ്തേ
സഹലവണാംബുധരൈർദിശന്തു ശാന്തിം ॥൫൩॥
മുക്താഃ പാശാ വിപാശാശ്ച മുക്താഃസൂര്യേന്ദു രശ്മയഃ ।
മുക്താസ്സർവ്വേ ഭയാൽഗർഭ ഏഹ്യേഹി മാചിരം സ്വാഹാ ॥

വ്യാ—ഇഹാമൃതം എന്നാദിയായ ഈ മന്ത്രം ഗർഭിണിയെ നോക്കി ജപിക്കേണ്ടതാണ്. വൈദ്യൻ ഈ മന്ത്രം ജപിച്ച് ഭസ്മമിടുക മുതലായ കർമ്മങ്ങളെ ചെയ്യണം.

ജലം ച്യവനമന്ത്രേണ സപ്തവാരാഭിമന്ത്രിതം ।
പീത്വാ പ്രസൂയതേ നാരീ സുഖമേവ ന സംശയഃ ॥൫൪॥

ച്യവനമന്ത്രോ യഥാ.

ഓം ക്ഷിപ നിക്ഷിപ ഉന്മഥ പ്രമഥ മുഞ്ച മുഞ്ച സ്വാഹാ.

വ്യാ—ച്യവനമന്ത്രം ജപിച്ച് ഏഴു പ്രാവശ്യം ഊതിയ വെള്ളം ഗർഭിണിയെക്കൊണ്ടു സേവിപ്പിക്കുക. എന്നാലവൾ സുഖമായി പ്രസവിക്കും, സംശയമില്ല. ച്യവനമന്ത്രം എന്നതു 'ഓം ക്ഷിപ' ഇത്യാദിയാകുന്നു.

ഉഭേപഞ്ചദശം തദ്വദുഭയത്രിംശകം പുനഃ ।
ഉഭയോന്ത്യന്തരം സാധു ലിഖിത്വാ ദർശയേൽ പുടേ ॥൫൫॥

വ്യാ—താഴെ പറയപ്പെടുന്ന ഉഭയപഞ്ചദശകം, ഉഭയത്രിംശകം എന്ന ചക്രങ്ങളിൽ ഏതെങ്കിലും ഒന്നു ശരാവത്തിലെഴുതി ഗർഭിണിക്കു കാണിക്കുക. എന്നാൽ താമസിക്കാതെ പ്രസവിക്കും.

(ഉഭയ പഞ്ചദശകം.)

വസുഗുണവേദാർക്കബാണ നവഷൾ സപ്തയുഗൈഃ ക്രമാൽ ।
സർവ്വം പഞ്ചദശം ദിഗ്ദ്വിസ്ഥ ത്ര്യംശകം നവകോഷ്ഠകേ ॥വ॥

വ്യാ—വസു=എട്ട്, ഗുണം=മൂന്ന്, വേദം=നാല് ഇങ്ങിനെ മൂന്നും; അർക്കം=ഒന്ന്, ബാണം=അഞ്ച്, നവ=ഒമ്പത് ഇങ്ങിനെ മൂന്നും; ഷൾ=ആറ്, സപ്ത=ഏഴ്, യുഗം=രണ്ട് ഇങ്ങിനെ മൂന്നും കൂടി ത്ര്യംശകമായിട്ടുള്ള ഒമ്പതു കള്ളികളിൽ എഴുതിയാൽ എങ്ങിനെ കൂട്ടിയാലും പതിനഞ്ചാകും. ഈ ചക്രത്തിന്നു ഉഭയപഞ്ചദശകമെന്നു പേരാകുന്നു. എങ്ങിനെയെന്നാൽ:---

൮	൧	൬
൩	൫	൭
൪	൯	൨

ഇനി ഉഭയത്രിംശകത്തെപ്പറയാം.

(ഉഭയത്രിംശകം.)

നാഡീ ഋതുവസുഭിസ്സഹ പക്ഷദിഗഷ്ടാദശഭിരേവ ।
അർക്കഭുവനാബ്ധിസഹിതൈരുഭയത്രിംശകമാശ്ചര്യം ॥വ്യ॥

വ്യാ—നാഡി=പതിനാറ്, ഋതു=ആറ്, വസു=എട്ട് ഇങ്ങിനെ മൂന്നും; പക്ഷം=രണ്ട്, ദിക്ക്=പത്ത്, അഷ്ടാദശ=പതിനെട്ട് ഇങ്ങിനെ മൂന്നും; അർക്കം=പന്ത്രണ്ട്, ഭുവനം=പതി

നാല്, അഗ്നി=നാല് ഇങ്ങിനെ മൂന്നും കൂടി ത്ര്യംശകമായിട്ടുള്ള ഒമ്പതു കള്ളികളിൽ എഴുതിയാൽ എങ്ങിനെ കൂട്ടിയാലും മുപ്പതാകും. ഈ ചക്രത്തിന്ന് ഉഭയത്രിംശകമെന്നു പേരാകുന്നു. എങ്ങിനെ എന്നാൽ:—

൧൬	൬	൮
൨	൧൦	൧൮
൧൨	൧൪	൪

ഇനി പ്രസവപത്രത്തെപ്പറയുന്നു:-

(പ്രസവപത്രം)

യമുനാ സരട കരടതീരേ ജംഭലം നാമ രാക്ഷസി ।
തസ്യാഃ സ്മരണമാത്രേണ സദ്യോനാരീ പ്രസൂയതേ ॥൨൬॥

വ്യാ—യമുനാ സരടേത്യാദിയായ ഈ ശ്ലോകം നറുക്കിലെഴുതി ഗർഭിണിക്കു കാണിച്ചാൽ താമസം കൂടാതെ പ്രസവിക്കും.

ഗൃഹാംബുനാ ഗേഹധൂമപാനം ഗർഭാപകർഷണം ।
ഗൃഹാംബുനാ ഹിംഗുസിന്ധുപാനം ഗർഭാപകർഷണം॥൨൭॥

വ്യാ—അട്ടക്കരി എറവെള്ളത്തിൽ കലക്കി കുടിക്കുക. ഇന്തുപ്പും കായവും എറവെള്ളത്തിൽ ചേർത്തു സേവിക്കുക. ഇവ രണ്ടും ഗർഭത്തെ പ്രസവിപ്പിക്കുന്നവയാകുന്നു.

മൃതഗർഭാപരാം യോനിം തൈലനാംഗഞ്ച മർദ്ദയേൽ ।
അഥ സൂതോപചാരേണ ഭിഷക്താം സമുപാചരേൽ ॥൨൮॥

വ്യാ—മേൽപ്പറഞ്ഞ മന്ത്രൌഷധാദികളെക്കൊണ്ടു ഗർഭവും മറുപിള്ളയും ബഹിർഭവിച്ചാൽ എണ്ണകൊണ്ട് യോനിയിൽ പുരട്ടി ഉഴിയണം. പിന്നെ അവൾക്കു പ്രസവിച്ച സ്ത്രീകൾക്കുള്ള ചികിത്സ ചെയ്യണം.

സൂതായാ ഹൃച്ഛിരോവസ്തി ശൂലം മക്കല്ലസംജ്ഞിതം ।
യവക്ഷാരം പിബേത്തത്ര സർപ്പിഷോഷ്ണോദകേന വാ ॥൫൨॥

വ്യാ—പ്രസവിച്ച സ്ത്രീക്കു ഹൃദയത്തിലും ശിരസ്സിലും വസ്തിപ്രദേശത്തും വേദനയുണ്ടാകാം. അതത്രെ മക്കല്ലം എന്ന പേരായ രോഗമാകുന്നു. അതുണ്ടായാൽ ചവർക്കാരം നെയ്യിലോ ചൂടുള്ള വെള്ളത്തിലോ കലക്കി സേവിക്കണം.

പിപ്പല്യാദി ഗണക്വാഥം പിബേദ്വാ ലവണാന്വിതം ।
ധാന്യാംബുവാ ഗുഡവ്യോഷത്രിജാതകരജോന്വിതം ॥൫൩॥

വ്യാ—പിപ്പല്യാദിഗണകഷായം ഇന്തുപ്പ് പൊടിച്ചിട്ടു സേവിപ്പിക്കാം. കൊത്തമ്പാലയരികൊണ്ടു വെച്ച കഷായം ശർക്കര, ചുക്കു, മുളകു, തിപ്പലി, ഏലത്തരി, ഇലവംഗത്തൊലി, പച്ചില ഇവയുടെ പൊടി ചേൎത്തു സേവിപ്പിക്കയും കൊള്ളാം.

പാരാവതശകൃൽ പീതം ശാലിതണ്ഡുലവാരിണാ ।
ഗർഭപാതാനന്തരോത്ഥരക്തസ്രാവനിവാരണം ॥൫൪॥

വ്യാ—പാരാവതമെന്ന പ്രാവിന്റെ (മാടപ്രാവിന്റെ) കാഷ്ഠം അരിക്കാടിയിൽ കലക്കിക്കുടിച്ചാൽ ഗർഭപാതത്തിന്നു ശേഷമുണ്ടാകുന്ന രക്തസ്രാവം ശമിക്കും.

ജലപിഷ്ടവരണപത്രൈഃ സഘൃതൈരുദ്വർത്തനാലേപൌ ।
കിക്കിസരോഗം ഹരതോ ഗോമയഘൃഷ്ടാദ്ദേഹേ വിഹിതൌ ॥൫൫॥

വ്യാ—ദേഹത്തിൽ ആദ്യം ചാണകപ്പൊടി തിരുമ്മി, അതിന്നുമേലെ നീർമാതളത്തില വെള്ളത്തിലരച്ച് നെയ്യുംകൂട്ടി അതുകൊണ്ടു ഉദ്വർത്തനവും ലേപനവും ചെയ്താൽ കിക്കിസമെന്ന രോഗം ശമിക്കും. (കിക്കിസം=തുടകളിലും, മുലകളിലും, ഉദരത്തിലും ചുളിവുണ്ടാകൽ.)

ഇനി പ്രസവചികിത്സയിലുള്ള ചില വിശിഷ്ട യോഗങ്ങളെ പറയുന്നു:—

(അമൃതാദി കഷായം.)

അമൃതാനാഗരസഹചര ഭദ്രോൽക്കടപഞ്ചമൂലജലദ ജലം।
പീതം മധുസംയുക്തം നിവാരയതി സൂതികാതങ്കം ।൯൨।

വ്യാ—ചിററമൃതു, ചുക്ക, കരിങ്കുറിഞ്ഞിവേര്, കുമിഴിൻ വേർ, പഞ്ചമൂലം ഇവകൊണ്ടുള്ള കഷായം ആറിയാൽ തേൻ ചേൎത്തു സേവിക്കുക. പ്രസവിച്ച സ്ത്രീക്കുള്ള സുഖക്കേടുകൾ ശമിക്കും.

(സഹചരാദി കഷായം.)

സഹചര പുഷ്കര വേതസമൂലം
വികങ്കതദാരു കുലത്ഥമയം ।
ജലമത്ര സസൈന്ധവഹിംഗുയുതം
സദ്യോ ജ്വരസൂതിക ശൂലഹരം ।൯൩।

വ്യാ—കരിങ്കുറിഞ്ഞിവേർ, പുഷ്കരമൂലവേർ, ആററുവഞ്ചി വേർ, വയ്യങ്കത വേർ, ദേവതാരം, മുതിര ഇവയുടെ കഷായം ഇന്തുപ്പും കായവും വറുത്തു പൊടിച്ചു മേൽപ്പടി ചേൎത്തു സേവിച്ചാൽ പ്രസവാനന്തരമുള്ള പനിയും വയററിൽ വേദനയും ശമിക്കും.

(ദശമൂലകഷായം.)

ദശമൂലീശൃതഃ ക്വാഥഃ സാജ്യഃ സൂതിരുജാപഹഃ ।
വാതാക്രാന്താസ്തുയാനാൎയ്യസ്താസാമിദമനുത്തമം ।൯൪।

വ്യാ—ദശമൂലംകൊണ്ടു വെച്ച കഷായം നെയ്ചേൎത്തു സേവിച്ചാൽ പ്രസവാനന്തരമുള്ള രോഗങ്ങളും അംഗവേദനയും ശമിക്കും. വാതത്തിന്റെ ഉപദ്രവമുള്ള സ്ത്രീകൾക്കു ഇതു അത്യുത്തമമാകുന്നു.

(സൂതികാദശമൂലം.)

ശാലിപൎണ്ണി പൃശ്നിപൎണ്ണി ബൃഹതിദ്വയഗോക്ഷുരം ।
ദാസി പ്രസാരണി വിശ്വം ഗുളൂചി മുസ്തകം തഥാ ।൯൫।
നിഹന്തി സൂതികാരോഗം ജ്വരദാഹസമന്വിതം ।
സൂതികാദശമൂലാഖ്യാ സൂതികാക്ലേശനാശനം ।൯൬।

വ്യാ—മുവ്വിലവേർ, ഓരിലവേർ, ചെറുവഴുതിനവേർ, വെളുവഴുതിനവേർ, ഞെരിഞ്ഞിൽ, നീലക്കുരുഞ്ഞിവേർ, തലനിളിവേർ, ചുക്കു, ചിററാമൃതു, മുത്തങ്ങ ഇവയുടെ കഷായം പനിയും നീറലുമുള്ള സൂതികാരോഗത്തെ ശമിപ്പിക്കും. സൂതികാദശമൂലമെന്ന ഇതു പ്രസവിച്ചവൎക്കുള്ള ക്ലേശങ്ങൾ തീൎക്കുന്നതാകുന്നു.

(വജ്രകാഞ്ചികം.)

പിപ്പലി പിപ്പലീമൂലം ചവ്യം ശൃംഗീയവാനികാ ।
ജീരകേദ്വേ ഹരിദ്രേദ്വേ വിളം സൌവച്ചലന്തഥാ ॥൪൭॥
ഏതൈരേവൌഷധൈഃ പിഷ്ടൈരാരനാളം വിപാചയേൽ
ഏതദാമഹരം വൃഷ്യം കഫഘ്നം വഹ്നിദീപനം ॥൪൮॥
കാഞ്ചികം വജ്രകം നാമ സ്ത്രീണാമഗ്നിവിവൎദ്ധനം ।
മക്കല്ലശൂലശമനം പരം ക്ഷീരാഭിവൎദ്ധനം ॥൪൯॥

വ്യാ—തിപ്പലി, കാട്ടുതിപ്പലിവേര്, കാട്ടുമുളകിൻവേര്, ചുക്ക്, അയമോദകം, ജീരകം, കരിഞ്ചീരകം, മഞ്ഞൾ, മരമഞ്ഞൾ, വിളയുപ്പ്, തുവച്ചിലയുപ്പ് ഈ ഔഷധങ്ങളരച്ചു കാടിയുണ്ടാക്കുക. ഇതു ആമദോഷത്തെ കളയുന്നതും, വൃഷ്യവും, കഫഹരവും, അഗ്നിദീപ്തി വരുത്തുന്നതുമാണ്. വജ്രകമെന്നു പേരായ ഈ കാഞ്ചികം സ്ത്രീകൾക്കു അഗ്നിയെ വളൎത്തുകയും മക്കലരോഗം ശമിപ്പിക്കയും, മുലപ്പാൽ വൎദ്ധിപ്പിക്കയും ചെയ്യും.

ശതാവൎയ്യാദിലേഹം.

ശതാവൎയ്യാ തുലാക്വാഥേ പാദശേഷേ വിനിക്ഷിപേൽ ।
ശൎക്കരായാഃ പലംത്രിംശൽ ചൂൎണ്ണാനീമാനിദാപയേൽ ॥൫൦॥
വത്സകാ ധാന്യകംമുസ്ത മുശീരം വില്വമേവച ।
ശാല്മലി വേഷ്ടകഞ്ചൈവ പിപ്പലീ മരിചാനിച ॥൫൧॥
ബലാചാതിവിഷാമാംസീ ഹ്രീബേരം സഭൂരാലഭം ।
ഏഷാഞ്ചപലികൈൎഭാഗൈശ്ചൂൎണ്ണിതൈസ്സമാചരേൽ ൫൨

സംഗ്രഹഗ്രഹണീംഹന്തി സൂതിജാമതിദുസ്തരാം ।
വഹ്നിഞ്ച കുരുതേദീപ്തം ശൂലാനാഹവിബന്ധനുൽ ॥൪൭॥

വ്യാ—കുമിഴിൻവേര് ഒരു തുലാം കഷായംവെച്ച് നാലൊന്നാക്കി അതിൽ മുപ്പതുപലം പഞ്ചസാരയും കടകപ്പാലയരി, കൊത്തമ്പാലയരി, മുത്തങ്ങ, രാമച്ചം, കൂവളവേര്, പൂളപ്പശ, തിപ്പലി, കുരുമുളക, കുറന്തോട്ടിവേര്, അതിവിടയം, മാഞ്ചി, ഇരുവേലി, കൊട്ടത്തൂവ്വവേർ ഇവ ഓരോ പലവും പൊടിച്ചുചേൎത്തു ലേഹമാക്കുക. പ്രസവനിമിത്തമുണ്ടാകുന്ന ഗ്രഹണിയും ശൂലവും ആനാഹവും തീൎക്കും. അഗ്നിയെ ദീപിപ്പിക്കയും ചെയ്യും.

(സൌഭാഗ്യശുണ്ഠീ മോദകം.)

കശേരുശൃംഗാടവരാടമുസ്തം
ദ്വിജീരകം ജാതിഫലം സകോലം ।
ലവംഗശൈലേയസനാഗപുഷ്പം
പത്രം വരാംഗം ശഠി ധാതകീച ॥൪൮॥
ഏലാശതാഹ്വാ ധനികേഭപിപ്പലീ
സപിപ്പലീ സോഷണകാ ശതാവരീ ।
പ്രത്യേകമേഷാമിഹ കൎഷയുഗ്മം
മഹൌഷധീചൂൎണ്ണ പലാനി ചാഷ്ടൗ ॥൪൯॥
ഏതാനിത്രിംശത്സിത ശൎക്കരായാഃ
പലാനി ചാഷ്ടാവപി സൎപ്പിഷശ്ച ।
പ്രസ്ഥദ്വയം ക്ഷീരമിഹ പ്രയുക്തം
പാകേചവിധിജ്ഞൈഃ പരമാദരേണ ॥൫൦॥
ഖാദേദിദം കൎഷമഥാൎദ്ധകൎഷം
കൎഷദ്വയംവാപി സമീക്ഷ്യ ശസ്തം ।
സൌഭാഗ്യശുണ്ഠീ കഥിതാ ഭിഷഗ്ഭി-
രഗ്നിപ്രദാ സൂതിഗദാപഹാച ॥൫൧॥

വ്യാ—കഴിമുത്തങ്ങ, വൽപ്പട്ടക്കിഴങ്ങ്, വരാടം, മുത്തങ്ങ, ജീരകം, കരിഞ്ചീരകം, ജാതിക്ക, കോലരക്ക, ഇലവംഗം, ചേലേയം, നാഗപ്പൂവ്വ്, പച്ചില, കടുക്ക, കച്ചൂരിക്കിഴങ്ങ്, താതിരി

ഴ്. ഏലത്തരി, ശതകുപ്പ, കൊത്തമ്പാലരി, അത്തിത്തിപ്പലി, തിപ്പലി, കാട്ടുമുളകിൻവേർ, ശതാവരിക്കിഴങ്ങ്, ഇവ ഒരോന്നും പൊടിച്ചു ഈരണ്ടു കഷം; ചുക്കു പൊടിച്ചതു പലം എട്ടു; പഞ്ചസാര പലം മുപ്പതു; നൈ പലം എട്ടു; ക്ഷീരം ഇടങ്ങഴി രണ്ടു; എല്ലാം കൂട്ടി വളരെ മനസ്സിരുത്തി പാകം ചെയ്തു മോദകമാക്കുക. ഇതിൽനിന്നു ഒരു കഷമോ, അര കഷമോ, രണ്ടു കഷമോ അഗ്നിബലത്തിന്നനുസരിച്ചു സേവിക്കുക. ഈ ഔഷധത്തെ വൈദ്യന്മാർ സൌഭാഗ്യശുണ്ഠി എന്നു പറയുന്നു. ഇതു പ്രസവിച്ചുകിടക്കുന്ന സ്ത്രീകൾക്കു അഗ്നിബലത്തെ പ്രദാനം ചെയ്യുന്നതും സൂതികാരോഗങ്ങളെ നിവാരണം ചെയ്യുന്നതുമാണ്. "ഭേഷജാനാം ശതംസന്തു സൂതികാഗദശാന്തയെ। തത്ര സൌഭാഗ്യശുണ്ഠ്യേകാ നാരീണാമമൃതോപമാ" എന്നുള്ളതുകൊണ്ടു ഈ സൌഭാഗ്യശുണ്ഠി സൂതികമാക്കുണ്ടാകുന്ന രോഗങ്ങളുടെ ശമനത്തിങ്കൽ മറ്റുള്ള ഔഷധങ്ങൾക്കുള്ള വീര്യത്തേക്കാളധികം വീര്യമുള്ളതാകുന്നു; സൌഭാഗ്യശുണ്ഠിമോദകങ്ങൾ പലതുമുണ്ട്. അവയിൽ ഒന്നാണു ഇപ്പറഞ്ഞതു. ഇതുപോലെ ഇതേ പേരായിട്ടു മറ്റൊരു മോദകത്തെയും താഴെ വിവരിക്കുവാൻ ഭാവിക്കുന്നുണ്ട്.

(സൌഭാഗ്യശുണ്ഠീമോദകം)

ത്രികടുത്രിഫലാജാജീ ചാതുർജ്ജാതകമുസ്തകം।
ജാതീകോശഫലം ധാന്യം ലവംഗം ശതപുഷ്പികാ॥
നളികാ മദനഫലം യവാനീദ്വയധാതകീ।
ശതാവരീ താലമൂലീ ലോധ്രം വാരണചിപ്പലി॥
പ്രിയാളബീജമമൃതാ കർപ്പൂരം ചന്ദനദ്വയം।
കർഷപ്രമാണാന്യേതേഷാം ശ്ലക്ഷ്ണചൂർണ്ണാനി കാരയേൽ॥
നാഗരസ്യ ച ചൂർണ്ണസ്യ പ്രസ്ഥദ്വയമിതഃ ക്ഷിപേൽ।
ദുഗ്ദ്ധേ ച മൃണ്മയേ പാത്രേ പാചയേന്മൃദുനാഗ്നിനാ।

യത്നതഃ പാകവിദ്വൈദ്യോ ഗുളികാം കാരയേത്തതഃ ।
ഘൃതമഷ്ടപലം ദദ്യാൽ ക്ഷീരപ്രസ്ഥദ്വയം തഥാ ॥ ൬൩
സാർദ്ധപ്രസ്ഥദ്വയഞ്ചാത്ര ശർക്കരായാഃ സുതഃ ക്ഷിപേൽ ।
ഭക്ഷയേൽ പ്രാതരുത്ഥായ ഹ്യജാക്ഷീരം പിബേദനു ॥ ൬൪
ആമവാതം നിഹന്ത്യാശു കാസം ശ്വാസം സപീനസം ।
ഗ്രഹണീമമ്ലപിത്തഞ്ച രക്തപിത്തം ക്ഷയം ക്ഷതം ॥ ൬൫
സ്ത്രീരോഗാൻ വിംശതിഞ്ചൈവ തൽക്ഷണാദേവ നാശയേൽ ।
അഹന്യഹനി ച സ്ത്രീണാം സ്തനദാർഢ്യകരം പരം ॥ ൬൬
സൌഭാഗ്യജനനഞ്ചൈവ പുഷ്ടിദം ധാതുവർദ്ധനം

വ്യാ:—ചുക്ക, മുളക, തിപ്പലി, കടുക്ക, നെല്ലിക്ക, താന്നിക്ക, അയമോദകം, ഏലത്തരി, ഏലവംഗത്തൊലി, പച്ചില, നാഗപ്പൂവ്, ജാതിക്ക, പുട്ടൽപീരക്കായ, കൊത്തമ്പാലയരി, ലവംഗം, ശതകുപ്പ, മാഞ്ചി, മലങ്കാരക്ക, ജീരകം, കരിഞ്ചീരകം താതിരിപ്പൂവ്, ശതാവരിക്കിഴങ്ങ, കരിമ്പനവേർ, പാച്ചോററിത്തൊലി, അത്തിത്തിപ്പലി, മുരൾമരവിത്ത്, ചിററമൃത്, കർപ്പൂരം, ചന്ദനം, രക്തചന്ദനം ഇവ ഓരോ കഷം നന്നക്കപൊടിച്ച അതിൽ രണ്ടിടങ്ങഴി ചുക്കിൻെറ പൊടിയും ചേൎത്തു ഉറപ്പുള്ള മൺപാത്രത്തിലാക്കി എട്ടുപലം നെയ്യും രണ്ടിടങ്ങഴി പാലും രണ്ടരയിടങ്ങഴി പഞ്ചസാരയും ചേൎത്തു ചെറുതീയിൽ പാകംചെയ്തു ലേഹപാകമാക്കി അതിൽനിന്നു കാൽപ്പലം എടുത്തു പ്രഭാതത്തിൽ സേവിക്കുക. ഗുളികയാക്കി സേവിക്കുകയുമാവാം. രണ്ടായാലും ആട്ടിൻപാൽ അനുപാനമായി സേവിക്കണം. ഇതു ആമവാതത്തേയും, കാസശ്വാസപീനസങ്ങളേയും, ഗ്രഹണിയേയും, അമ്ലപിത്തത്തേയും, ക്ഷയത്തേയും, ക്ഷതത്തേയും, ഇരുപതു വിധം സ്ത്രീരോഗങ്ങളേയും പൊട്ടുന്നനവെ നശിപ്പിക്കും. പതിവായി ശീലിച്ചാൽ സ്ത്രീകളുടെ സ്തനങ്ങൾക്കുറപ്പു വരുത്തും. സൌഭാഗ്യത്തെ ഉണ്ടാക്കുകയും, പുഷ്ടിയെ കൊടുക്കുകയും, ധാതുക്കളെ വർദ്ധിപ്പിക്കുകയും ചെയ്യുന്നു.

(ജീരകാദി മോദകം.)

ജീരകസ്യ പലാന്യഷ്ടൗ ശുണ്ഠിധാന്യം പലത്രയം । ൱൧
ശതപുഷ്പാ യവാനീ ച കൃഷ്ണജീരം പലം പലം ॥
ക്ഷീരദ്വിപ്രസ്ഥസംയുക്തം ഖണ്ഡസ്യാർദ്ധശതം പലം। ൱൨
ഘൃതസ്യാപി പലാന്യഷ്ടൗ ശനൈർമ്മൃദ്വഗ്നിനാ പചേൽ ।
വ്യോഷം ത്രിജാതകഞ്ചൈവ വിഡംഗം ചവ്യചിത്രകം ൱൩
മുസ്തകഞ്ച ലവംഗഞ്ച പലാംശം സംപ്രകല്പയേൽ ।
മന്ദേന വഹ്നിനാ പക്ത്വാ മോദകം കാരയേൽ ഭിഷക് ॥ ൱൪
സർവ്വയോഷിദ്വികാരാണാം നാശനം വഹ്നിദീപനം।
സൂതികാ രോഗശമനം വിശേഷാൽ ഗ്രഹണീഹരം ॥ ൱൫

വ്യാ—ജീരകം പലം എട്ട്, ചുക്ക കൊത്തമ്പാലയരി ഇവ പലം മൂന്ന; ശതകുപ്പ അയമോദകം കരിഞ്ചീരകം ഇവ ഓരോപലം; കല്ക്കണ്ടം പലം അമ്പത്; പാൽ ഇടങ്ങഴി രണ്ട്; നെയ്യ പലം എട്ട്—എല്ലാംകൂടി ചെറുതീയ്യിൽ വേവിച്ച് അതിൽ ചുക്ക, മുളക, തിപ്പലി, ഏലത്തരി, ഏലവംഗത്തൊലി, പച്ചില, വിഴാലരി, കാട്ടുമുളകിൻവേര്, കൊടുവേലിക്കിഴങ്ങ്, മുത്തങ്ങ, ലവംഗം ഇവ ഓരോപലം പൊടിച്ച ചേൎത്ത വിരകി പാകപ്പെടുത്തി മോദകമാക്കുക. ഈ മോദകം സ്ത്രീകൾക്കുണ്ടാകുന്ന എല്ലാ രോഗങ്ങളേയും നശിപ്പിക്കുകയും അഗ്നിദീപ്തി വരുത്തുകയും ചെയ്യുന്നതും, പ്രസവരോഗങ്ങളെ നശിപ്പിക്കുന്നതും, വിശേഷിച്ച് ഗ്രഹണീരോഗത്തെ അകററുന്നതുമാകുന്നു.

(ബൃഹൽസൂതികാവിനോദരസം)

ശുണ്ഠ്യാ ഭാഗോ ഭവേദേകോ ദ്വൗഭാഗൗ മരിചസ്യ ച ।
പിപ്പല്യാശ്ചത്രിഭാഗം സ്യാദദ്ധ്ഭാഗഞ്ച ടങ്കകം ॥ ൱൬
ജാതീകോശസ്യ ഭാഗൗ ദ്വൗ ദ്വൗഭാഗൗ തുത്ഥകസ്യ ച
സിന്ധുവാരരസേനൈവ മർദ്ദയേദേകയാമതഃ ॥ ൱൭
മധുനാ സഹ സേവേത സൂതികാതങ്കനാശനം ।

വ്യാ:—ചുക്കു ഭാഗം ഒന്ന്; കുരുമുളകു ഭാഗം രണ്ട്; തിപ്പലി ഭാഗം മൂന്ന്; രാമകളപ്പ് ഭാഗം അര; ജാതിപ്പൊട്ടിൽ ഭാഗം രണ്ട്; തുത്ഥകം ഭാഗം രണ്ട്—എല്ലാം കൂട്ടി സിന്ദുവാരരസം ചേൎത്തു ഒരു യാമം മട്ടിച്ച് തേൻ ചേൎത്തു സേവിക്കുക. എല്ലാ പ്രസവരോഗങ്ങളും ശമിക്കും.

(സൂതിരോഗഹര രസം.)

ഹിംഗുളം ഹരിതാലഞ്ച ശംഖഭസ്മായസോരജഃ ।൩൩
ഖപ്പരം ധുൎത്തബീജഞ്ച യവക്ഷാരഞ്ച ടംകണം ॥
വിഭീതകകഷായേണ ഭാവയിത്വാ വിധാനതഃ । ൩൪
മൎദ്ദയിത്വാ വിദദ്ധ്യാച്ച കളായസദൃശീർവടീഃ ॥

വ്യാ:—ചായില്യം, അരിതാലം, ശംഖഭസ്മം, ഇരിമ്പുപൊടി, കണ്ടിവെണ്ണ, ധുൎത്തബീജം, ചവൽക്കാരം, പൊങ്കാരം, ഇവ പൊടിച്ചു താന്നിക്ക കഷായംകൊണ്ടു വിധിപോലെ ഭാവനംചെയ്തു കടലപ്പ്രമാണത്തിൽ ഗുളികകളാക്കി ഉരുട്ടുക. ശ്രേഷ്ഠമായ ഈ രസം ദോഷകോപമനുസരിച്ചുള്ള അനുപാനത്തോടുകൂടി സേവിച്ചാൽ, അഗ്നി ഉണങ്ങിയ പുല്ലുകളേയെന്നപോലെ, സൂതികാരോഗങ്ങളെ ശമിപ്പിക്കും.

(സൂതികാവല്ലഭരസം.)

സൂതംഗന്ധംമാക്ഷികഞ്ച വ്യോമേന്ദുംഹേമതാലകം ॥ ൩൫
രജതംഫേണിഫേനഞ്ച ജാതീകോശഫലേ തഥാ ।
മുസ്തകന്യാ ബലായാശ്ച ശാല്മല്യാഃ സ്വരസേന ച ॥
ഭാവയിത്വാ വടീഃകുൎയ്യാൽ ദ്വിഗുഞ്ജാപരിമാണതഃ ।
സൂതികാവല്ലഭോ നാമ പ്രയുക്തോയം മഹാൻ രസഃ ॥൩൬
നിഹന്ത്യാൽസൂതികാരോഗം ദുഃസ്സാരംഗ്രഹണീഗദാൻ ।
അതിസാരം സുഘോരഞ്ച ദൌർബ്ബല്യംവഹ്നിമന്ദതാം॥൩൭
ജനയേദാശു പുഷ്ടിഞ്ച കാന്തിം മേധാം ധൃതിന്തഥാ ।

വ്യാ—രസം, ഗന്ധകം, മാക്കിരക്കല്ല്, അഭ്രകം, അരിതാരം, വെള്ളി, ഫണിഫേനം, ജാതിക്കപ്പൊട്ടിൽ, ജാതിക്ക, ഇവ

മുത്തങ്ങ, കുറന്തോട്ടിവേര്, പൂളത്തൊലി ഇവയുടെ കഷായത്തിൽ ഭാവനംചെയ്തു രണ്ടു കുന്നിക്കുരുപ്രമാണത്തിൽ ഗുളികകളാക്കി ഉരുട്ടുക. സൂതികാവല്ലഭമെന്ന ഈ ശ്രേഷ്ഠമായ രസം പ്രയോഗിച്ചാൽ ശമിക്കുവാൻ പ്രയാസമുള്ള സൂതികാരോഗങ്ങളും, ഗ്രഹണിരോഗങ്ങളും, അതിസാരം, ബലക്ഷയം ഇവയെ ശമിപ്പിക്കയും പുഷ്ടികാന്തികളേയും ബുദ്ധി, ധാരണാശക്തി ഇവയേയും ജനിപ്പിക്കയും ചെയ്യും.

(ജീരകാദ്യരിഷ്ടം)

ജീരകസ്യ തുലാദ്വന്ദ്വം ചതുർദ്രോണജലേ പചേൽ । നെ
ദ്രോണശേഷേ ക്ഷിപേത്തത്ര തുലാത്രയമിതം ഗുഡം ।
ധാതകീം ഷോഡശപലാം ശുണ്ഠീഞ്ചദ്വിപലോന്മിതാം । രെ
ജാതീഫലം മുസ്തകഞ്ച ചാതുർജ്ജാതം യവാനികാം ॥
കക്കോലം ദേവപുഷ്പഞ്ച പലമാനേന നിക്ഷിപേൽ മെ
മാസം സംസ്ഥാപയേൽ ഭാണ്ഡേ മൃത്തികാപരിനിർമ്മിതേ
തതഃ കല്ലാൻ വിനിർഹൃത്യ പായയേൽ കർഷമാത്രയാ ന്യൂ
അരിഷ്ടോ ജീരകാദ്യോയം നിഹന്യാൽ സൂതികാമയാൻ
ഗ്രഹണീമതിസാരഞ്ച തഥാ വഹ്നേശ്ച വൈകൃതം ॥ ൈ

വ്യാ:—ജീരകം രണ്ടു തുലാം അറുപത്തിനാലിടങ്ങഴി വെള്ളത്തിൽ കഷായം വെച്ച് കുറുക്കി പതിനാറിടങ്ങഴിയാക്കി രണ്ടു തുലാം ശർക്കര ചേർത്ത് അതിൽ താതിരിപ്പൂവ് പതിനാറുപലവും ചുക്ക രണ്ടുപലവും ജാതിക്ക, മുത്തങ്ങ, ഏലത്തരി, ഇലവംഗത്തൊലി, പച്ചില, നാഗപ്പൂവ്, അയമോദകം, തക്കോലപ്പോട്ടിൽ, ചെഞ്ചല്യം ഇവ ഓരോ പലവും പൊടിച്ചു ചേർത്തു മൺപാത്രത്തിലാക്കി ഒരു മാസം സൂക്ഷിക്കുക. പിന്നെ എടുത്തു ചണ്ടി പിഴിഞ്ഞു കളഞ്ഞ് അതിൽനിന്നു ഓരോ കഷം പതിവായി സേവിക്കുക. ഈ ജീരകാദ്യരിഷ്ടം എല്ലാ സൂതികാരോഗങ്ങളേയും ശമിപ്പിക്കും. അപ്രകാരംതന്നെ ഗ്രഹണി, അതിസാരം, അഗ്നിവൈഷമ്യം ഇവയേയും ശമിപ്പിക്കും.

(സാമാന്യചികിത്സാ)

സൂതികാം ക്ഷുധിതാം തൈലാദ് ഘൃതാദ്വാ മഹതീം പിബേൽ
പഞ്ചകോലകിനീം മാത്രാമനു ചോഷ്ണം ഗുളോദകം
വാതഘ്നൗഷധതോയം വാ തഥാ വായുർന്ന കുപ്യതി
വിശുദ്ധ്യതി ച ദുഷ്ടാസ്രം ദ്വിത്രിരാത്രമയം ക്രമഃ.
സ്നേഹായോഗ്യാ തു നിസ്നേഹമമുമേവ വിധിം ഭജേൽ

വ്യാഃ—പ്രസവിച്ചവൾ വിശന്നാൽ കാട്ടുതിപ്പലിവേർ, കാട്ടുമുളകിൻവേർ, കൊടുവേലിക്കിഴങ്ങ്, തിപ്പലി, ചുക്ക്, ഇവ നല്ലവണ്ണം പൊടിച്ചു അതോടുകൂടെ ചേർത്തിട്ടുള്ള എണ്ണയൊ നെയ്യൊ ഉത്തമമാത്രയിൽനിന്നു ഏറാതെയും കുറയാതെയുമായി വരുംവിധത്തിൽ സേവിക്കണം. അനന്തരം ചൂടോടുകൂടിയ ശർക്കരവെള്ളമൊ വാതഹരങ്ങളായ ഔഷധങ്ങൾകൊണ്ടു വെച്ച കഷായമൊ കുടിക്കുകയും വേണം. എന്നാൽ വായുവിന്റെ കോപം ശമിക്കും. രക്തത്തിന്നു ശുദ്ധിയുണ്ടാകയും ചെയ്യും. രണ്ടോ മൂന്നോ ദിവസം ഇങ്ങിനെ ചെയ്തുകൊൾക. എണ്ണയോ നെയ്യോ സേവിപ്പാൻ യോഗ്യതയില്ലാത്തവൾ ചൂടുള്ള ശർക്കരവെള്ളമൊ വാതഹരങ്ങളായ ഔഷധങ്ങൾകൊണ്ടു വെച്ച കഷായമോ കുടിച്ചുകൊൾക.

പിബേച്ചാജ്വരാ യമകാക്താം വിവേഷ്ടയേൽ
ജീർണ്ണേ സ്നാതാ പിബേൽ പേയാം പൂർവോക്തൗഷധസാധിതാം

വ്യാഃ—മേൽപറഞ്ഞപ്രകാരം എണ്ണയോ നെയ്യോ ഗുഡോദകമൊ വാതഹരമായ കഷായമൊ സേവിച്ചാൽ അവളുടെ ഉദരത്തിങ്കൽ യമകസ്നേഹം പുരട്ടി വസ്ത്രംകൊണ്ടു വരിഞ്ഞുകെട്ടണം. ഔഷധം ദഹിച്ചാൽ കുളിച്ചു മേൽപറഞ്ഞ കാട്ടുതിപ്പലിവേർ മുതലായ ഔഷധങ്ങളുടെ കഷായത്തിൽ വെച്ച കഞ്ഞി കുടിക്കണം. വെറും കഞ്ഞി കുടിക്കയും ഉണ്ണുകയും അരുത്.

ത്ര്യഹാദൂർദ്ധ്വം വിദാര്യാദിവർഗ്ഗകഷായേണ വാ ഹിതാ
സിദ്ധായവാഗൂഃ സ്നേഹാഢ്യാ സാത്മ്യതഃ പയസാഥവാ. വൃ൫

വ്യാ:—മേൽപ്രകാരം മൂന്നു ദിവസം കഴിഞ്ഞാൽ വിദാര്യാദി ഗണംകൊണ്ടു വെച്ച കഷായത്തിൽ ഉണ്ടാക്കിയ കഞ്ഞി നെയ്യ് നല്ലവണ്ണം ചേർത്ത് കുടിക്കുകയുമാവാം. പാലു ശീലിച്ചവളായിരുന്നാൽ പാൽക്കഞ്ഞിതന്നെ ഉണ്ടാക്കികുടിക്കുകയുമാവാം.

സപ്തരാത്രാൽപരം വാസ്യാഃ ക്രമശോബൃംഹണം ഹിതം
ദ്വാദശാഹേനതിക്രാന്തേപിശിതന്നോപയോജയേൽ. വൃ൬

വ്യാ:—ഏഴുദിവസം കഴിഞ്ഞാൽ ക്രമേണ ദേഹപുഷ്ടികരമായിട്ടുള്ളതൊക്കെയും പ്രസവിച്ചവൾക്കു ഹിതമാകുന്നു. പന്ത്രണ്ടുദിവസം കഴിയുന്നതുവരെ മാംസം കൊടുക്കരുത്. മാംസം ദേഹത്തിന്നു പുഷ്ടികരമായിട്ടുള്ളതുതന്നെ. എങ്കിലും ബാലഗ്രഹങ്ങളുടെ ബാധ കൂടാതെ കഴിവാനായിക്കൊണ്ടു പന്ത്രണ്ടു ദിവസം കഴിയുന്നതുവരെ മാംസഭക്ഷണം ചെയ്യരുതെന്ന് അഭിപ്രായപ്പെട്ടിരിക്കുന്നതാണ്.

യത്നേനോപചരേൽസൂതാം ദുസ്സാധ്യാഹിതദാമയാഃ
ഗർഭവൃദ്ധിപ്രസവരുക്ക്ലേദാസ്രസ്രുതിപീഡനൈഃ വൃ൭
ഏവഞ്ച മാസാദ്ധ്യർദ്ധാന്മുക്താഹാരാദിയന്ത്രണാ
ഗതസൂതാഭിധാനാസ്യാൽപുനരാർത്തവദർശനാൽ. വൃ൮

വ്യാ:—പ്രസവിച്ചവളെ യത്നേന ഉപചരിക്കണം. അവൾക്കു രോഗങ്ങളുണ്ടായാൽ അതുകളെ ശമിപ്പിച്ചുകൊൾവാൻ പ്രയാസമാകുന്നു. എന്തുകൊണ്ടെന്നാൽ ഗർഭത്തിന്റെ വർദ്ധനയും പ്രസവം ഹേതുവായിട്ടുള്ള അതിവേദനയും ധാതുക്കളുടെ നഷ്ടവും രക്തസ്രുതിയും പീഡയും അവൾക്കുണ്ടാകും. മേൽപറഞ്ഞ പ്രകാരേണ ചികിത്സിച്ച് നാല്പത്തഞ്ചുദിവസം കഴിഞ്ഞാൽ അവൾ പെററവൾ എന്ന പേരോടു വേർപെട്ടവളായി ഭവിക്കും. അങ്ങിനേയുള്ളവൾക്ക് ആഹാരാദികളിൽ

ഉള്ള യന്ത്രണയുമില്ല. പ്രസവാനന്തരം ഒരു തീണ്ടാരി കഴിയുന്നവരെ പ്രസവിച്ചവൾ എന്നുള്ള നാമധേയം വിട്ടുപോകയില്ലെന്നും ഒരുപക്ഷമുണ്ട്.

ഇതി പുത്രകാമീയേ പ്രസവാധികാരഃ
ചതുൎത്ഥഖണ്ഡസ്സമാപ്തഃ.

പഞ്ചമഖണ്ഡഃ.

(ബാലരോഗാധികാരഃ)

ത്രിവിധഃ കഥിതോബാലഃ ക്ഷീരാന്നോഭയവൎത്തനഃ।
സ്വാസ്ഥ്യം താഭ്യാമദുഷ്ടാഭ്യാം ദുഷ്ടാഭ്യാംരോഗസംഭവഃ॥ ൧

വ്യാ:—ബാലൻ മൂന്നുവിധമാകുന്നു. ഒന്ന് ക്ഷീരവൎത്തനൻ (പാൽകൊണ്ടു ജീവിക്കുന്നവൻ), രണ്ട് അന്നവൎത്തനൻ (ചോറുകൊണ്ടു ജീവിക്കുന്നവൻ), മൂന്ന് ഉഭയവൎത്തനൻ (പാലും ചോറുംകൊണ്ടു ജീവിക്കുന്നവൻ) ഇങ്ങിനെ ബാലന്നാഹാരമായിട്ടുള്ള പാലും ചോറും ദുഷിച്ചവയല്ലാതിരുന്നാൽ ബാലന്നു സുഖവും, ദുഷിച്ചവയായിരുന്നാൽ രോഗങ്ങളുമുണ്ടാകും.

ക്ഷീരപസ്യൌഷധം ധാത്ര്യാഃ ക്ഷീരാന്നാദസ്യ ചോഭയോഃ
അന്നേന വാ ശിശോരേയം ഭേഷജം ഭിഷജാസദാ ൨

വ്യാ—മാതാവിന്റെ മുലപ്പാൽ കുടിച്ചു വളരുന്ന ബാലന്നുവേണ്ടിയുള്ള ഔഷധം അവന്നു മുല കൊടുക്കുന്ന ധാത്രിക്കാണ് പ്രയോഗിക്കേണ്ടതു. ക്ഷീരാന്നങ്ങൾ രണ്ടുംകൊണ്ടു വളരുന്ന ശിശുവിന്നുള്ള ഔഷധം ശിശുവിന്നുതന്നെ കൊടുക്കുകയും വേണം.

മാത്രയാല്പംലഘയേദ്ധാത്രീം ശിശോരന്വേഷ്ടം വിശോഷണം।
നവ്യം നിവാൎയ്യതേബാലേ സ്തന്യത്തു ന നിവാൎയ്യതേ॥ ൩

വ്യാ:—ലംഘനം (പട്ടിണി) വേണ്ടതായിവന്നാൽ ധാത്രിയെ മാത്രം അല്പമായി ലംഘിപ്പിക്കാം; ശിശുവിന്നു ലംഘനം ചെയ്യരുതു. ബാലന്നു അപത്ഥ്യമായിട്ടുള്ളതൊക്കെയും വൎജ്ജ

മാകുന്നു; എന്നാൽ മുലപ്പാൽ കൊടുക്കുന്നതുമാത്രം വർജ്യമല്ല.
യേംബാലോചിരജാതഃസ്തന്യംഗൃഹ്ണാതിനസംഘമൈസ
ധാത്രീമധുഘൃതപത്ഥ്യാകല്ക്കനാഘൎഷയേജ്ജിഹ്വാം ॥ ൪

വ്യാഃ—ജനിച്ച് അധികമായിട്ടില്ലാത്ത കുട്ടി മുലപ്പാൽ കുടിക്കാതിരിക്കുന്നുവെങ്കിൽ, നെല്ലിക്കയും കടുക്കയും തേനും നെയ്യും ചേർത്തരച്ച് ആയതു ശിശുവിൻെറ നാവിന്മേൽ പുരട്ടുന്നതു നല്ലതാകുന്നു.

കുഷ്ഠം വചാഭയാബ്രഹ്മീ കനകം ക്ഷൌദ്രസൎപ്പിഷാ।
വൎണ്ണായുഃകാന്തിജനനം ലേഹം ബാലസ്യദാപയേൽ। ൫

വ്യാഃ—കൊട്ടം, വയമ്പ്, കടുക്ക, ബ്രഹ്മി, സ്വൎണ്ണം ഇവ തേനും നെയ്യും ചേർത്തരച്ച് ലേഹമാക്കി ബാലനെ സേവിപ്പിക്കണം. നിറവും, ആയുസ്സും, കാന്തിയും, ഉണ്ടാവാൻ നല്ലതാകുന്നു.

മൃൽപിണ്ഡനാഗ്നിതപ്തേന ക്ഷീരസിക്തേനസോഷ്മണാ
സ്വേദയേദുത്ഥിതാം നാഭിം ശോഫസ്തേനോപശാമ്യതി

വ്യാഃ—ശിശുവിൻെറ പൊക്കിൾക്കൊടി വീക്കുന്നതായാൽ മണ്ണുരുള തീയ്യിൽ പഴുപ്പിച്ച് പാലിൽ മുക്കി അല്പം ചൂടോടുകൂടി അതുകൊണ്ടു പിണ്ഡസ്വേദം ചെയ്യണം. എന്നാൽ പൊക്കിൾ വീക്കം ശമിക്കും.

നാഭിപാകേ നിശാലോദ്ധ്രപ്രിയംഗുമധുകൈഃ ശൃതം।
തൈലമഭ്യഞ്ജനേ ശസ്തമേഭിർവാപ്യവചൂൎണ്ണനം॥ ൬

വ്യാഃ—പൊക്കിളിൽ പഴുപ്പുണ്ടായാൽ വരട്ടുമഞ്ഞൾ, പാച്ചോററിത്തൊലി, ഞാഴൽപൂവ്, എരട്ടിമധുരം ഇവ കല്ക്കംചേർത്തു കാച്ചിയ തൈലംകൊണ്ട് അഭ്യംഗംചെയ്കയോ, ഇതേമരുന്നുകൾതന്നെ പൊടിച്ചു നാഭിയിൽ പുരട്ടുകയോ ചെയ്യുന്നതു നന്ന്.

ഭേഷജം യത്സമുദ്ദിഷ്ടം നരാണാം ഹി ജ്വരാദിഷു।
കാൎയ്യം തദേവബാലാനാം മാത്രാ ത്വത്രകനീയസീ॥ ൭

വ്യ:—മനുഷ്യൎക്ക് (വലിയവൎക്ക്) ജ്വരം മുതലായ രോഗങ്ങ ളുണ്ടായാൽ എന്തു ഔഷധമാണൊ പറയപ്പെട്ടിട്ടുള്ളത് . അതു തന്നെയാണ ബാലന്മാൎക്കും ചെയ്യേണ്ടതു. മാത്ര അല്പമായിരി ക്കണമെന്നെ ഉള്ളു.

പ്രഥമെ മാസി ജാതസ്യ ശിശോൎഭേഷജകല്പനാ ।
അവലേഹ്യാതുകൎത്തവ്യാ മധുക്ഷീരസിതാഘൃതൈഃ ॥ വ്യ

വ്യാ:—പ്രസവിച്ച് ഒരു മാസം കഴിയുന്നതുവരേയുള്ള കാ ലത്തു ശിശുവിന്നു കൊടുക്കുന്ന ഔഷധം തേൻ, പാൽ, പഞ്ച സാര, നെയ്യ ഇവ ചേൎത്തു ലേഹമാക്കിയിട്ടാണ കൊടുക്കേ ണ്ടത്.

ഹരിദ്രാദ്വയയഷ്ട്യാഹ്വ സിംഹീശക്രയവൈഃകൃതഃ ।
ശിശോർജ്വരാതിസാരഘ്നഃ കഷായഃ സ്തന്യദോഷജിൽ ൯

വ്യാ:—മഞ്ഞൾ, മരമഞ്ഞൾ, എരട്ടിമധുരം, ചെറുവഴു തിന വേർ, കടകപ്പാലയരി ഇവയുടെ കഷായം ശിശുവിന്റെ പനിയും അതിസാരവും ശമിപ്പിക്കും. മുലപ്പാലിൽനിന്നുള്ള ദോഷവും തീൎക്കും.

(കൎക്കടാദി ലേഹ്യം.)

കൎക്കടാതിവിഷാശൃങ്ഗി ധാതകീ വില്വവാളകം ।
മുസ്തം മജ്ജാചകോലസ്യ മധുനാ സഹ മേളയേൽ ॥ ൧൦
ഹന്തി ജ്വരമതിസാരം ഛൎദ്ദിം ഗ്രഹണീഗദം ।
ഛൎദ്ദിം രക്തസ്രുതിം കാസം ശ്വാസം പഞ്ചാദ്ദ്രുജംതഥാ॥ ൧൧

വ്യാ:— കൎക്കടശൃംഗി, അതിവിടയം, ചുക്ക്, താതിരിപ്പൂ വ്, കൂവളത്തിൻവേര്, ഇരുവേലി, മുത്തങ്ങ, ലന്തക്കുരുപ്പരി പ്പ് ഇവ പൊടിച്ചു തേൻചേൎത്തു ലേഹമാക്കി സേവിപ്പിച്ചാ ൽ ബാലനുണ്ടാകുന്ന പനി, അതിസാരം, ഗ്രഹണി, ഛൎദ്ദി, രക്തസ്രാവം, ചുമ, എക്കം, ഗുദവ്രണം ഇവ ശമിക്കും.

(ബാലചതുൎഭദ്രികം)

ഘനകൃഷ്ണാവിഷാശൃംഗിചൂൎണ്ണം ക്ഷൌദ്രേണ സംയുതം ।
ശിശോർജ്വരാതിസാരഘ്നം ശ്വാസകാസവമിഹരം॥ ൧൨

വ്യാ:— മുത്തങ്ങ, തിപ്പലി, അതിവിടയം, കക്കടശൃംഗി ഇവയുടെ പൊടി തേനിൽ ചാലിച്ചു സേവിക്കുന്നതു കുട്ടികൾക്കുള്ള തലവേദന, പനി, അതിസാരം, എക്കം, ചുമ, ഛർദ്ദി എന്നിവയുടെ ശമനത്തിന്നു നല്ലതാകുന്നു.

(ധാതക്യാദി ലേഹ്യം)

ധാതകി വില്വധാന്യാക ലോധ്രേന്ദ്രയവവാളകൈഃ ।
ലേഹഃ ക്ഷൌദ്രേണ ബാലാനാം ജ്വരാതിസാരവാന്തിജിൽ ॥ ൧൩

വ്യാ:— താതിരിപ്പൂവ്, കുവളവേര, കൊത്തമ്പാലയരി, പാച്ചോററിത്തൊലി, കടകപ്പാലയരി, ഇരുവേലി ഇവയുടെ പൊടി തേനിൽ ചാലിച്ചുണ്ടാക്കിയ ലേഹം ബാലന്മാരുടെ പനി, അതിസാരം, ഛർദ്ദി എന്നിവയെ ശമിപ്പിക്കും.

രജനിസരളം ദാരുശ്രേയസീ ബൃഹതീദ്വയം ।
പൃശ്നിപൎണ്ണി ശതാഹ്വാച ലീഢം മാക്ഷികസൎപ്പിഷാ ॥ ൧൪
ഗ്രഹണീദീപനം ഹന്തി മാരുതാൎത്തിംസകാമലാം ।
ജ്വരാതിസാരപാണ്ഡുഘ്നം ബാലാനാം സൎവ്വരോഗജിൽ ॥ ൧൫

വ്യാ:— വരട്ടുമഞ്ഞൾ, ചരളം, ദേവതാരം, പാടക്കിഴങ്ങ്, ചെറുവഴുതിനവേര, വെൾവഴുതിനവേര്, മുവ്വിലവേര്, ശതകുപ്പ ഇവയുടെ പൊടി തേനും നെയ്യും ചേൎത്തു സേവിപ്പിച്ചാൽ കുട്ടികൾക്കു അഗ്നിദീപ്തി വരികയും വാതരോഗം, കാമില, പനി, അതിസാരം, പാണ്ഡു എന്നിവയും മററു സൎവ്വരോഗങ്ങളും ശമിക്കുകയും ചെയ്യും.

മിസികൃഷ്ണാഞ്ജനം ലാജശൃംഗീമരിചമാക്ഷികൈഃ ।
ലേഹശ്ശിശോൎവ്വിധാതവ്യഃ ഛൎദ്ദികാസജ്വരാപഹഃ ॥ ൧൬

വ്യാ:— മാഞ്ചി, തിപ്പലി, അഞ്ജനം, മലര്, കക്കടശൃംഗി, കുരുമുളക ഇവ പൊടിച്ചു തേനിൽ ചാലിച്ചു ലേഹമാക്കി ശിശുവിന്നു കൊടുത്താൽ ഛർദ്ദിയും ചുമയും പനിയും ശമിക്കും.

പീതംപീതംവമേദ്യസ്തു സ്തന്യം തം മധുസൎപ്പിഷാ ।
ദ്വിവാൎത്താകീഫലരസം പഞ്ചകോലഞ്ചലേഹയേൽ ॥ ൧൭

വ്യാ:— യാതൊരു ബാലൻ മുലപ്പാൽ കുടിക്കുന്നതൊക്കെ ഛർദ്ദിക്കുന്നുവൊ അവനെ പഞ്ചകോലം (കാട്ടുതിപ്പലി, കാട്ടുമുളക്, കൊടുവേലി, തിപ്പലി, ചുക്ക്) എന്നിവയുടെ പൊടി ചെറുവഴുതിനിങ്ങയും കണ്ടകാരിച്ചുണ്ടങ്ങയും പിഴിഞ്ഞ നീരിൽചേൎത്തു തേനും നെയ്യുംകൂട്ടി സേവിപ്പിക്കണം.

ആമ്രാസ്ഥിലാജസിന്ധൂത്ഥൈർല്ലേഹഃ ക്ഷൌദ്രേണ ഛർദ്ദിനുൽ ।
പിപ്പലീമരിചാനാഞ്ച ചൂൎണ്ണം സമധുശർക്കരം
രസേന മാതുളുംഗസ്യ ഹിക്കാച്ഛർദ്ദിനിവാരണം

വ്യാ:— മാങ്ങയണ്ടിപ്പരിപ്പ്, മലര്, ഇന്തുപ്പ് ഇവ തേൻകൂട്ടി ലേഹമാക്കി സേവിപ്പിച്ചാൽ കുട്ടികളുടെ ഛർദ്ദി ശമിക്കും. തിപ്പലി, കുരുമുളക, ഇവ മാതളനാരങ്ങനീരിൽ പൊടിച്ചുചേൎത്തു തേനും പഞ്ചസാരയും കൂട്ടിസേവിപ്പിച്ചാൽ കുട്ടികൾക്കുള്ള ഇക്കിട്ടും ഛർദ്ദിയും ശമിക്കും.

പത്രൈർബ്ബദരചാർങ്ഗേരീകാകമാചീകപിത്ഥജൈഃ ।
ശിരോരുഗ്ഛർദ്യതീസാരനാശനം മൂൎദ്ധ്നിലേപനം ॥

വ്യാ:— ലന്ത, പുളിയാരൽ, കരിന്താളി, വിളാവ് ഇവകൊണ്ടു ശിരസ്സിൽ ലേപനം ചെയ്താൽ ശിശുവിന്നുള്ള ശിരോവേദന, ഛർദ്ദി, അതിസാരം എന്നിവ ശമിക്കും.

ക്ഷീരാദസ്യശിശോരാമം ശുഷ്കം ദൃഷ്ട്വാതു ദാരുണം ।
മാഷയൂഷം പിബേദ്ധാത്രീ പിപ്പലീചൂൎണ്ണസംയുതം ॥

വ്യാ:— പാൽ കുടിച്ചുപജീവിക്കുന്ന കുട്ടിയുടെ മലം ദഹിക്കാതെയോ വരണ്ടോ കണ്ടാൽ മുലകൊടുക്കുന്ന ധാത്രി ഉഴുന്നിൻചാറ തിപ്പലിപ്പൊടിയും ചേൎത്തു സേവിക്കണം.

സ്തന്യപസ്യ കുമാരസ്യ സർവ്വസ്യാമാതിസാരിണഃ ।
ധാത്രീം വിലംഘയേദ്ധീമാൻ ദേഹദോഷാദ്യപേക്ഷയാ ॥

വ്യാ:— മുലപ്പാൽ കുടിക്കുന്ന കുട്ടികൾക്കു ദഹിക്കാതെ മലം അതിസരിക്കുന്നതായികണ്ടാൽ ബുദ്ധിമാനായ വൈദ്യൻ മുലകൊടുക്കുന്ന മാതാവിനെ, അവളുടെ ദേഹത്തിന്നും ദോഷകോപത്തിന്നുമനുസരിച്ചു, ലംഘനം ചെയ്യിക്കണം.

വചാമുസ്തം ഭദ്രദാരു നാഗരാതിവിഷാഗണഃ ॥ ൨൩
ഹരിദ്രാദ്വയയഷ്ട്യാഹ്വ സിംഹീശക്രയവൈഃകൃതം
ദ്വിതീയൌ വചാഹരിദ്രാദിഗണൌ സ്തന്യവിശോധനൌ ॥ ൨൪
ആമാതിസാരശമനൌ കഫമേദോവിശോധനൌ ।

വ്യാഃ—വയമ്പ്, മുത്തങ്ങ, ദേവതാരം, ചുക്ക്, അതിവിടയം എന്ന് ഒരു ഗണം; വരട്ടുമഞ്ഞൾ, മരമഞ്ഞൾത്തൊലി, എരട്ടിമധുരം, ചെറുവഴുതിനവേര്, കടകപ്പാലയരി എന്ന് വേറെ ഒരു ഗണം; ഇവക്കു വചാഹരിദ്രാദി ഗണങ്ങളെന്നു പേർ പറയും. ഇവ മുലപ്പാലിന്നു ശുദ്ധിവരുത്തുന്നവയും ആമാതിസാരത്തെ ശമിപ്പിക്കുന്നവയും കഫത്തെയും മേദസ്സിനെയും ഹരിക്കുന്നവയുമാകുന്നു.

മുസ്തകാതിവിഷാശൃംഗി വാളകേന്ദ്രയവൈഃകൃതം ൨൫
കഷായം ശിശുഃ പിബേൽ പ്രാതസ്സർവ്വാതിസാരനാശനം ।

വ്യാ— മുത്തങ്ങ, അതിവിടയം, ചുക്കു, ഇരുവേലി, കടകപ്പാലയരി ഇവയുടെ കഷായം ശിശുവിനെ എതിരേ സേവിപ്പിക്കുക; എല്ലാം അതിസാരങ്ങളും ശമിക്കും.

വില്വലഞ്ച പുഷ്പാണി ച ധാതകീനാം
ജലം സലോധ്രം ഗജപിപ്പലീ ച ॥
കഷായാവലേഹൌ മധുനാ വിമിശ്രൌ
ബാലേഷു യോജ്യാവതിസാരിതേഷു ൨൬

വ്യാ—കൂവളവേര്, താതിരിപ്പൂവ്, ഇരിവേലി, പാച്ചോറ്റിത്തൊലി, അത്തിത്തിപ്പലി ഇവ പൊടിച്ചു തേൻ ചേൎത്തു ലേഹമാക്കിയോ, ഇവകൊണ്ടു കഷായംവെച്ചു തേൻ മേമ്പൊടി ചേൎത്തോ സേവിപ്പിച്ചാൽ ശിശുക്കൾക്കുണ്ടാകുന്ന അതിസാരം ശമിക്കും.

ആമ്രാതകാമ്രജംബൂനാം ത്വചമാദായ ചൂൎണ്ണയേൽ ।
മധുനാലേഹയേൽ ബാലമതിസാരവിനാശനം ॥ ൨൭

വ്യാ—അമ്പാഴത്തൊലി, മാവിൻതൊലി, ഞാവൽതൊലി ഇവ അരച്ചുണക്കിപ്പൊടിച്ച തേൻ ചേൎത്തു ലേഹമാക്കി സേവിപ്പിക്കുക. ശിശുക്കളുടെ അതിസാരം ശമിക്കും

സമംഗാധാതകീലോധ്രശാരിബാഭിഃശ്രുതം ജലം ।
ദുൎദ്ധരേപി ശിശോൎദ്ദേയമതിസാരേ സമാക്ഷികം വ്യ

വ്യാ—പറച്ചുണ്ടവേര, താതിരിപ്പൂവ്, പാച്ചോററിത്തൊലി, നന്നാറിക്കിഴങ്ങ് ഇവകൊണ്ടുണ്ടാക്കിയ കഷായം തേൻമേല്പൊടി ചേൎത്തു കൊടുക്കുന്നതു ശിശുവിന്നുണ്ടാകുന്ന ദാരുണമായ അതിസാരം ശമിക്കുവാൻ നന്ന്.

നാഗരാതിവിഷാമുസ്തവാളകേന്ദ്രയവൈഃശ്രുതം ।
കുമാരം പായയേൽ പ്രാതസ്സൎവ്വാതിസാരനാശനം ॥ വന്ദ

വ്യാ— ചുക്ക്, അതിവിടയം, മുത്തങ്ങ, ഇരുവേലി, കുടകപ്പാലയരി ഇവയുടെ കഷായം എതിരേ സേവിപ്പിച്ചാൽ കുട്ടിയുടെ അതിസാരം ശമിക്കും.

സമംഗാധാതകീപത്മവയസ്ഥാകച്ഛുരാതഥാ ।
പിഷ്ടൈരേതൈൎയ്യവാഗ്രഃസ്യാദതീസാരവിനാശിനീ॥ വം
വില്വമൂലകഷായേണ ലാജാശ്ചൈവ സ ശക്കരാം ।
ആലോഡ്യ പായയേൽ ബാലം ഛൎദ്ദ്യതീസാരനാശനം॥ ബൃ

വാ—പറച്ചുണ്ടവേര, താതിരിപ്പൂവ്, താമരയല്ലി, വയമ്പ്, നായ്ക്കുരണവേര ഇവ അരച്ച വേവിച്ച് ഉണ്ടാക്കിയ കഞ്ഞി അതിസാരത്തെ ശമിപ്പിക്കും. കൂവളത്തിൻവേർ കഷായംവെച്ച അതിൽ മലരിട്ടുണ്ടാക്കിയ കഞ്ഞി പഞ്ചസാരയും ചേൎത്തു സേവിപ്പിക്കുക. ബാലന്റെ ഛൎദ്ദിയും അതിസാരവും ശമിക്കും.

ലേഹസ്സൈലസിതാക്ഷൌദ്രതിലയഷ്ട്യാഹ്വകല്കിതഃ ।
ബാലസ്യരുന്ധ്യാന്നിയതം രക്തസ്രാവം പ്രവാഹികാം॥ നവ

വ്യാ—എള്ളും എരട്ടിമധുരവും അരച്ച എണ്ണയും പഞ്ചസാരയും തേനും ചേൎത്തുണ്ടാക്കിയ ലേഹം ബാലന്റെ രക്തസ്രാവം, പ്രവാഹിക (മുക്കൽ) ഇവയെ മാററുന്നതാണ്.

ലാജാസയഷ്ടിമധുക ശർക്കരാഃ ക്ഷൌദ്രമേവച ।
തണ്ഡുലോദകസംയുക്തം ക്ഷിപ്രം ഹന്തി പ്രവാഹികാം.

വ്യാ—മലര്, എരട്ടിമധുരം, പഞ്ചസാര, തേൻ ഇവ എല്ലാം കൂട്ടി അരിക്കാടിയിൽ ചേർത്തു സേവിപ്പിച്ചാൽ ബാലൻെറ പ്രവാഹിക (മുക്കൽ) ശമിക്കും.

മരിചമഹൌഷധകുടജം
ദ്വിഗുണീകൃതമുത്തരോത്തരം ക്രമശഃ
ഗുഡതക്രസഹിതമേതൽ
ഗ്രഹണീരോഗം നിഹന്ത്യാശു ॥ നര്

വ്യാ-കുരുമുളക, ചുക്ക്, കുടകപ്പാലയരി, ഇവ ഒന്നിനൊന്നിരട്ടിയായെടുത്തു പൊടിച്ച് ശക്കരയും മോരും കൂട്ടി സേവിപ്പിച്ചാൽ ഗ്രഹണീരോഗം ശമിക്കും.

വിലാശക്രാംബുമോചാബ്ദസിദ്ധമാജംപയശ്ശിശോഃ നദ
സമാംസരക്താം ഗ്രഹണീം പീതം ഹന്യാൽത്രിരാത്രതഃ ॥

വ്യാ—കൂവളത്തിൻവേര, കുടകപ്പാലയരി, ഇരുവേലി, എലത്തരി, മുത്തങ്ങ, ഇവ ചതച്ചിട്ടു കുറുക്കിയ ആട്ടിൻപാൽ സേവിപ്പിച്ചാൽ മാംസരക്തദോഷങ്ങളോടുകൂടിയ ഗ്രഹണി മൂന്നു ദിവസത്തിന്നുള്ളിൽ ശമിക്കും.

തദ്വച്ഛാജാക്ഷീരസമോ ജംബൂത്വക്സംഭവോരസഃ ।
ഗുദപാകേഷുബാലാനാം പിത്തഘ്നീംകാരയേൽക്രിയാം ॥ നന്ന

വ്യാ- ആട്ടിൻപാലും ഞാവൽതോൽ ഇടിച്ചുപിഴിഞ്ഞ നീരും സമം കൂട്ടി സേവിപ്പിച്ചാലും ഫലം മേൽപ്രകാരംതന്നെ ബാലന്മാക്കു ഗുദത്തിൽ ഉണ്ടാകുന്ന പഴുപ്പിൽ പിത്തശമനമായ ചികിത്സ ചെയ്യേണ്ടതാണ്.

ദുഷ്ടമന്നാദിഭിർമ്മാതുഃസ്തന്യം സംപിബതശ്ശിശോഃ ।
യദാപ്രകുപിതം പിത്തം ഗുദം സമഭിധാവതി നഭ
തദാ സംജായതേ തത്രജളൌകോദരസന്നിഭഃ ।
വ്രണസ്സദാഹോ വ്യക്തോഷ്മാ തദാസ്യസ്യാൽജ്വരഃപരഃ നവ്യ

ഹരിതംപീതകം വാപി വച്ചസ്സനമേവേൽ ധ്രുവം ।
വ്രണഃ പശ്ചാദ്രജോനാമ വ്യാധിഃ പരമ ദാരുണഃ ൩൩

വ്യാ—മാതാവ് അപത്ഥ്യമായ അന്നാദികളെ ശീലിച്ചാൽ അ മാതാവിൻെറ മുലപ്പാൽ കുടിക്കുന്ന ശിശുവിന്നു പിത്തം കോപിക്കുകയും ശിശുവിൻെറ ഗുദത്തിൽ അട്ടയുടെ ഉദരംപോലെയുള്ള വ്രണമുണ്ടാകുകയും ചെയ്യും. ഈ വ്രണത്തിന്നു നിറവും അവ്യക്തമായ ചൂടും ഉണ്ടാകും. കലശലായ പനിയും ഭവിക്കും. ശിശുവിൻെറ മലം പോകുന്നതു മഞ്ഞനിറമോ പച്ചനിറമോ ആയിരിക്കും. ഈ വ്രണം പശ്ചാദ്രജം എന്നു പേരുള്ള ഭയങ്കരമായ വ്യാധിയാകുന്നു.

ചന്ദനം ശാരിബേ ദേ ച ശംഖിനീതിസമായുതൈഃ
പശ്ചാദ്രജേ പ്രലേപോയം മവലേഹസ്സു ശസ്യതേ
കണോഷണസിതാ ക്ഷൌദ്രസ്സൂക്ഷ്മൈലാസൈന്ധവൈ വ കൃതഃ

വ്യാ— പശ്ചാദ്രജമെന്ന വ്രണമുണ്ടായാൽ ചന്ദനം, നന്നാറിക്കിഴങ്ങ്, പാർവള്ളിക്കിഴങ്ങ്, ശംഖപുഷ്പത്തിൻവേര് ഇവ അരച്ചു വ്രണത്തിന്മേൽ പുരട്ടുകയും തിപ്പലി, കുരുമുളക, പഞ്ചസാര, തേൻ, ഏലത്തരി ഇവ ലേഹമായി സേവിപ്പിക്കുകയും വേണം.

ഘൃതേനസിന്ധുവിശ്വൈലാഹിംഗുഭാർങ്ഗീരജോംലിഹൻ
ആനാഹം വാതികംശൂലം ജയേത്തോയേന വാ ശിശുഃ

വ്യാ—ഇന്തുപ്പ്, ചുക്ക് ഏലത്തരി, കായം, ചെറുതേക്കിൻവേര ഇവയുടെ പൊടി നെയ്യിൽ ചാലിച്ചു സേവിപ്പിക്കയൊ ഇവകൊണ്ടു കഷായംവെച്ചു സേവിപ്പിക്കയോ ചെയ്താൽ ശിശുവിന്നുണ്ടാകുന്ന മേൽവയറു വീപ്പും പ്രബലമായ വയറുവേദനയും ശമിക്കും.

ഹരിതകീവചാകുഷ്ഠ കല്ക്കം മാക്ഷികസംയുതം
പീതാകുമാരഃസ്തന്യേന മുച്യതേ താലുപാതനാൽ ॥ ൩൨

വ്യാ—കടുക്ക, വയമ്പ, കൊട്ടം, ഇവ അരച്ചു കല്ക്കം തേൻ ചേൎത്തു മുലപ്പാലിൽ കലക്കി സേവിപ്പിച്ചാൽ ബാലൻെറ അണ്ണാക്കു വിള്ളുന്നതു ശമിക്കും.

മുഖപാകേതു ബാലാനാം സാമ്രസാരമയോരജഃ ।
ഗൈരികക്ഷൌദ്രസംയുക്തം ഭേഷജംസരസാഞ്ജനം ॥ ൪൩

വ്യാ— ബാലന്മാൎക്കു വായിൽ പഴുപ്പുണ്ടായാൽ അമ്രസാരം, ഇരിമ്പുപൊടി, കാവിമണ്ണ്, രസാഞ്ജനം എന്നിവ തേനിൽ ചാലിച്ചു സേവിപ്പിക്കണം.

ദന്തോത്ഭവേഷു രോഗേഷു ന ബാലമതിയന്ത്രയേൽ ।
സ്വയമേവോപശാമ്യന്തി ജാതദന്തസ്യ യൽഗദാഃ ॥ ൪൪

വ്യാ— പല്ലു മുളക്കുന്നതു സംബന്ധിച്ചുണ്ടാകുന്ന രോഗങ്ങളിൽ ബാലനു അധികമായ ചികിത്സകളൊന്നും ചെയ്യേണ്ടതില്ല. എന്തുകൊണ്ടെന്നാൽ ആ വക രോഗങ്ങൾ പല്ലു മുളച്ചുകഴിഞ്ഞാൽ തനിയേ ശമിക്കുന്നതാണ്.

വിഭീതകഫലം കുഷ്ഠം ഹരിതാലം മനശ്ശിലാ ।
ഏഭിസ്സൈലം വിപക്തവ്യം ബാലാനാം പൂതികൎണ്ണകേ ॥ ൪൫

വ്യാ— പൂതികൎണ്ണകം (കാതു പഴുത്തു ദുൎഗ്ഗന്ധംവരിക) ഉണ്ടായാൽ താന്നിക്ക, കൊട്ടം, അരിതാലം, മനയോല ഇവ കല്ക്കമായി എണ്ണ കാച്ചി പുരട്ടേണ്ടതുമാണ്.

പഞ്ചമൂലീകഷായേണ സഘൃതേന പയഃശൃതം ।
സശൃംഗവേരം സഗുഡം ശീതംഹിക്കാൎദ്ദിതഃപിബേൽ ॥ ൪൬

വ്യാ—സുവൎണ്ണഗൈരികം പൊടിച്ചു തേനിൽ ചാലിച്ചു സേവിപ്പിച്ചാൽ ബാലനുണ്ടാകുന്ന ഇക്കിൾ ശമിക്കും.

(പുഷ്കരാദി ചൂൎണ്ണം)

പുഷ്കരാതിവിഷാശൃംഗീ മാഗധീധന്വയാഷകൈഃ ।
തച്ചൂൎണ്ണം മധുനാലീഢം ശിശൂനാം പഞ്ചകാസനുൽ ॥ ൪൭

വ്യാ—പുഷ്കരമൂലം, അതിവിടയം, കൎക്കടശൃംഗി, തിപ്പലി കൊടുത്തൂവ്വവേർ ഇവ പൊടിച്ചു ആ പൊടി തേനിൽ ചാലിച്ചു സേവിച്ചാൽ ശിശുക്കൾക്കുണ്ടാകുന്ന അഞ്ചു വിധം കാസങ്ങളും ശമിക്കും.

(ഡാഡിമാദി ചൂൎണ്ണം)

ഡാഡിമസ്യ ചബീജാനി ജീരകം നാഗകേസരം
ചൂൎണ്ണിതം ശൎക്കരാക്ഷൌദ്രലീഢം തൃഷ്ണാനിവാരണം॥ ൬൭

വ്യാ—ഡാഡിമനാരങ്ങയുടെ വിത്ത്, ജീരകം, നാഗപ്പൂവ്വ് ഇവ പൊടിച്ചു പഞ്ചസാരയും തേനും ചേൎത്തു സേവിച്ചാൽ വെള്ളം ദാഹം ശമിക്കും.

പിഷ്ട്വൈശ്ഛാഗേന പയസാ ദാൎവ്വീമുസ്തകഗൈരികൈഃ।
ബഹിരാലേപനം ശസ്തം ശിശോനേത്രാമയാൎത്തിജിൽ॥ ൬൮

വ്യാ—മരമഞ്ഞൾത്തൊലി, മുത്തങ്ങ, കാവിമണ്ണ് ഇവ ആട്ടിൻപാലിലരച്ചു കണ്ണിന്നുപുറമെ പൂരട്ടിയാൽ ശിശുവിന്നുള്ള നേത്രരോഗങ്ങൾ ശമിക്കും.

മനശ്ശിലാ ശംഖനാഭിഃ പിപ്പല്യാഥ രസാഞ്ജനം।
വൎത്തിഃ ക്ഷൌദ്രേണ സംയുക്താ ബാലേ സൎവ്വാക്ഷിരോഗനുൽ॥ ൬൯

വ്യാ—മനയോല, ശംഖനാഭി, തിപ്പലി, രസാഞ്ജനം ഇവ തേനിൽ അരച്ചുണ്ടാക്കിയ വൎത്തി (ഗുളിക) ബാലനുണ്ടാകുന്ന എല്ലാ നേത്രരോഗങ്ങളേയും ശമിപ്പിക്കും.

(ബാലചാങ്ഗേരീഘൃതം)

ചാങ്ഗേരീസ്വരസേ സൎപ്പിഃ ഛാഗക്ഷീരസമം പചേൽ
കപിത്ഥവ്യോഷസിന്ധൂത്ഥസമംഗോൽപലവാളകൈഃ ॥
സവില്വധാതകീമോചൈസ്സിദ്ധം സൎവ്വാതിസാരനുൽ
ഗ്രഹണീം ദുസ്തരാം ഹന്തി ബാലാനാന്തു വിശേഷതഃ ॥ ൭൦

വ്യാ—പുളിയാരില നീരും, അതിനോട്ടു സമം ആട്ടിൻപാലും കൂട്ടിയതിൽ വിളാവ്, വ്യോഷം (ചുക്കു, മുളകു, തിപ്പലി), ഇന്തുപ്പ്, പറച്ചുണ്ടവേർ, ചെങ്ങഴിനീർക്കിഴങ്ങ, ഇരുവേലി, കൂവളവേര, താതിരിപ്പൂവ്വ്, ഏലത്തരി ഇവ കല്ക്കം ചേൎത്തു നെയ്കാച്ചി സേവിപ്പിച്ചാൽ ബാലന്മാരുടെ അതിസാരവും ഗ്രഹണിയും ശമിക്കും.

(കുമാരകല്യാണഘൃതം)

ശതപുഷ്പീവചാബ്രാഹ്മി കുഷ്ഠം ത്രിഫലയാ സഹ ।
ദ്രാക്ഷാസശർക്കരാ ശൃംഗി ജീവന്തി ജീരകം ബലാ ॥ ൩൫
ശഠി ദുരാലഭാ വില്വം ദാഡിമം സുരസാസ്ഥിരാ ।
മുസ്തം പുഷ്കരമൂലഞ്ച സൂക്ഷ്മൈലാ ഗജപിപ്പലീ ॥ ൩൬
ഏഷാം കർഷസമൈർഭാഗൈർഘൃതപ്രസ്ഥം വിപാചയേൽ ।
കഷായേകണ്ടകാര്യാശ്ച ക്ഷീരേതസ്മിംശ്ചതുർഗ്ഗുണേ ॥ ൩൭
ഏതൽ കുമാരകല്യാണംഘൃതരത്നംസുഖപ്രദം ।
ബലവർണ്ണകരം പുണ്യം പുഷ്ട്യായുരഭിവർദ്ധനം ॥ ൩൮
ഛായാസർവ്വഗ്രഹാലക്ഷ്മി കൃമിദന്തഗദാപഹം ।
സർവ്വബാലാമയംഹന്തി ദന്തോത്ഭേദം വിശേഷതഃ ॥ ൩൯

വ്യാ-കണ്ടകാരിച്ചുണ്ടവേർ കഷായംവെച്ച് ആ കഷായവും പാലും നെയ്യിന്റെ നാലിരട്ടി ചേർത്തു നാലുനാഴി നൈ കൂട്ടി കല്ക്കത്തിന്നു ശതകുപ്പ, വയമ്പു, ബ്രഹ്മി, കൊട്ടം, ത്രിഫല, മുന്തിരിങ്ങ, പഞ്ചസാര, ചുക്ക്, അടപതിയൻ കിഴങ്ങ്, ജീരകം, കുറുന്തോട്ടിവേർ, കച്ചൂരിക്കിഴങ്ങ്, കൊടുത്തൂവ്വവേർ, കൂവളവേർ, ഡാഡിമനാരകവേര്, തുളസിവേർ, ഓരിലവേർ, മുത്തങ്ങ, പുഷ്കരമൂലം, ഏലത്തരി, അത്തിത്തിപ്പലി ഇവ ഓരൊ കഷം അരച്ചു കലക്കി കാച്ചി അരിക്കുക. ഇതു കുമാരകല്യാണം എന്ന ശ്രേഷ്ഠമായ നെയ്യാകുന്നു. ഇതു ബാലന്മാക്കു സുഖം നൽകുന്നതും ബലവും വർണ്ണവുമുണ്ടാക്കുന്നതും പുണ്യവും പുഷ്ടി, ആയുസ്സ് എന്നിവയെ വർദ്ധിപ്പിക്കുന്നതും ഛായാദിഗ്രഹബാധകളെയും അലക്ഷ്മിയേയും പല്ലിലെ രോഗങ്ങളേയും കൃമിയേയും എന്നുവേണ്ട സർവ്വ ബാലരോഗങ്ങളേയും വിശേഷിച്ച പല്ല് മുളക്കുമ്പോഴത്തെ രോഗത്തേയും ശമിപ്പിക്കുന്നതുമാകുന്നു.

(ലാക്ഷാദി തൈലം)

ലാക്ഷാരസസമം സിദ്ധം തൈലംമസ്തുചതുർഗ്ഗുണം ।
രാസ്നാചന്ദനകുഷ്ഠാബ്ദവാജിഗന്ധാനിശായുതൈഃ ॥ ൪൦

ശതാഹ്വാദാരുയഷ്ട്യാഹ്വൈര്‍മൂര്‍വ്വാതിക്താഹരേണുഭിഃ ।
ബാലാനാം ജ്വരരക്ഷാഘ്നമഭ്യംഗാല്‍ബലവര്‍ണ്ണകൃല്‍ ॥ ൰൨

വ്യാ—കോലരക്ക വെച്ചുററിയ ചാറും എണ്ണയും സമം; തയിര്‍വെള്ളം എണ്ണയുടെ നാലിരട്ടി; കൂട്ടിഃ ച്ചേര്‍ത്തു കല്‍ക്കത്തിന്നു ചുവന്നരത്ത, ചന്ദനം, കൊട്ടം, മുത്തങ്ങ, അമുക്കുരം, വരട്ടുമഞ്ഞള്‍, മരമഞ്ഞള്‍ത്തൊലി, ശതകുപ്പ, ദേവതാരം, എരട്ടിമധുരം, പെരുംകുരുമ്പവേര്‌, പുത്തരിച്ചുണ്ടവേര്‍, അരേണുകം ഇവ അരച്ചു കല്‍ക്കം ചേര്‍ത്തു തൈ കാച്ചുക. ഈ എണ്ണ തേച്ചാല്‍ ബാലന്മാരുടെ പനി, ഗ്രഹബാധ എന്നിവ ശമിക്കുകയും ബലവും വര്‍ണ്ണഗുണവും ഉണ്ടാകയും ചെയ്യും.

(സപ്തച്ഛദാദിധൂപം)

സപ്തച്ഛദശ്ച ശുനംമൂര്‍വ്വാസര്‍ഷപാരിഷ്ടപല്ലവാഃ ।
വിഡാലവിഡ്ജാലോമ മേഷശൃംഗീ വചാ മധു ॥ ൰൩
ധൂപശ്ശിശോര്‍ജ്വരഘ്നോയമശേഷഗ്രഹനാശനഃ ।

വ്യാ— പാമ്പിന്‍വള, വെള്ളുള്ളി, പെരുംകുരുമ്പവേര്‌, കടുക്‌, വേപ്പിന്‍തളിര്‌, പൂച്ചക്കാഷ്ടം, ആട്ടിന്‍രോമം, ആട്ടുതൊടാപ്പാല, വയമ്പ്‌, തേന്‍ ഇവ ചേര്‍ത്തു ധൂപം (പുകക്കല്‍) ചെയ്യുക. ശിശുവിന്റെ ജ്വരവും സര്‍വ്വ ഗ്രഹബാധകളും ശമിക്കും.

(ബാലരോഗാന്തക രസം)

ശാണംസൂതസ്യ ശുദ്ധസ്യ ഗന്ധകസ്യ ചതത്സമം ।
സുവര്‍ണ്ണമാക്ഷികസ്യാപി ചാര്‍ദ്ധഭാഗം വിമിശ്രിതഃപല്‍ ൰൪
തതഃകജ്ജലികാം കൃത്വാ ലോഹപാത്രേവിമര്‍ദ്ദയേ
കേശരാജസ്യഭൃംഗസ്യ നിര്‍ഗ്ഗുണ്ഡ്യാഃപത്രസംഭവം ൰൫
സ്വരസംകാകമാച്യാശ്ച ഗ്രീഷ്മസുന്ദരകസ്യച
സൂര്യ്യാവര്‍ത്തകശാലിഞ്ച ഭേകപര്‍ണ്ണിരസംതഥാ ൰൬
ശ്വേതാപരാജിതായാശ്ച മൂലം ദദ്യാദ്വിചക്ഷണഃ
ദേയം രസാര്‍ദ്ധഭാഗേന ചൂര്‍ണ്ണം മരിച സംഭവം ൰൭

ശുദ്ധശിലാമയേപാത്രേ ലോഹദണ്ഡേനമർദ്ദയേൽ ।
ശുഷ്കമാതപസംയോഗാദ്വടികാം കാരയേൽഭിഷക് ॥ നൗ
പ്രമാണം സർഷപസ്യൈവ ബാലാനാം വിനിയോജയേൽ ।
ഹന്തി ത്രിദോഷകഞ്ചൈവ ജ്വരമാമം സുദാരുണം ॥ നന്ന
കാസംപഞ്ചവിധഞ്ചാപിസർവ്വരോഗം നിഹന്തിച ।
ശിശൂനാം രോഗനാശായ നിർമ്മിതായം മഹാരസഃ ॥ നൈ

വ്യാ:—രസം ശുദ്ധി ചെയ്യുതു ഒരു ശാണം; ഗന്ധകം ശുദ്ധിചെയ്യുതു ഒരു ശാണം; സ്വർണ്ണമാക്ഷിരം അരശാണം; എല്ലാംകൂടി ഉറപ്പുള്ളതും പുതിയതുമായ ഇരിമ്പുപാത്രത്തിൽ ഉരസിച്ചേർത്തു കേശരാജരസം, കഞ്ഞുണ്ണിനീര്, കരിനെച്ചിനീര്, കരിന്താളിരസം, പിച്ചകത്തിലനീര്, സൂര്യാവർത്തകമെന്ന നെല്ല് വെച്ചൂററിയ നീര്, മുത്തിളിൻ നീര്, വെളുത്ത അപരാജിതയുടെ വേർ ഇടിച്ചുപിഴിഞ്ഞ നീര് ഇവയും, രസത്തിൻെറ പകുതി കുരുമുളകിൻ പൊടിയും ചേർത്തു എല്ലാംകൂടി കല്ലിന്മേലിട്ടരച്ചു വെയിലത്തു വെച്ചുണക്കി കടുകുമണി പ്രമാണത്തിൽ ഗുളികയാക്കി ഉരുട്ടുക. ഇതു കുട്ടികൾക്കു കൊടുത്താൽ ത്രിദോഷങ്ങളും, ഭയങ്കരമായ ആമജ്വരവും, അഞ്ചുവിധത്തിലുള്ള കാസങ്ങളും, എന്നുവേണ്ട സർവ്വരോഗങ്ങളും ശമിക്കും.

(കുമാരകല്യാണരസം.)

സിന്ദൂരം മൌക്തികം ഹേമവ്യോമമായോ ഹേമമാക്ഷികം ।
കന്യാംതോയേന സമ്മർദ്യകുര്യാന്മുദ്ഗമിതാവടീഃ ॥ നവ്യ
വടികാം വടികാർദ്ധം വാ വയോവസ്ഥാം വിചിന്ത്യച ।
ക്ഷീരേണസിതയാസാർദ്ധം ബാലേഷു വിനിയോജയേൽ ॥ നൻ
കുമാരാണാം ജ്വരം ശ്വാസം വമനം പരിഗർഭികം ।
ഗ്രഹദോഷാംശ്ച നിഖിലാൻ സ്തന്യസ്യാ ഗ്രഹണം തഥാ ॥ ൌ
കാമലാമതിസാരഞ്ച കൃശതാം വഹ്നിവൈകൃതം ।
രസഃ കുമാരകല്യാണോ നാശയേന്നാത്ര സംശയഃ ॥ ൈ

വ്യാഃ—സിന്ദൂരം, മുത്ത്, തങ്കം, അഭ്രകം, ഇരുമ്പ്, സ്വർണ്ണമാക്ഷിരം ഇവ കന്യാതോയത്തിൽ അരച്ച് ചെറുപയറോളം പോന്ന ഗുളികയാക്കി ഒരു ഗുളികയോ പകുതി ഗുളികയോ കുട്ടിയുടെ വയസ്സിന്നും അവസ്ഥക്കുമനുസരിച്ച് പാലും പഞ്ചസാരയും ചേർത്തിൽ ഉരസിക്കൂട്ടി സേവിപ്പിക്കുക. കുട്ടികൾക്കുണ്ടാകുന്ന പനി, ഏക്കം, ഛർദ്ദി, പരിഗർഭികമെന്ന രോഗം, ഗ്രഹദോഷങ്ങൾ, മുലകുടിക്കായ്മ, കാമില, അതിസാരം, കാർശ്യം, അഗ്നിമാന്ദ്യം എന്നിവയെല്ലാം ശമിപ്പിക്കും. ഇതിന്നു കുമാരകല്യാണരസം എന്നു പേരാകുന്നു.

(ദന്തോൽഭേദാന്തകം.)

പിപ്പലീ പിപ്പലീമൂലചവ്യചിത്രകനാഗരൈഃ ।
അജമോജായവാനീഭ്യാം നിശയാ മധുകേന ച ॥ ൧
ദാരുദാർവ്വീവിളംഗൈലാ നാഗകേസരനീരദൈഃ ।
ശഠീശൃംഗീവിളൈർവ്യോമ്നാശംഖായോഹേമമാക്ഷികൈഃ ।
വിധായ പയസാ പിഷ്ട്വാ വടികാ വിധിവൽഭിഷക് ।
ദന്തഫലഷ്വേവ ഹ്യേതൌ യോജയേച്ച പ്രയോഗവിൽ ॥ ൨
പ്രയോഗാദസ്യ ദന്താനാം ത്വരയോൽഗമതോ ഗദാഃ ।
ജ്വരാക്ഷേപാതിസാരാദ്യാ നിവർത്തന്തേ ന സംശയഃ ॥ ൩

വ്യാഃ—തിപ്പലി, കാട്ടുതിപ്പലിവേര്, കാട്ടുമുളകിൻവേര്, കൊടുവേലിക്കിഴങ്ങ് ശുദ്ധിചെയ്തത്, ചുക്ക്, അയമോദകം, ജീരകം, വരട്ടുമഞ്ഞൾ, എരട്ടിമധുരം, ദേവതാരം, മരമഞ്ഞത്തൊലി, വിഴാലരി, ഏലത്തരി, നാഗപ്പൂവ്, മുത്തങ്ങ, കച്ചൂരിക്കിഴങ്ങ്, കർക്കടകശൃംഗി, വിളയപ്പ്, അഭ്രകം, ശംഖം, ഇരുമ്പ്, സ്വർണ്ണമാക്ഷിരം ഇവ പാലിൽ അരച്ച് വിധിപോലെ ഗുളികയാക്കി ഉരുട്ടുക. ഈ ഗുളിക കുട്ടികൾക്കു പല്ലു മുളക്കുന്ന സമയത്തു സേവിപ്പിക്കുക. എന്നാൽ പല്ലു മുളക്കുമ്പോളുണ്ടാകുന്ന ജ്വരാക്ഷേപാതിസാരാദികളായ രോഗങ്ങൾ ശമിക്കും, സംശയമില്ല.

(പിപ്പല്യാദിഘൃതം.)

പിപ്പലീ ധാതകീപുഷ്പ ധാത്രീഫലകശേരുഭിഃ ।
വചാമൂൎവ്വാമൃതാപാഠാ കടുകാതിവിഷാഘനൈഃ ॥ ന്റെ
ജീവനീയൈൎഘൃതംസിദ്ധം ശസ്തം ദശന ജന്മനി । ൈ
സുഖോഷ്ണേന യഥാമാത്രം പയസൈതൽ പ്രപായയേൽ ॥

വ്യാ:—തിപ്പലി, താതിരിപ്പൂവ്, നെല്ലിക്ക, കഴിമുത്തങ്ങ, വയമ്പ്, പെരുംകുരുമ്പവേര്, ചിററമൃത്; പാടക്കിഴങ്ങ്, കടുകരോഹിണി, അതിവിടയം, മുത്തങ്ങ, ജീവനീയഗണം ഇവ കല്ക്കമായി നൈ കാച്ചുക. ഈ നൈ മാത്രയനുസരിച്ചു അല്പം ചൂടോടുകൂടിയ പാലിൽ ചേൎത്തു സേവിപ്പിക്കുക. ഇതു പല്ലു മുളക്കുന്നതിനാലുണ്ടാകുന്ന രോഗങ്ങളിൽ ഉത്തമമാകുന്നു.

(സൎവ്വൌഷധിസ്നാനം.)

മുരാമാംസീ വചാ കുഷ്ഠം ശൈലേയം രജനീദ്വയം ।
ശഠീചമ്പകമുസ്തഞ്ച സൎവ്വൌഷധിഗണഃ സ്മൃതഃ ॥ വ്വെ
സൎവ്വൌഷധ്യംബുനാസ്നാനം ബാലാനാം ഗദനാശനം ।
ഗ്രഹരക്ഷഃപ്രശമനമായുഷ്യം കാന്തിവൎദ്ധനം ॥ നെ

വ്യാ:—മുരൾമാഞ്ചി, വയമ്പ്, കൊട്ടം, ചേലേയം, വരട്ടുമഞ്ഞൾ, മരമഞ്ഞൾ, കച്ചൂരിക്കിഴങ്ങ്, ചമ്പകപ്പൂവ്, മുത്തങ്ങക്കിഴങ്ങ് ഇവയെ സൎവ്വൌഷധികൾ എന്നു പറയുന്നു. ഈ സൎവ്വൌഷധികളിട്ടുണ്ടാക്കിയ വെള്ളത്തിൽ കുളിപ്പിക്കുന്നതു കുട്ടികളുടെ രോഗങ്ങൾ ശമിക്കുവാൻ നല്ലതാകുന്നു. ഇതു ചെയ്താൽ ഗ്രഹബാധയും രക്ഷഃപീഡയും ശമിക്കും. ആയുസ്സും കാന്തിയും വൎദ്ധിക്കയും ചെയ്യും.

(അരവിന്ദാസവം.)

അരവിന്ദമുശീരഞ്ച കാശ്മരീം നീലമുൽപലം ।
മഞ്ജിഷ്ഠൈലാബലാമാംസീരംബുദം ശാരിബാം ശിവാംമവ്യം

വിഭീതകവചാധാത്രീശ്ശ്രീം ശ്യാമാം സനിലിനീം ।
പാടോലം പൎപ്പടഞ്ചാഥ മധൂകം മധുകം മുരാം ॥ വൃഷ
പലമാനേന സംഗൃഹ്യ ദ്രാക്ഷായാഃ പലവിംശതിം ।
ധാതകീംഷോഡശപലാംജലദ്രോണദ്വയേക്ഷിപേൽ ॥വൃഷ
ശൎക്കരായാസ്തുലാം തത്ര തുലാൎദ്ധം മാക്ഷികസ്യച ।
മാസം സംസ്ഥാപയേൽ ഭാണ്ഡേ മൃത്തികാ പരിനിൎമ്മിതേ ॥
ബാലാനാം സൎവ്വരോഗഘ്നോ ബലപുഷ്ട്യഗ്നി വൎദ്ധനഃ ।
അരവിന്ദാസവഃപ്രോക്ത ആയുഷ്യോഗ്രഹ ദോഷഹൃൽ ॥വൃഷ

വ്യാ:—താമരയല്ലി, രാമച്ചം, കുമിഴിൻവേര്, ചെങ്ങഴിനീക്കിഴങ്ങ്, മഞ്ചട്ടിപ്പൊടി, ഏലത്തരി, കുറുന്തോട്ടിവേര്, മാഞ്ചി, മുത്തങ്ങക്കിഴങ്ങ്, നന്നാറി, കടുക്ക, താന്നിക്ക, വയമ്പ്, നെല്ലിക്ക, കച്ചൂരിക്കിഴങ്ങ്, ശ്യാമ, അമരിവേര്, പടോലം, പൎപ്പടകം, ഇരിപ്പകാതൽ, എരട്ടിമധുരം, മുരൽമാഞ്ചി ഇവ ഓരോപലം എടുത്തു മുന്തിരിങ്ങ ഇരുപത്തഞ്ചുപലവും താതിരിപ്പൂവ് പതിനാറുപലവുംകൂട്ടി മുപ്പത്തിരണ്ടിടങ്ങഴി വെള്ളത്തിൽ വെച്ചു അതിൽ ഒരു തുലാം പഞ്ചസാരയും അര തുലാം തേനും ചേൎത്തു മണ്പാത്രത്തിലാക്കി ഒരു മാസം സൂക്ഷിക്കുക. ഇതിന്നു അരവിന്ദാസവം എന്നു പേരാകുന്നു. ഇതു ബാലന്മാൎക്കുള്ള സൎവ്വരോഗങ്ങളെയും ഹനിക്കുകയും ബലവും പുഷ്ടിയും അഗ്നിയും വൎദ്ധിപ്പിക്കുകയും ആയുസ്സിനെ പെരുക്കുകയും ചെയ്യും.

ഇതി പുത്രകാമീയെ ബാലാധികാരഃ
പഞ്ചമഖണ്ഡസ്സമാപ്തഃ.

ഷഷ്ഠ ഖണ്ഡഃ.

(ബാലഗ്രഹാധികാരഃ)

മൂലം — ഓം രാവണായ സ്വാഹാ — പ്രഥമേ ദിവസേ മാസി വർഷേ വാ ഗൃഹ്ണാതി നന്ദാ നാമ മാതൃകാ । തയാ ഗൃഹീതമാത്രസ്യ പ്രഥമം ഭവതി ജ്വരഃ । അശുദ്ധശബ്ദം മുഞ്ചതി ഉൽക്രോശഞ്ച കരോതി സ്തന്യം ന ഗൃഹ്ണാതി । ബലിം തസ്യ പ്രവക്ഷ്യാമി യേന സമ്പദ്യതേ ശുഭം । നദ്യുഭയതടമൃത്തികാം ഗൃഹീത്വാ പുത്തലികാം കൃത്വാ ശുക്ലൌദനം ശുക്ലപുഷ്പം സപ്തധ്വജാസ്സപ്തപ്രദീപാഃ സപ്ത വടകാഃ സപ്തസ്വസ്തികാഃ സപ്തശഷ്കുലികാഃ ജംബുധികാ ഗന്ധപുഷ്പം താംബൂലം മത്സ്യം മാംസം സുരാ അഗ്രകേതഞ്ച പൂർവ്വസ്യാം ദിശി ചതുഷ്പഥേ മധ്യാഹ്നേ ബലിർദാതവ്യഃ । അശ്വത്ഥപത്രം കുംഭേ നിക്ഷിപ്യ ശാന്ത്യുദകേന സ്നാപയേൽ, രസോന സിദ്ധാർത്ഥകമേഷശൃംഗിനിംബപത്ര ശിവനിർമ്മാല്യൈർബ്ബാലകം ധൂപയേൽ । ഓം നമോ രാവണായ അമുകസ്യ വ്യാധിം ഹനഹന മുഞ്ച മുഞ്ച ഹ്രീം ഫൾസ്വാഹാ । ഏവം ദിനത്രയം ബലിം ദത്വാ ചതുർത്ഥ ദിവസേ ബ്രാഹ്മണാൻ ഭോജയേൽ । തതസ്സംപദ്യതേ ശുഭം. (൧)

വ്യാ:—പ്രസവിച്ച് ഒന്നാം ദിവസത്തിലോ ഒന്നാം മാസത്തിലോ ഒന്നാമത്തെ സംവത്സരത്തിലോ നന്ദ എന്നുപേരായ മാതൃഗ്രഹം ബാലനെ ബാധിക്കും. ആ ഗ്രഹം ബാധിച്ചാൽ ഉടനെ ആദ്യമായി ജ്വരമുണ്ടാകും ചീത്തശബ്ദം പുറപ്പെടുവിക്കയും 'ആ' എന്നുള്ള ശബ്ദം വിടുകയും ചെയ്യും. മുല കുടിക്കുകയില്ല. ഈ ദേവതോപദ്രവം തീർന്നു സുഖമുണ്ടാകുവാനുള്ള ബലിയെ പറയാം. നദിയുടെ ഇരുകരകളിലുമുള്ള മണ്ണെടുത്ത് ഒരു പ്രതിമയുണ്ടാക്കി വെളുത്ത ചോറ്, വെളുത്ത പുഷ്പം, വെളുത്ത ഏഴു കൊടി, ഏഴു വിളക്ക്, ഏഴു വടകം, ഏഴു സ്വസ്തികം, ഏഴു ശഷ്കുലി എന്ന പലഹാരം, ജംബുധികാ എന്ന പലഹാരം, ചന്ദനം, പൂവ്, വെററില, മത്സ്യം, മാം

സം, മദ്യം, പായസം ഇവ കിഴക്കേദിക്കിൽ നാലും കൂടിയ പെരുവഴിയിൽ ഉച്ചസമയത്തു ബലിയായി നൽകണം. ഒരു കുടം വെള്ളത്തിൻ അരയാലിലയിട്ടു ശാന്തിജലമുണ്ടാക്കി അതുകൊണ്ടു കുട്ടിയെ കുളിപ്പിക്കണം. വെള്ളുള്ളി, കടുക്, ആട്ടുതൊട്ടാപ്പാല, വേപ്പില, ശിവനിർമ്മാല്യം ഇവകൊണ്ടു ബാലനെ ധൂപിപ്പിക്കണം. ബലി തൂകുവാൻ മന്ത്രം 'ഓം നമോ രാവണായ' ഇത്യാദിയാകുന്നു. ഇങ്ങിനെ മൂന്നുദിവസം ബലി നൽകി നാലാംദിവസം ബ്രാഹ്മണരെ ഊട്ടണം. എന്നാൽ സുഖമാകും.

മൂ:—ദ്വിതീയേ ദിവസേ മാസി വർഷേ വാ ഗൃഹ്ണാതി സുനന്ദാ നാമമാതൃകാ । തയാ ഗൃഹീതമാത്രസ്യ പ്രഥമം ഭവതി ജ്വരഃ । ചക്ഷുരുന്മീലയതി ഗാത്രമുദ്വേജയതി ന ശേതേ ക്രന്ദതി സ്തന്യം ന ഗൃഹ്ണാതി ആർത്തസ്വരഞ്ച കരോതി । ബലിം തസ്യാഃ പ്രവക്ഷ്യാമി യേന സമ്പദ്യതേ ശുഭം । തണ്ഡുലം ഹസ്തമാത്രൈകം ഗൃഹീത്വാ ദധിഗുഡഘൃതമിശ്രിതം കൃത്വാ ശരാവൈകം ഗന്ധതാംബൂലം പീതപുഷ്പം പീതാസ്സപ്തധ്വജാഃ സപ്തപ്രദീപാസ്സപ്തസ്വസ്തികാഃ മത്സ്യമാംസസുരാരക്തതിലചൂർണ്ണഞ്ച പശ്ചിമായാം ദിശി ചതുഷ്പഥേ ദിവാ ബലിർദ്ദാതവ്യഃ । ദിനാനി ത്രീണി സന്ധ്യായാഞ്ച । തതഃ ശാന്ത്യുദകേന സ്നാപയേൽ । ശിവനിർമ്മാല്യ സിദ്ധാർത്ഥക മാർജ്ജാരരോമ മോശീരവാലുകഘൃതൈർദ്ധൂപം ദദ്യാൽ । ഓം നമോ രാവണായ അമുകസ്യ വ്യാധിം ഹനഹന മുഞ്ചമുഞ്ച ഹ്രീം ഫട് സ്വാഹാ । ചതുർത്ഥേ ദിവസേ ബ്രാഹ്മണാൻ ഭോജയേൽ । തതസ്സമ്പദ്യതേ ശുഭം. (൨)

വ്യാ:—രണ്ടാം ദിവസത്തിലോ മാസത്തിലോ കൊല്ലത്തിലോ സുനന്ദ എന്നു പേരായ മാതൃഗ്രഹം ബാലനെ ഗ്രഹിക്കും. അതു ഗ്രഹിച്ചാൽ ആദ്യം ബാലനു പനിയുണ്ടാകും. കണ്ണു മിഴിക്കുകയും ദേഹം വിറക്കുകയും ചെയ്യും. കിടന്നി

നാൽ കിടക്കില്ല. നിലവിളിക്കുകയും മുല കടിക്കാതിരിക്കയും
'ങ്ങ' എന്ന ശബ്ദം പുറപ്പെടുവിക്കയും ചെയ്യും. അതു മാറി
സുഖമുണ്ടാവാനുള്ള ബലിയെപ്പറയാം. കൈകൊണ്ടു ഒരു
പിടി അരിയെടുത്തു തൈരും ശർക്കരയും നെയ്യും കൂട്ടിച്ചേർത്തു
ഒരു ചരാതും, ചന്ദനവും, വെററിലയും, മഞ്ഞപ്പൂവും മഞ്ഞനി
റത്തിലുള്ള ഏഴു കൊടികളും, ഏഴു വിളക്കും, ഏഴു സ്വസ്തിക
വും, മത്സ്യം, മാംസം, മദ്യം, ചോറ്, എള്ളിൻപിണ്ണാക്ക് എന്നിവ
യുംകൂടി പടിഞ്ഞാറെ ദിക്കിൽ നാലും കൂടുന്ന പെരുവഴിയിൽ
ബലിയായി നൽകണം. മൂന്നു ദിവസം സന്ധ്യയിലും ബലി
തൂകണം. പിന്നെ മുൻചൊന്നപോലെ ശാന്തിജലംകൊണ്ടു
ബാലനെ കളിപ്പിക്കണം. ശിവനിർമ്മാല്യം, കടുക്, പൂച്ചയു
ടെ രോമം, ഇരുവേലിത്തണ്ട്, നെയ് ഇവ കൂട്ടി ധൂപിപ്പിക്കയും
വേണം. ബലിക്കുള്ളവാൻ മന്ത്രം 'ഓം നമോ രാവണായ' ഇ
ത്യാദിയാകുന്നു. നാലാം ദിവസം ബ്രാഹ്മണഭോജനവും വേ
ണം. എന്നാൽ സുഖമാകും.

മൂ:—തൃതീയേ ദിവസേ മാസി വർഷേ വാ ഗൃഹ്ണാതി പൂ
തനാ നാമ മാതൃകാ। തയാ ഗൃഹീതമാത്രസ്യ പ്രഥമം ഭവതി
ജ്വരഃ। ഗാത്രമുദ്വേജയതി സ്തന്യം ന ഗൃഹ്ണാതി മുഷ്ടിം ബ
ധ്നാതി ക്രന്ദതി ഊർദ്ധ്വം നിരീക്ഷതേ। ബലിം തസ്യാഃ പ്ര
വക്ഷ്യാമി യേന സംപദ്യതേ ശുഭം। നദ്യുഭയതടമൃത്തികാം ഗൃ
ഹീത്വാ പുത്തലികാം കൃത്വാ ഗന്ധം താംബൂലം രക്തപുഷ്പം
രക്തചന്ദനം രക്താസ്സപ്തധ്വജാഃ സപ്തപ്രദീപാഃ സപ്തസ്വ
സ്തികാഃ പക്ഷിമാംസം സുരാ അഗ്രതഃ കൃത്വാ ദക്ഷിണസ്യാം ദി
ശി അപരാഹ്നേ ചതുഷ്പഥേ ബലിർദ്ദാതവ്യഃ। ശിവനിർമ്മാല്യ
ഗുൽഗുലു സർഷപനിംബപത്ര മേഷശൃംഗൈർദ്ദിനത്രയം ധൂപ
യേൽ। ഓം നമോ രാവണായ ബാലസ്യ വ്യാധിം ഹനഹന
മുഞ്ചമുഞ്ച ഗ്രാസയ ഗ്രാസയ സ്വാഹാ। ചതുർത്ഥേ ദിവസേ
ബ്രാഹ്മണാൻ ഭോജയേൽ। തതസ്സമ്പദ്യതേ സുഖം॥ (ബ)

വ്യാ:—മൂന്നാമത്തെ ദിവസത്തിലോ മാസത്തിലോ വൎഷത്തിലോ പൂതന എന്നു പേരായ മാതൃഗ്രഹം ബാലനെ ഗ്രഹിക്കും. അതു ഗ്രഹിച്ചാൽ ഒന്നാമതായിട്ടു ബാലനു പനിയുണ്ടാകും. ശരീരം ഞെട്ടുക, മുല കുടിക്കാതിരിക്കുക, മുഷ്ടി ചുരുട്ടുക, അധികമായി നിലവിളിക്കുക, മേല്പോട്ടു നോക്കുക എന്നിവയുമുണ്ടാകും. ഈ ദേവതയുടെ ഉപദ്രവം തീൎന്നു സുഖമാകുന്നതിന്നുള്ള ബലിയെപ്പറയാം. നദിയുടെ ഇരുകരകളിലുമുള്ള മണ്ണെടുത്ത് അതുകൊണ്ടു പ്രതിമയുണ്ടാക്കി ചന്ദനം, വെററില, ചുവന്ന പൂവ്, രക്തചന്ദനം, രക്തവൎണ്ണമായ എഴു കൊടികളും, ഏഴു വിളക്കുകളും, ഏഴു സ്വസ്തികങ്ങളും, പക്ഷിമാംസം, മദ്യം, പായസം, എന്നിവ തെക്കുദിക്കിൽ നാലും കൂടുന്ന പെരുവഴിയിൽ മദ്ധ്യാഹ്നത്തിന്നു ശേഷം ബലിയായി നൽകണം. ശിവനിൎമ്മാല്യം, ഗുൽഗുലു, കടുക്, വെപ്പില, ആട്ടുതൊടാപ്പാല എന്നിവകൊണ്ടു മൂന്നു ദിവസം ധൂപവും ചെയ്യണം. ബലിമന്ത്രം "ഓം നമോ രാവണായ" ഇത്യാദിയാകുന്നു. നാലാംദിവസം ബ്രാഹ്മണഭോജനവും ചെയ്യണം. എന്നാൽ സുഖം വരും.

മൂ:—ചതുൎത്ഥേ ദിവസേ മാസി വൎഷേ വാ ഗൃഹ്ണാതി മുഖമുണ്ഡിതികാനാമ മാതൃകാ । തയാ ഗൃഹീതമാത്രസ്യ പ്രഥമം ഭവതി ജ്വരഃ । ഗ്രീവാം നാമയതി ചക്ഷുരുന്മീലയതി സ്തന്യം ന ഗൃഹ്ണാതി രോദിതി സ്വപിതി മുഷ്ടിം ബധ്നാതി । ബലിം തസ്യാഃ പ്രവക്ഷ്യാമി യേന സമ്പദ്യതേ ശുഭം । നദ്യുഭയകൂലമൃത്തികാം ഗൃഹീത്വാ പുത്തലികാം കൃത്വാ ഉൽപലപുഷ്പം ഗന്ധം താംബൂലം ദശ ശുക്ലധ്വജാഃ ചത്വാരഃ പ്രദീപാഃ ത്രയോദശ സ്വസ്തികാഃ മത്സ്യം മാംസം സുരാമഗ്രഭക്തഞ്ച ഉത്തരസ്യാം ദിശി ചതുഷ്പഥേ അപരാഹ്ണേ ബലിൎദ്ദാതവ്യഃ । ഓം നമോ രാവണായ അമുകസ്യ വ്യാധിം ഹനഹന മുഞ്ചമുഞ്ച സ്വാഹാ । ചതുൎത്ഥേ ദിവസേ ബ്രാഹ്മണാൻ ഭോജയേൽ । തേന സമ്പദ്യതേ ശുഭം. (൪)

വ്യാ:—നാലാമത്തെ ദിവസത്തിലൊ മാസത്തിലൊ വ
ൎഷത്തിലൊ മുഖമുണ്ഡികിക എന്ന മാതൃഗ്രഹം ബാലനെ ഗ്ര
ഹിക്കും. അതു ബാധിച്ചാൽ ഒന്നാമതു പനിയുണ്ടാകും. ക
ഴുത്ത് ഒടിക്കുക, കണ്ണു തുറിക്കുക, മുല കുടിക്കാതിരിക്കുക, കര
യുക, ഉറങ്ങുക, മുഷ്ടി ബന്ധിക്കുക എന്നിവയും ചെയ്യും. ഈ
ബാധയൊഴിഞ്ഞു സുഖം വരുവാനുള്ള ബലിയെപ്പറയാം.
നദിയുടെ ഇരുകരകളിലുമുള്ള മണ്ണുകൊണ്ടു പ്രതിമയുണ്ടാക്കി
ചെങ്ങഴിനീർപ്പൂവ്, ചന്ദനം, വെററില, വെളുത്ത ഏഴു കൊ
ടികളും, നാലു വിളക്കുകളും, പതിമൂന്നു സ്വസ്തികങ്ങളും, മ
ത്സ്യം, മാംസം, മദ്യം, പായസം എന്നിവ വടക്കെ ദിക്കിൽ നാ
ലും കൂടുന്നവഴിയിൽ അപരാഹ്നത്തിങ്കൽ ബലിയായി നൽ
കണം. "ഓം നമോ രാവണായ" ഇത്യാദി ബലിമന്ത്രം. നാ
ലാംദിവസം ബ്രാഹ്മണരെ ഊട്ടുകയും വേണം. ഇപ്രകാരം
ബലികഴിച്ചാൽ കുട്ടിക്കു സുഖം വരും.

മൂ:—പഞ്ചമേ ദിവസേ മാസി വൎഷേ വാ ഗൃഹ്ണാതി
കടപൂതനാ നാമമാതൃകാ। തയാ ഗൃഹീതമാത്രസ്യ പ്രഥമം
ഭവതി ജ്വരഃ। ഗാത്രമുദ്വേജയതി മുഷ്ടിം ബധ്നാതി സ്തന്യം
ന ഗൃഹ്ണാതി। ബലിം തസ്യാഃ പ്രവക്ഷ്യാമി യേന സമ്പദ്യ
തേ ശുഭം। കാരകോരസ്യ ചക്രമൃത്തികാം ഗൃഹീത്വാ പുത്തലി
കാം കൃത്വാ ഗന്ധാം താംബൂലം ശുക്ലൌദനം ശുക്ലപുഷ്പം പ
ഞ്ചധ്വജാഃ പഞ്ചവടകാ പഞ്ച പ്രദീപാഃ ഐശാന്യാം ദിശി
ബലിർദ്ദാതവ്യഃ। തതശ്ശാന്ത്യുദകേന സ്നാപയേൽ। ശിവനിൎമ്മാല്യ
സൎപ്പനിൎമ്മോക ഗുൽഗുലുനിംബപത്രവാലകഷ്ട്യൈൎദ്ധൂപം ദ
ദ്യാൽ। ഓം നമോ രാവണായ അമുകസ്യവ്യാധിം ചൂൎണ്ണയ
ചൂൎണ്ണയ ഹനഹന സ്വാഹാ। ചതുൎത്ഥേ ദിവസേ ബ്രാഹ്മ
ണാൻ ഭോജയേൽ। തതസ്സംപദ്യതേ ശുഭം. (൫)

വ്യാ:—അഞ്ചാം ദിവസമോ അഞ്ചാം മാസമോ അഞ്ചാം
കൊല്ലമോ കടപൂതന എന്ന മാതൃഗ്രഹം ബാലനെ ബാധി

ക്കും. അതു ബാധിച്ചാൽ ഒന്നാമതു ബാലന്നു പനിയുണ്ടാകും. ദേഹം നടുങ്ങുക, മുഷ്ടി ചുരുട്ടുക, മുല കടിക്കാതിരിക്കുക എന്നിവയുമുണ്ടാകും. അതു മാറി സുഖമാകുവാനുള്ള ബലിയെ പറയാം. കേശവന്റെ ചക്രത്തിന്മേലുള്ള മണ്ണെടുത്ത് പ്രതിമയുണ്ടാക്കി ചന്ദനം, വെററില, വെളുത്ത ചോറ്, വെളുത്ത പുഷ്പം, അഞ്ച് കൊടികൾ, അഞ്ച് വടകങ്ങൾ, അഞ്ച് വിളക്കുകൾ ഇവ ഈശാനകോണിൽ ബലിയായി നൽകണം. എന്നിട്ട് ശാന്തിജലംകൊണ്ട് സ്നാനം ചെയ്യിക്കണം. ശിവനിർമ്മാല്യം, പാമ്പിൻവള, ഗുൽഗുലു, വേപ്പില, ഇരുവേലി, നെയ്യ് ഇവകൊണ്ടു ധൂപവും ചെയ്യണം. "ഓം നമോ രാവണായ" ഇത്യാദി ബലിമന്ത്രം. ബലി നൽകിയതിന്റെ നാലാം ദിവസം ബ്രാഹ്മണഭോജനവും വേണം. എന്നാൽ സുഖമാകും.

ഇതുപോലെ ആറാം ദിവസം മുതൽക്കു പത്താം ദിവസം വരെയുള്ള ദിവസങ്ങളിലും, ആറാം മാസം മുതൽ പത്താം മാസം വരെയുള്ള മാസങ്ങളിലും, ആറാം സംവത്സരം മുതൽ പത്താം സംവത്സരം വരെയുള്ള സംവത്സരങ്ങളിലും ബാലനെ ബാധിക്കുന്നവയായ ചില മാതൃഗ്രഹങ്ങളുണ്ട്. അവയെക്കുറിച്ചുള്ള വിവരങ്ങൾ മാന്ത്രികശാസ്ത്രത്തിൽനിന്നറിയേണ്ടതാണ്.

ഇതി പുത്രകാമീയേ ബാലഗ്രഹാധികാരഃ
ഷഷ്ഠഖണ്ഡസ്സമാപ്തഃ.